# ജീവദീപ്തി

jeevadeepthi@gmail.com

May 2022 Book 05 Volume 12



# അവധിക്കാലം

ഫാ. ജെൻസൺ ലിവേര

അവധിക്കാലം എന്നും എല്ലാവർക്കും ആഹ്ലാദാരവങ്ങളുടെ കാലമാണ്. പഠനത്തിന്റെ മുഷിപ്പിൽ നിന്നും ജീവിതത്തിന്റെ തിരക്കിൽനിന്നുമുള്ള ഒരു മോചനമാണ് അവധിക്കാലങ്ങൾ. ഊർജ്ജം വീണ്ടെടുക്കുവാനും പുതിയ അധ്യയന/ഉദ്യോഗ വർഷത്തിലേക്ക് മനസ്സൊരു ക്കുവാനും നല്ല അവധിക്കാലങ്ങൾ അത്യന്താപേക്ഷിതമാണ്.
ജീവിതത്തിന്റെ മധ്യവയസ്സിലെത്തി നിൽക്കുമ്പോൾ പഴയ കാലത്തെ അവധി ആഘോഷങ്ങൾ എന്നും തലമുറകൾക്കിടയിലെ വലിയ വിടവുകൾ വെളിപ്പെടുത്തുന്ന വയായിരിക്കും. പുതുതലമുറയുടെ സൈബർ അവധിക്കാലത്തെപ്പറ്റി അധികമായി ആകുലപ്പെടുന്ന മാതാപിതാക്കളാണധികവും. അവരുടെ മുമ്പിൽ തങ്ങളുടെ കുട്ടിക്കാലത്തെ അവധിക്കാല ങ്ങളുടെ വർണശബളിമ വിളമ്പി സംതൃപ്തിയടയുന്നവരാണ് അധികവും.കൊയ്ത്തു കഴിഞ്ഞ പാടത്തെ കളിപന്തും, കുട്ടീംകോലും, ഒളിച്ചുകളിയും, പിന്നീട് ക്രിക്കറ്റിനും, കാല്പ്പന്തിനും വഴിമാറിക്കൊടുത്ത കൗമാര ഓർമ്മകൾ പുതിയ തലമുറയെ ബോറടിപ്പിക്കാൻ അത്യാവശ്യം ചേരുവയായി കഴിഞ്ഞിരിക്കും. പിന്നീട് നിങ്ങളുടെ കോലംകെട്ട കാലമാണെന്നൊരു പ്രവചനവും പുതിയ കാലത്തെ ക്രിയാത്മകമാക്കാറുള്ള കുറെ ഉപദേശവും.
നാൽപ്പതുകളുടെ ആദ്യപകുതിയിലെത്തി നിൽക്കുമ്പോൾ എന്തായിരുന്നു എന്റെ അവധിക്കാലം എന്നു ചിന്തിക്കുവാൻ ഇപ്പോൾ കൗതുകം തോന്നുകയാണ്. പരീക്ഷാക്കാലം അവസാനിക്കുന്നതും കാത്തിരി ക്കുന്ന രാപകലുകൾ, വർഷത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന ബന്ധുവീടുകളിലേക്കുള്ള യാത്രകൾ. അത് മിക്കപ്പോഴും അമ്മവീട്ടിലേക്കായിരിക്കും. അതൊക്കെ ഒരിക്കലും അവസാനിക്കരുതെന്ന് കരുതുന്ന നിമിഷങ്ങളായിരുന്നു.
അവധിക്കാലത്ത് ഉടലെടുക്കുന്ന പുതിയ സൗഹൃദങ്ങൾ, പുതിയ പുതിയ ഇൻഡോറും ഔട്ട് ഡോറും കളികൾ, പുതിയ ഋതുഭേദങ്ങൾ എല്ലാം ഗൃഹാതുരത്വത്തിന്റെ രൂപത്തിൽ മിന്നിമറയുമ്പോൾ എങ്ങനെയാണ് പുതിയ തലമുറയുടെ സൈബർ അവധിക്കാലത്തെ പഴിക്കാതിരി ക്കാനാവുക.ജീവിതത്തിൽ മാറ്റങ്ങൾ അനിവാര്യമാണ്. അവയെ അംഗീകരിക്കുകയും അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തു കയുമാണ് വിവേകമുള്ളവർ ചെയ്യേണ്ടത്. എന്റെ തലമുറ അവധിക്കാലം ആസ്വദിച്ചതുപോലെ ഇന്നത്തെ കാലത്തെ കുഞ്ഞുങ്ങളും അവധിക്കാലം ആസ്വദിക്കുന്നു ണ്ടെന്ന് നമ്മൾ മനസ്സിലാക്കിയാൽ മതി. അത് ഒരുപക്ഷേ ഓൺലൈൻ ഫ്ളാറ്റ്ഫോമിലാകാം, മൊബൈൽ ഫോൺ ആപ്പുകളിലൂടെയാകാം. അവരുടെ കളികൾ വ്യത്യസ്തങ്ങളാകാം. അവരുടെ ഭാഷ പുതിയതാകാം. പക്ഷേ നാം മനസ്സിലാക്കേണ്ടത് അവർ അവരുടെ കാലത്തെ അവരുടേതായ രീതിയിൽ എല്ലാ കാര്യങ്ങളും ആസ്വദിക്കുന്നുണ്ടെന്നു തന്നെയാണ്.
രക്ഷിതാക്കളെന്ന നിലയിൽ അവരെ മോണിറ്റർ ചെയ്യുക എന്നതാണ് നമ്മുടെ കടമ. ഓൺലൈൻ ലോകത്തിന്റെ കപടതകളെക്കുറിച്ച് കുട്ടികളോട് തുറന്നു സംസാരിക്കുക. അവരെ വിശ്വാസമില്ലാഞ്ഞിട്ടല്ല എന്നു പറഞ്ഞു മനസ്സിലാക്കുക. അവധിക്കാലം ആഘോഷിക്കു വാനുള്ളതാണെന്നും ആഘോഷങ്ങളുടെ അതിരുകൾ എന്താണെന്നും കുട്ടികളെ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. കൗമാരക്കാർ അവധിക്കാലങ്ങളിൽ കൂട്ടുകാരോടൊത്ത് സിനിമയ്ക്ക് പോകുന്നതും പുതിയ സ്ഥലങ്ങൾ സന്ദർശിക്കുന്നതും പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കുന്നതുമെല്ലാം ഇതിൽ പെടുത്താവുന്നതാണ്. പുതിയ സൗഹൃദങ്ങളിലൊക്കെ പാലിക്കേണ്ട അകലത്തെയും തിരിച്ചറിവുകളെയും പറ്റി വ്യക്തമായ ധാരണകൾ കുട്ടികൾക്കു നൽകിയിരിക്കണം. തുറന്ന ചർച്ചകളും വാദപ്രതിവാദങ്ങളും ഇതിനു നല്ല പോംവഴികളാണ്. കുട്ടികൾക്ക് പറയാനുള്ളത് കേൾക്കുകയാണ് ഏറ്റവും നല്ല വഴി. അവരിലൂടെ മാത്രമേ അവരുടെ കാതുകൾ തുറക്കാനാവൂ.
നമ്മുടെ ആശയങ്ങളെയും പദ്ധതികളെയും പുതിയ സാഹചര്യങ്ങളുമായി ലിങ്ക് ചെയ്യുകയാണ് ഏറ്റവും നല്ല രീതി. ഉദാഹരണത്തിന് കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കാനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ കുട്ടികളെയും കൊണ്ട് ലൈബ്രറിയിൽ പോകുന്നതിനൊപ്പം തന്നെ ഓൺലൈൻ വായനയുടെ സാധ്യതകൾ അവരെ പരിചയപ്പെടുത്താം. ഓൺലൈൻ ഫെയിമുകൾ താൽപ്പര്യമുള്ള കുട്ടികൾക്ക് പ്ലേഗ്രൗണ്ടിലോ, പാർക്കിലോ പോയി കളിക്കുന്നതിന്റെ ഗുണ ഗണങ്ങളെക്കുറിച്ചു പറഞ്ഞു കൊടുക്കുക.
പുതിയ ഹോബികൾ തുടങ്ങുവാനും ഇന്റർനെറ്റിലൂടെ പുതിയ ഭാഷകൾ പഠിക്കുവാനും, ഇഷ്ടമുള്ള പാട്ടുകൾ കേൾക്കുവാനും, നല്ല നല്ല സിനിമകൾ കാണാനുമൊക്കെയായി ഈ അവധിക്കാലം നമുക്ക് ഉപയോഗിക്കാം.

# ജീവദീപ്തി
JEEVADEEPTHI

May 2022 Vol 09 Book 05



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. ആന്റെണി അറക്കൽ

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ് ലിൻ ചക്കാലക്കൽ

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി

ഫാ. ജോസഫ് ഓളിപ്പറമ്പിൽ
ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ
അഡ്വ. ഷെറി ജെ തോമസ്
ശ്രീമതി ജൂലിയറ്റ് ഡാനിയേൽ
ശ്രീ ജോർജ്ജ് പൊറ്റക്കുഴി



ഓഫീസ്

0484-295 1472
jeevadeepthi@gmail.com



04







01


## *അവധിക്കാലം*

*അവധിക്കാലം എന്നും എല്ലാവർക്കും ആഹ്ലാദാരവങ്ങളുടെ കാലമാണ്. പഠനത്തിന്റെ മുഷിപ്പിൽ നിന്നും ജീവിതത്തിന്റെ തിരക്കിൽനിന്നുമുള്ള ഒരു മോചനമാണ് അവധിക്കാലങ്ങൾ. ഊർജ്ജം വീണ്ടെടുക്കുവാനും പുതിയ അധ്യയന/ഉദ്യോഗ വർഷത്തിലേക്ക്*



## മെയ്ദിന സന്ദേശം

2022–ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ



08

## ദൈവവിളി
## പ്രാവും സർപ്പവും

ചെറുപ്പക്കാർ മറ്റാരേക്കാൾ അപകടകാരികളാണെന്ന് സമൂഹത്തിന് ദൃഢമായ ഒരു വിശ്വാസ പ്രമാണമുണ്ട്. എന്നാൽ എന്റെ വിശ്വാസത്തിന്റെ





## പൗരോഹിത്യദർശനം

പുതിയനിയമത്തിന്റെ ഇതളുകളിൽ വിടരുന്ന പൗരോഹിത്യം ഒന്നുമാത്രമേയുള്ളൂ; സനാതനപുരോഹിതനും മഹാപുരോഹിതനുമായ ക്രിസ്തു

10


സമർപ്പിതജീവിതത്തിന്റെ ........ 13
അവധിക്കാലം രസകരമാക്കാം........ 16
കുട്ടികൾ വായിച്ചു വളരട്ടെ........ 17
പത്ത് പുസ്തകങ്ങൾ........ 18
ക്ലാസ്സിക് സിനിമകൾ........ 22
ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ........ 24
അനായാസേന കാര്യങ്ങൾ........ 25
ന്യൂസ് ........ 34
സ്നേഹഭവനം........ 37
സൺഡേ ബ്രേക്ക്ഫാസ്റ്റ് ........ 38
ബൈബിൾ വിചിന്തനം ........ 40

# കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2022

യേശുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

2022-ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ലോകം അതിജീവനത്തിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ട് വർഷക്കാലം ലോകത്തെ യാകമാനം നിശ്ചലമാക്കുകയും ദുരിതത്തിലാക്കുകയും ചെയ്ത മഹാമാരിയുടെ ദിനങ്ങൾക്ക് ഏതാണ്ടൊരു ശമനമുണ്ടായിരിക്കുകയാണ്. ഈ ദുരിതത്തിന്റെ വേദനകൾ ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയവരാണ് അസംഘടിത തൊഴിലാളികൾ. ഈ വർഷത്തെ മെയ്ദിനത്തെ എല്ലാവരും പ്രതീക്ഷയോടെയാണ് വരവേല്ക്കുന്നതെങ്കിലും യുക്രെയിൻ യുദ്ധം പ്രത്യാശയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എത്രയുംവേഗം യുദ്ധം അവസാനിച്ച് ഈ മേഖലയിൽ സമാധാനം പുലരട്ടെയെന്നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.



ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽ നിന്നും ദൈവാലയത്തിൽനിന്നും തിരുക്കർമ്മങ്ങളിൽനിന്നുമൊക്കെ നാളിതുവരെ കേട്ടിട്ടില്ലാത്തവിധം അകന്നു കഴിഞ്ഞിരുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താരയോടും പതുക്കെ പതുക്കെ അടുത്തുവരുന്ന കാലഘട്ടം. ഇങ്ങനെ എല്ലാ മേഖലകളിലുമുള്ള തിരിച്ചുവരവിനു ലോകം മുഴുവൻ ഒരുങ്ങുകയാണ്. ഈ വേളയിൽ 2023-ലെ മെത്രാൻ സിനഡിനായി പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ ആഗോളസഭ ഒന്നാകെ ഒരുങ്ങുകയാണ്.ഈ വർഷത്തെ മെയ്ദിന സന്ദേശത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത് സിനഡിനെ സംബന്ധിച്ചാണ്. ആഗോളസഭയെ ഒരു സിനഡൽ സഭയായി മാറ്റുക എന്നതാണ് മെത്രാൻ സിനഡിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ വഴി ലക്ഷ്യംവയ്ക്കുന്നത്.

തിരുസഭയെ ഒരു തീർത്ഥാടക സമൂഹമായിട്ടാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'സിനഡ്' എന്ന വാക്കിന്റെ മൂലാർത്ഥം ഒരുമിച്ചുള്ള യാത്രയെന്നാണ്. സിനഡൽ സഭയെന്നാൽ മാർപാപ്പയും മെത്രാന്മാരും വൈദികരും സന്ന്യസ്തരും അല്മായരും ഒരുമിച്ച് സഞ്ചരിക്കുന്ന തീർത്ഥാടക സമൂഹം എന്നതാണ്. ദൈവജനം എല്ലാവരും സഹയാത്രികരാണ്.

2021 ഒക്ടോബർ 10-ന് സിനഡിന്റെ ഒരുക്കത്തിന് തുടക്കം കുറിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്. 'സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ ലോകം മുഴുവനുമുള്ള ദൈവജനമേ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.' ഈ വാക്കുകളിലൂടെ സഭയുടെ സർവമേഖലകളിലും വിശുദ്ധീകരണം ആവശ്യമാണെന്നും അതിൽ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിശ്വാസികൾക്കും സജീവ ഭാഗഭാഗിത്വം വഹിക്കാനുണ്ടെന്നുമാണ് പാപ്പ പറയുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡിനായി ഒരുങ്ങുന്ന വേളയിൽ തൊഴിലാളികളെ ഇടവകതലം മുതൽ സിനഡൽ പ്രക്രിയയിൽ ഗൗരവപൂർവ്വം ഉൾച്ചേർക്കേണ്ടതായിരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾച്ചേർക്കാനായി രണ്ട് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങളാണ് സിനഡൊരുക്കവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യ ഘട്ടത്തിൽ എല്ലാവരെയും, വിശിഷ്യാ പല

കാരണങ്ങൾ കൊണ്ടും സഭാപ്രവർത്തന ങ്ങളുടെ മുഖ്യധാരയിൽനിന്നും അകന്നു നില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനെ സംബന്ധിച്ചാണ്. നേരിൽകാണുക (encounter), ശ്രദ്ധാപൂർവ്വം കേൾക്കുക (listen), വിവേചി ച്ചറിയുക (discerment) എന്ന മൂന്ന് തലത്തിലുള്ള പ്രവർത്തന രീതിയാണ് ആദ്യഘട്ടത്തിൽ പ്രായോഗികമാക്കേണ്ടത്.

ഇടവകകളിലെ എല്ലാ തൊഴിലാളികളുടെ പക്കലേക്കും സഭയുടെ അജപാലനത്തിന്റെ കരുതൽ എത്തിച്ചേരണം. തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതസാഹചര്യങ്ങൾ വിശദമായി ഉൾക്കൊള്ളണം. ഇതാണ് മുഖാമുഖം കാണൽ എന്നതുകൊണ്ട് സഭാമാതാവ് ഉദ്ദേശിക്കുന്നത്.

രണ്ടാമത്തേതാണ് അവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കൽ. എല്ലാ വിശ്വാസികളെയും തിരുസഭ കേൾക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തൊഴിലാളി കളെ ഗൗരവത്തോടെ കേൾക്കാൻ നാം തയ്യാറാകണം. തൊഴിലാളി കളുടെ ജീവിതത്തെയും അവരുടെ ദൈനംദിന പ്രശ്നങ്ങ ളെയും കരുണാപൂർവ്വം ശ്രവിക്കണം. സഭയിൽനിന്നും അവർ എന്ത് പ്രതീക്ഷിക്കുന്നു വെന്ന് അറിയണം. അതോടൊപ്പം അവരുടെ അഭിപ്രായത്തിൽ സഭാസംവിധാനങ്ങൾ എങ്ങനെ യാണെന്നും, ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷ എന്താണെന്നും കേൾക്കണം.

ഇതിന്റെ തുടർച്ചയാണ് മൂന്നാമ ത്തെ തലം. കണ്ടുമുട്ടലിലൂടെയും ശ്രവിക്കലിലൂടെയും മനസ്സിലാക്കിയ കാര്യങ്ങൾ വിവേചിച്ചറിയലാണ് അത്. കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ ദൈവാ രൂപിയുടെ നിറവിൽ വിവേചിച്ചറിയലാണത്. ഓരോ ഇടവകയിലും രൂപതാ തലത്തിലും കൂട്ടായ ചർച്ച നടക്കണം. അതുവഴി സിനഡൽ സഭയിൽ തൊഴിലാളികളെ ഉൾച്ചേർക്കാനുള്ള ആശയവും പ്രവർത്തന പദ്ധതിയും രൂപപ്പെടുത്തണം. തുടർന്നാണ് സിനഡൽ സഭയുടെ രൂപപ്പെട ലിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നത്. സഭാസംവിധാനങ്ങൾ തൊഴിലാളിയുടെ കൂടെ സഞ്ചരിക്കാൻ തുടങ്ങണം. സിനഡൽ സഭയെ രൂപപ്പെടു ത്താനായി മുഴുവൻ ദൈവജന ത്തിന്റെയും ഒത്തൊരുമ (communion), പങ്കാളിത്തം (participation), പ്രേഷിതദൗത്യം (mission) എന്നിവയിലധി ഷ്ഠിതമായി സഭാസംവിധാനങ്ങളെ പൂർണ്ണമായും പുനഃക്രമീകരി ക്കാനാണ് പരിശുദ്ധ പിതാവ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

കൂടെ നടന്നുകൊണ്ട് അവരെ ഒത്തൊരുമയിലേക്ക് വളർത്തണം. കൂടെ നടക്കലിന്റെ കരുത്തിനെയും സാദ്ധ്യതകളെയും കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിലെ എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇടവക തലം മുതൽ നടത്തപ്പെടുന്ന സിനഡൊരുക്ക പ്രവർത്തനങ്ങൾ എല്ലാ തൊഴിലാളികൾക്കും എമ്മാവൂസ് അനുഭവമായി മാറണം. അതിന്റെ ആദ്യപടിയായി ഒത്തൊരുമ യ്ക്കായി തൊഴിലാളി കളെ സംഘം ചേർക്കണം. സംഘബോധം ഉളവാക്കണം. തൊഴിലാളികൾ തമ്മിൽ തമ്മിലും സഭാസംവിധാനങ്ങളുമായും ഒന്നുചേർന്നു ചിന്തിക്കാനും, പ്രവർത്തിക്കാനും, ജീവിക്കാനുമുള്ള അവസരം രൂപപ്പെടുത്തണം. ഇതിന്റെ അടുത്തപടിയാണ് പങ്കാളിത്തം. സഭയിലെ സംവിധാനങ്ങളിലും സഭയുടെ വിവിധ ശുശ്രൂഷകളിലും പങ്കാളിത്തം ലഭ്യമാക്കണം. സംഘബോധത്തിലൂടെയും പങ്കാളിത്ത നടപടികളിലൂടെയും പ്രേഷിതാഭിമുഖ്യം തൊഴിലാളികൾക്ക് ലഭിക്കും. അതിനെ തുടർന്ന് യേശുവിന്റെ പ്രേഷിതരായി മാറുകയും ചെയ്യുന്നു.പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്നത് സിനഡൊരുക്കത്തിന്റെ പ്രവർത്തനങ്ങൾ കത്തോലിക്കരിൽ മാത്രം ഒതുക്കരുതെന്നാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതവിശ്വാസികളുമായും മാത്രമല്ല ഈശ്വരനിൽ വിശ്വസി ക്കാത്തവരുമായും സംഭാഷണ ങ്ങൾ നടത്തണമെന്നാണ്. എല്ലാവരുമായും പ്രാദേശിക വും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മാനവരാശിയുടെ സമഗ്ര വികസനത്തിനായി യോജിച്ചു പ്രവർത്തിക്കേതാണ്. അതോടൊപ്പം പരിസ്ഥിതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും കാത്തുസൂക്ഷി ക്കേതുമാണ്. 'ലൗദാത്തേ സി'യിലൂടെയും 'ഫ്രത്തേലി തൂത്തിയി'ലൂടെയും ഇക്കാര്യം വിശദമായി പാപ്പ പഠിപ്പിക്കുന്നു.

സിനഡൽ സഭയുടെ ആവിർഭാവത്തിനായി മുന്നൊരുക്ക രേഖകളിൽ സൂചിപ്പിക്കുന്ന രണ്ടു ഘട്ടങ്ങളിലായി ആറ് തലങ്ങളിൽ പൂർത്തിയാകുന്ന പ്രവർത്തന പരിപാടികൾ തൊഴിലാളികളുടെ മദ്ധ്യേ പ്രയോഗവല്ക്കരിക്കാൻ പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനേക്കാൾ ഉചിതം നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്. സിനഡൽ സഭയുടെ ദർശനം നിലവിലുള്ളതിൽ ഉൾച്ചേർത്താൽ മതിയാകും. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനും വികസനത്തിനുമായിട്ടാണ് കെ.എൽ.എം. പ്രധാനമായും പ്രവർത്തിച്ചുവരുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങളും പ്രവർത്തിച്ചുവരുന്നു. സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് മൂലം സർക്കാരു കളുടെ തൊഴിലാളി ക്ഷേമ പദ്ധതികളുടെ ഗുണഭോക്താ ക്കളാക്കി മാറ്റാൻവേ ഒത്താശകൾ നല്കാൻ കെ.എൽ.എം. നു കഴിയുന്നു. കോവിഡ് കാലത്തും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്താൻ ഈ സംഘടനയ്ക്ക്

കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

കെ.എൽ.എം.ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും ഇടവകകളിലേക്കും എല്ലാ തൊഴിലാളികളിലേക്കും വ്യാപിപ്പിക്കേതാണ്. തൊഴിലാളികളുടെ ഒത്തൊരുമ യോടെയും പങ്കാളിത്തത്തോടെയും സിനഡൽ ഇടവകകളും രൂപതകളും ഉൾപ്പെടുത്താൻ കെ.എൽ.എം. പ്രവർത്തനം വഴി സാധിക്കുന്നതാണ്. അതുവഴി തൊഴിലാളികളെ പ്രേഷിത ചൈതന്യമുള്ളവരായി മാറ്റാൻ സാധിക്കും.

കേരളത്തിലെ രൂപതകളിലെയും സന്യാസസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾക്കുള്ള നയരേഖ (People Management Policy) കെ.സി.ബി.സി. പ്രാബല്യത്തിൽ വരുത്തിയിട്ടു്. തിരുസഭയുടെ സാമൂഹിക പ്രബോധനത്തിലും രാജ്യത്തെ തൊഴിൽ നിയമങ്ങൾക്കനുസൃതമായിട്ടാണ് ഇത് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സിനഡിനൊരുങ്ങുന്ന ഈ വർഷത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സന്ന്യാസസമൂഹങ്ങളിലെയും സ്ഥാപനങ്ങളിൽ ഇത് പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും പ്രസക്തമാണ്. സിനഡൽ സഭയായി തീരാനുള്ള പ്രവർത്തനങ്ങളിൽ ഒരു ചുവടുവയ്പായി ഇതു മാറും. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഒത്താശകൾ കെ.എൽ.എം. നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ ഈ നയരേഖ കെ.സി.ബി.സി. ആസ്ഥാനത്ത് നടപ്പിലാക്കിയെന്നത് മാതൃകാപരവും അഭിനന്ദനാർഹവുമായ കാര്യമാണ്.

പൊതുസമൂഹവുമായുള്ള സംഭാഷണം സിനഡാത്മക സഭയുടെ ഒരു പ്രധാന സവിശേഷതയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായ സുവിശേഷ സാക്ഷ്യത്തിന് അനിവാര്യ ഘടകമാണെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധിപ്പിക്കുന്നത്. തൊഴിലാളികളുടെ ഇടയിലുള്ള ഇടപെടലിന് രാജ്യത്തെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്. കാരണം ഈ സാഹചര്യത്തിലാണല്ലോ തൊഴിലാളികൾ ജീവിക്കുന്നത്.

കോവിഡ്കാലം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ ദുരിതപൂർണ്ണമാണ്. തൊഴിലില്ലാതായി, വരുമാനത്തിൽ വലിയതോതിൽ ഇടിവ് തട്ടി, എന്നാൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും കാര്യമായ സമാശ്വാസ നടപടികൾ ഒന്നുംതന്നെ ഉായില്ലായെന്നതാണ് ഖേദകരം. മറ്റെല്ലാ രാജ്യങ്ങളിലും തന്നെ തൊഴിൽ നഷ്ടപ്പെട്ടവർക്ക് നേരിട്ട് പണം നല്കുകയുായി. സാമ്പത്തിക വിദഗ്ധരും ട്രേഡ് യൂണിയനുകളും ഒക്കെ തൊഴിലാളികൾക്ക് നേരിട്ട് പണം കൊടുക്കണമെന്നാവശ്യം ഉന്നയിച്ചിട്ടും കേന്ദ്രസർക്കാർ അത് പരിഗണിച്ചില്ല. മാത്രമല്ല, അന്യായമായ വിധത്തിൽ ഇന്ധനവില വർദ്ധിപ്പിക്കാനായിരുന്നു ശ്രമിച്ചത്. ഇത് സൃഷ്ടിച്ചുകൊിരിക്കുന്ന വിലക്കയറ്റം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായി മാറിയിരിക്കുകയാണ്.

അതോടൊപ്പം കാർഷിക നിയമങ്ങളിലും തൊഴിൽ നിയമങ്ങളിലും ഭേദഗതികൾ വരുത്തുകയുായി. തൊഴിലാളികൾ ഉൾപ്പെട്ട ബന്ധപ്പെട്ടവരോട് മാത്രമല്ല പാർലമെന്റിൽപോലും ആവശ്യമായ ചർച്ചകൾ നടത്താതെ അനാവശ്യ തിടുക്കത്തിലാണ് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമങ്ങൾ കർഷക-തൊഴിലാളി വിരുദ്ധങ്ങളാണെന്ന ആക്ഷേപം പ്രാരംഭംമുതൽ ഉണ്ടായിരുന്നു. ഏതായാലും, ഒരു വർഷക്കാലം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ സഹനസമരത്തിലൂടെ പുതിയ കർഷകനിയമങ്ങളെ പിൻവലിപ്പിക്കാൻ കർഷകർക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പുതിയ തൊഴിൽ നിയമങ്ങളിലെ തൊഴിലാളി വിരുദ്ധഭാഗങ്ങൾ വേണ്ടത്ര കൂടിയാലോചന നടത്തി ഭേദഗതി ചെയ്തിട്ട് മാത്രം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതാണ് ഉചിതം.

കേരളത്തിൽ കോവിഡ്കാലത്ത് ഭക്ഷ്യക്കിറ്റ് വിതരണത്തിലൂടെയും സമാശ്വാസ ധന വിതരണത്തിലൂടെയും സംസ്ഥാന സർക്കാരിന്റെ പരിമിതികളിൽ നിന്നുകൊണ്ട് നല്ല പ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ അസംഘടിത തൊഴിലാളികളോടുള്ള പരിഗണനയിൽ ഇടിവ് തട്ടിയിട്ടുണ്ടെന്ന ആക്ഷേപം വ്യാപകമാണ്. പല തൊഴിലാളി ക്ഷേമനിധികളുടെയും തനത് ഫണ്ട് സർക്കാർ വായ്പയായി എടുത്തതുമൂലം ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നില്ലായെന്ന പരാതിയുണ്ട്. എല്ലാ വർഷവും അസംഘടിത തൊഴിലാളികൾക്ക് ലഭിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ ഉറപ്പ്, ഈ വർഷം ലംഘിക്കപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് അനുകൂലമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കയറ്റിറക്ക് മേഖലയിലെ നോക്കുകൂലി പോലെയുള്ള ചില തെറ്റായ പ്രവണതകൾക്കെതിരെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളും സർക്കാരും ഒന്നിച്ച് മുന്നോട്ട് പോകുന്നത് നല്ല കാര്യമാണ്. നോക്കുകൂലി എന്ന

അസ്വീകാര്യ സംഗതി കയറ്റിറക്ക് മേഖലയിൽ മാത്രമേ ഉള്ളോ എന്നു പരിശോധിക്കേ ണ്ടതാണ്. അദ്ധ്വാനിക്കാതെ അന്യായമായി പണം ഈടാക്കുന്നത് ഏതു രീതിയിലാണെങ്കിലും അതിനെ നോക്കുകൂലിയുടെ ഗണത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. പൗരന്മാർക്കുള്ള സേവനങ്ങൾ നിവർത്തിച്ചു കൊടുക്കാൻ ചില ഉദ്യോഗസ്ഥന്മാർ വാങ്ങുന്ന കൈക്കൂലി ഒരു തരത്തിൽ നോക്കുകൂലി തന്നെയാണ്. അതുപോലെതന്നെ സ്കാനിങ് ഉൾപ്പെടെയുള്ള വൈദ്യപരിശോധനകൾക്കും മരുന്നുകൾക്കും ഡോക്ടർ മാർക്ക് ലഭിക്കുന്ന കമ്മീഷനുകളും ഈ ഗണത്തിൽതന്നെ ഉൾപ്പെടുന്നു. ജോലിചെയ്യാതെ കൂലി വാങ്ങുന്നതും അനർഹമായത് വളഞ്ഞ മാർഗ്ഗത്തിൽ നേടിയെടുക്കുന്നതും ധാർമ്മികതയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും എതിരാണ്. ഇത്തരം അനാശാസ്യ പ്രവണതകളെ നിയന്ത്രിക്കാനുള്ള സമഗ്രനിയമം രൂപീകരിക്കേണ്ടിയിരി ക്കുന്നു.

തൊഴിലാളി ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ, ചർച്ചാ സമ്മേളനങ്ങൾ നടത്തുന്നത് നല്ലതാണ്.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ 'നസ്രത്തിലെ ആശാരിപ്പുരയിലെ പ്രശാന്തത നിങ്ങളുടെ ജോലിയിടങ്ങളിൽ നിറഞ്ഞുനില്ക്കട്ടെ' എന്നാശംസിക്കുന്നുണ്ട്. പാപ്പാ ഉദ്ദേശിക്കുന്ന 'ആശാരിപ്പുരയിലെ പ്രശാന്തത' യ്ക്കായി എല്ലാ തൊഴിലാളികൾക്കും മികച്ച തൊഴിലവസരങ്ങളും, ന്യായമായ കൂലിയും, സാമൂഹിക സുരക്ഷയും, മതിയായ വിശ്രമവും ലഭ്യമാക്കേണ്ടതാണ്. ഇത് തൊഴിൽ ദാതാക്കളുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം തൊഴിലാളി തന്റെ തൊഴിലിനെയും തൊഴിൽ ദാതാവിനെയും സ്നേഹിക്കുന്നതോടൊപ്പം സത്യസന്ധതയോടെയും ആർജ്ജവത്തോടെയും തൊഴിൽ ചെയ്യേണ്ടതാണെന്നും തൊഴിലാളികളെ ഈ ദിനം ഓർമ്മപ്പെടുത്തുന്നു.

സിനഡൽ സഭയെ രൂപപ്പെടുത്തുന്നതിനായി തൊഴിലാളികൾക്കൊപ്പം നമുക്ക് സഞ്ചരിക്കാം.

.................................................................

*ബിഷപ്പ് അലക്സ് വടക്കുംതല*
(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

*ബിഷപ്പ് മാർ ജോസ് പൊരുന്നേടം*
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

*ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്*
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)


Sister Handmaids of Charity of St. Vincent De Paul

Caritas Christi urget nos

സുവിശേഷാനുസൃതമായി സമൂഹ ജീവിതത്തിലൂടെ ദൈവസ്നേഹത്തെ പ്രതി സേവനം ചെയ്യുവാൻ ആഗ്രഹിക്കുന്ന

**പത്താം ക്ലാസ്, ഹയർ സെക്കണ്ടറി, ഡിഗ്രി ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുഞ്ഞനുജത്തിമാർക്കും ഞങ്ങളുടെ സഭയിലേക്ക് സ്വാഗതം.**



The Vocation Promoter, St. Vincent de Paul Convent, Palarivattom P.O, Kochi- 25
Ph : 97443 49630, 95447 87511 / 0484 - 348055

# ദൈവവിളി
# പ്രാവും സർപ്പവും

ഫാ. ജോനാഥ് കപ്പൂച്ചിൻ



ചെറുപ്പക്കാർ മറ്റാരേക്കാൾ അപകടകാരികളാണെന്ന് സമൂഹത്തിന് ദൃഢമായ ഒരു വിശ്വാസ പ്രമാണമുണ്ട്. എന്നാൽ എന്റെ വിശ്വാസത്തിന്റെ ഓർമ്മയിലേക്ക് മുപ്പത്തിമൂന്നു വയസ്സുള്ള ഒരു ചെറുപ്പക്കാരൻ കടന്നുവരുന്നു - ക്രിസ്തു തന്നെ. സ്നേഹം നിറഞ്ഞ അനുഗ്രഹമായിരുന്നു അവന്റെ യൗവനം. കാരുണ്യ ത്തിന്റെ കൃപയിലും നിർമ്മലതയുടെ നിറവിലും കർമത്തിന്റെ കരുത്തിലും യൗവനത്തെ ചൈതന്യവത്താക്കിയവൻ. അത്യന്തം സരളമായ ഒരു ഉപദേശം അവൻ തന്റെ സ്നേഹിതരായ ചെറുപ്പക്കാർക്ക് കൃത്യത യോടെ കൈമാറുന്നുണ്ട്. വെറും ഒരു ഉപദേശത്തിനപ്പുറം എന്തോ ഒന്ന് ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.

"നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുക.'' (മത്താ. 10.16)

ഈ ആത്മീയ വചനത്തെയാണ് യുവാക്കൾ ധ്യാനിക്കേണ്ടത്. സർപ്പവും പ്രാവും ഭിന്നതയുടെ ഭാവങ്ങളാണ്. പ്രാവ് ആകാശവൃക്ഷശാഖകളിൽ തന്റെ കൂട് സൂക്ഷിക്കുന്നു. പാമ്പ് മണ്ണിലിഴഞ്ഞ് കാലം തീർക്കുന്നു. മണ്ണിന്റെയും ആകാശത്തിന്റെയും സങ്കലനമാണ് യൗവനം. ഭൂമിയുടെ പൂഴിയിൽ ആകാശത്തിന്റെ കാറ്റ് നിശ്വസിച്ചപ്പോഴുണ്ടായ ആദ്യ യുവാവാണ് ആദം.

ചിലർ ഇപ്പോഴും പ്രാവിനെപ്പോലെ ആകാശവിശാലതയിൽ മാത്രം സ്വപ്നം സൂക്ഷിക്കുന്നവർ. വൃദ്ധ മാനസരാണവർ. വാർദ്ധക്യം മരണത്തെ മുന്നിൽ കാണുന്നു. ആത്മീയതയെന്നാൽ പരലോകത്തിനു വേണ്ടിയുള്ള വ്യാകുലതയായി അവർ ഗണിക്കുന്നു. ചുറ്റുമുള്ള അനീതിയേയും ദാരിദ്ര്യത്തേയും ആകുലത കളെയും കഷ്ടത കളെയും നേരിടാൻ താല്പര്യമില്ലാത്ത അലസർ. ഭക്തിയിലും അനുഷ്ഠാനങ്ങളിലും കുഴഞ്ഞുവീണ ജീവിതമാണ വരുടേത്.

മറ്റു ചിലർ സർപ്പം കണക്കെ മണ്ണിൽനിന്നും ഒരു പടിപോലും ഉയരുന്നില്ല. കൗതുകക്കാഴ്ചകളിൽ

സ്വയം മറക്കുന്ന കുട്ടിത്ത മാണവർക്ക്. ലോകത്തിന്റെ അഭിനിവേശങ്ങളിലും തൃഷ്ണകളിലും ഭ്രമകല്പന കളിലും തോന്നലുകളിലും അവർ വശപ്പെട്ടു പോകുന്നു. പ്രണയത്തിന്റേയും ലഹരി യുടേയും രതിയുടേയും അപകടത്തിലേക്കവർ പെട്ടെന്ന് പ്രവേശിക്കുന്നു. ശിശുക്കളുടെ കൗതുകങ്ങൾക്കും വൃദ്ധരുടെ നിരാശകൾക്കും ഇടയിൽ നികത്തേണ്ട വിടവാണ് യൗവനം.

നിഷ്കളങ്കതയുടെ മൂർത്തീഭാവമാണ് പ്രാവ്. ഏറ്റവും വിശേഷപ്പെട്ട വിവേകമുള്ളത് സർപ്പത്തിനും. ഇവ രണ്ടും ഒന്നിച്ചു ചേരാത്തതാണ് യുവാക്കളുടെ പരാജയം. വിവേകം നഷ്ടപ്പെട്ട നിഷ്കളങ്കതയും നിഷ്കളങ്കതയില്ലാത്ത വിവേകവുമാണ് ഈ തലമുറയുടെ തലവിധി. പ്രവൃത്തികളിലെ തിന്മയോ നന്മയോ ഗൗനിക്കാത്തതിനാൽ കുറ്റബോധമായിരിക്കും പ്രായം അവർക്കു നൽകുന്ന ഉചിതമായ ശിക്ഷ. 'യുവാവ് തന്റെ മാർഗം എങ്ങനെ നിർമ്മലമായി സൂക്ഷിക്കാനാണെന്ന്' സങ്കീർത്തകൻ ഖേദിക്കുന്നത് അതുകൊണ്ടാണ്.

നമ്മൾ നമ്മുടെ നിഷ്കളങ്കവിനയംകൊണ്ട് ഒരുപാടു ദൂരം സഞ്ചരിച്ചിട്ടുണ്ട്. ഒരപ്പക്കഷണം കിട്ടാതെ ഒരാൾ മരിച്ചുകൊണ്ടിരിക്കുന്നു. നമ്മളാകട്ടെ, സ്വർഗ്ഗത്തിലെ നിത്യ അപ്പത്തെക്കുറിച്ചു കിനാവ് കാണാൻ പ്രേരിപ്പിക്കുന്നു. ഇത്തരം പ്രാവിന്റെ നിഷ്കളങ്കത ആരെയാണ് സഹായിക്കുക. അനുഭവങ്ങൾ പറയുന്നത് ശാന്തതപോലും ആവശ്യ ത്തിലധികം സ്വീകരിക്കരുതെ ന്നാണ്. അത് ജീവിതത്തെ ഒരു വിഢ്ഢിയുടെ വേഷം കെട്ടിക്കും. ആർക്കും എപ്പോഴും ചൂഷണം ചെയ്യാൻ പറ്റുന്ന തുറന്ന സമീപനമായിരിക്കുമവന്റെ പ്രകൃതം. പരാജയമവർക്കൊരു പതിവാകും. എല്ലാവരുടെയും ആശ്രിതരായി അവർ കാലം കഴിക്കും. അതിബുദ്ധി മാന്മാരുടെ ഈ ലോകത്തിൽ നിഷ്കളങ്കതകൊണ്ട് അധികം പ്രയോജനമില്ല.

അറിവിന്റെ ഉന്മത്തതകൊണ്ടും നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. ഇപ്പോൾ യുവാക്കൾക്ക് ആവശ്യ ത്തിലധികം പരിജ്ഞാന മുള്ളതാണ് കുഴപ്പം. അഹങ്കാരത്തിന്റെ ഉദാസീനത യാണവരുടെ മുഖമുദ്ര. നിഷേധമാണവരുടെ വേദപുസ്തകം. സദാചാരങ്ങളോടു കലഹിക്കുന്ന തിരസ്കാരിയുടെ മനസ്സാണവർക്ക്. ധീരതയെ ഒരു കേമത്തമായവർ പരിഗണിക്കുന്നു. വാക്കുകൾകൊണ്ട് വിവേകത്തിന്റെ സാമ്രാജ്യങ്ങൾ സൃഷ്ടിച്ച നീഷേയും സാർത്രും റസലുമെല്ലാം എന്തേ ഇങ്ങനെയായി പോയത്? ആത്യന്തികമായി അവർ എന്തു നേടി? അവർ മുഖാന്തിരം നമ്മളെന്തു നേടി? 'ഹൃദയത്തിന്റെ പ്രേരണകളെയും കണ്ണിന്റെ അഭിലാഷങ്ങളെയും പിൻചെല്ലുന്നവന്റെ യുവത്വവും ജീവിതത്തിന്റെ പ്രഭാതവും മിഥ്യയാണെന്നു' സഭാപ്രസംഗകൻ കുറ്റപ്പെടുത്തുന്നു. നിങ്ങൾ വിജ്ഞാനത്തിനെ തിരാണെങ്കിൽ നിങ്ങളുടെ വിനയം നിങ്ങൾക്കുതന്നെ ഒരു ബാധ്യതയാണ്. നിങ്ങൾ അമിതമായ ശാന്തതയെ മാത്രം ആശ്രയിക്കുന്നുവെങ്കിൽ നിങ്ങളുടെ അറിവ് വളരെ പെട്ടെന്നു അലങ്കോലപ്പെടും. ബെത്‌ലഹേം പുൽക്കൂട്ടിൽ ഉണ്ണിമിശിഹായെ കണ്ടെത്തിയത് ജ്ഞാനികളും ഇടയരുമാണ്. തികഞ്ഞ വിവേകമാണ് ജ്ഞാനികളുടെ വിശേഷണം. കാപട്യമില്ലാത്ത നിഷ്കളങ്കതയാണ് ആട്ടിടയ ന്മാർക്കുള്ള വർണ്ണന. ഇവ രണ്ടും സമ്മേളിക്കുന്നയിടമാണ് ഈശ്വരസാക്ഷാത്കാരം. തെളിഞ്ഞ വിവേക ത്തോടെ വിനയത്തിന്റെ സ്വച്ഛതയിലേക്കു പ്രവേശിക്കാനാവണം, പുതുതലമുറയ്ക്ക്. പ്രാവിന്റെ ശാന്തതയും സർപ്പത്തിന്റെ വിവേകവും ചേർന്നു രൂപപ്പെട്ട യുവാവാണ് ക്രിസ്തു. വിശന്നപ്പോൾ മനുഷ്യപുത്രൻ അപ്പംകൊണ്ട് മാത്രമല്ല, വചനംകൊണ്ടും ജീവിക്കണമെന്ന് പറഞ്ഞത് അവന്റെ നിഷ്കളങ്കതയാണ്. വചനം കേട്ടു തളർന്ന ജനാവലിക്ക് അപ്പം വർദ്ധിപ്പിച്ച് പങ്കുവച്ചത് അവന്റെ വിവേകവും. മാലാഖമാർ അവൻ പിറന്നപ്പോൾ 'ഭൂമിയുടെ സമാധാന'മെന്ന് വാഴ്ത്തി. ഒരു രക്ഷകനെ രൂപപ്പെടുത്താൻ പ്രാവിന്റെ നൈർമല്യം മാത്രം പോരെന്നവൻ മനസ്സിലാക്കി. മുപ്പതു വർഷങ്ങൾക്കു ശേഷം സ്വയമവൻ പ്രഖ്യാപിച്ചു, 'ഞാൻ ഭൂമിയിൽ അഗ്നിയിടാനാണ് വന്നിരിക്കുന്നതെന്ന്' സമാധാനപ്രാവിന്റെയും ആഗ്നേയസർപ്പത്തിന്റേയും സമ്മേളനമാണവൻ. യൗവനത്തെ വിവേകത്തോടും വിനയത്തോടുംകൂടി കൊണ്ടുനടക്കാൻ നമ്മളിനി യെങ്കിലും പക്വതയാർജ്ജി ക്കേണ്ടിയിരിക്കുന്നു. ദുഃഖപൂർണ്ണമായ ക്രമ ക്കേടുകളായത് പര്യവസാനിക്കരുത്.

നോഹയുടെ പെട്ടകത്തിലേക്ക്, കൊത്തിയെടുത്ത ഒലിവില ചുണ്ടിലൊതുക്കി മടങ്ങിയെത്തിയത് ഒരു പ്രാവാണ്. ഇസ്രായേൽ ജനത്തിന്റെ രക്ഷയ്ക്കായ് മരുഭൂമിയിൽ മോശയുയർത്തിയ പിത്തളരൂപം ഒരു സർപ്പത്തിന്റേതാണ്. പ്രളയമഴയിലും ഊഷരമരുഭൂമിയിലും ദൈവസാന്നിദ്ധ്യമറിയിക്കേണ്ട യുവാവിൽ പ്രാവും സർപ്പവും സമരസപ്പെടണം. ആകാശത്തിന്റെ ചിറകും ഭൂമിയുടെ വേരുമുള്ളവനെക്കുറിച്ച് ഇനി നമുക്ക് സ്വപ്നം കാണാം. 'അവസാനദിവസങ്ങളിൽ ആത്മാവിന്റെ വർഷമുണ്ടാകുമ്പോൾ നിങ്ങളുടെ യുവാക്കൾക്കു ദർശനമുണ്ടാകും,' എന്നു പറഞ്ഞ പ്രവാചകൻ ജോയേലിനെ ഇപ്പോൾ ഞാൻ ഓർമ്മിക്കുന്നു....

# പൗരോഹിത്യദർശനം

ഡോ. ഗ്രിഗറി ആർബി



*ആമുഖം*

പുതിയനിയമത്തിന്റെ ഇതളുകളിൽ വിടരുന്ന പൗരോഹിത്യം ഒന്നുമാത്രമേയുള്ളൂ; സനാതനപുരോഹിതനും മഹാപുരോഹിതനുമായ ക്രിസ്തുനാഥന്റെ പൗരോഹിത്യം. അവിടുന്നുതന്നെയാണ് ദൈവത്തിനും മനുഷ്യനുമിടയിലുള്ള ഏകമദ്ധ്യസ്ഥനും. ശുശ്രൂഷാ പൗരോഹിത്യത്തിന്റെയും ജ്ഞാനസ്നാനം സ്വീകരിച്ചവരുടെയും പൊതുപൗരോഹിത്യത്തിന്റെയും അടിസ്ഥാനവും സ്രോതസ്സും ക്രിസ്തുനാഥന്റെ രക്ഷാകരബലിയാണ്. കാൽവരിമലയുടെ നെറുകയിൽ തന്റെ ജീവൻ യാഗമായി അർപ്പിച്ചുകൊണ്ട് അനുപമമായ അനുസരണത്തിന്റെ അനശ്വരബലിയായി അവിടന്നു തന്നെത്തന്നെ ദൈവപിതാവിനു സമർപ്പിച്ചു. പാപമോചനാർത്ഥം ക്രിസ്തുനാഥനർപ്പിച്ച ഈ പരിഹാരബലി തന്നെയാണ് പൗരോഹിത്യത്തിനാധാരം.

*പൗരോഹിത്യത്തിന്റെ അർത്ഥതലം*

പുരോഹിതൻ എന്നതിന്റെ ഇംഗ്ലീഷ് പദമായ 'Priest' പ്രെസ്ബിറ്ററോസ് എന്ന ഗ്രീക്കുവാക്കിൽനിന്നു രൂപപ്പെട്ടതാണ്. 'മുതിർന്നവർ,' 'കാരണവർ' എന്നിങ്ങനെ ഈ വാക്കിനർത്ഥം പറയാം. പ്രവർത്തനരീതികൾ സൂചിപ്പിക്കുന്ന ഈ പദം ശുശ്രൂഷി എന്നു പരിഭാഷപ്പെടുത്താവുന്ന 'ഡിയാക്കോനിയായും,' ഓവർസീയറെന്നും സൂപ്പർ ഇന്റന്റെന്നും വിവർത്തനം ചെയ്യാവുന്ന 'എപ്പിസ്കോപ്പായി' എന്ന സംജ്ഞയുമായും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. പുരോഹിതൻ എന്നു കാലാന്തരത്തിൽ അറിയപ്പെടാൻ തുടങ്ങിയ പ്രെസ്ബിറ്ററോസ്, പ്രായമുള്ളയാളും അനുഭവസമ്പന്നനും സാമൂഹിക പ്രാധാന്യമുള്ള വ്യക്തിയുമായിരുന്നു. വ്യക്തിയുടെ ഏതെങ്കിലും സ്വഭാവശ്രേഷ്ഠതയോ ഗുണഗണങ്ങളോ മുൻനിറുത്തിയായിരുന്നില്ല ഈ പേരുപയോഗിച്ചുപോന്നത്. നിയതമായ പ്രവർത്തനങ്ങളോ കർമ്മാനുഷ്ഠാനങ്ങളോ പ്രത്യേകമാംവിധം നിർവഹിക്കപ്പെട്ടിരുന്നില്ലെങ്കിലും വീട്ടിലെ കാരണവരെപ്പോലെ പല കുടുംബങ്ങൾ ഒരുമിച്ചു കൂടുമ്പോൾ നേതൃത്വം കൊടുക്കുന്നത് പ്രെസ്ബിറ്ററ്റോസ് ആയിരുന്നു. സമൂഹത്തിന്റെ വിശ്വാസജീവിതത്തെ പക്വതയിലേക്കും ക്രൈസ്തവമൂല്യങ്ങളുടെ വ്യക്തിഗത വളർച്ചയിലേക്കും വളർത്തുന്നതിൽ പുരോഹിതനു വളരെ വലിയ പങ്കുണ്ടായിരുന്നു.

ക്രൈസ്തവ പാരമ്പര്യത്തിൽ മൂന്നു തരത്തിലാണ് പ്രെസ്ബിറ്റർ എന്ന വാക്ക് ഉപയോഗിച്ചു കണ്ടിരിക്കുന്നത്. ഒന്നാമതായി, യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവർ എന്നയർത്ഥത്തിൽ. രണ്ടാമതായി, ജ്ഞാനസ്നാനം സ്വീകരിച്ച വിശ്വാസികളുടെ പൊതു പൗരോഹിത്യം സൂചിപ്പിക്കാൻ. മൂന്നാമതായി,

അഭിഷേകം ചെയ്യപ്പെട്ട പുരോഹിതന്റെ ശുശ്രൂഷാപൗരോഹിത്യത്തെ സൂചിപ്പിക്കാൻ. സമൂഹത്തിൽ ശ്രേഷ്ഠനും ആദരണീയനുമായ വ്യക്തിയായിരുന്നു പ്രെസ്ബിറ്റർ. എന്നിരുന്നാലും, പുരോഹിതൻ എന്ന വാക്ക് പൊതുവേ പുതിയനിയമത്തിൽ ഉപയോഗിച്ചു കാണുന്നില്ല. അതിനു കാരണം യഹൂദ മതത്തിലുണ്ടായിരുന്ന പൗരോഹിത്യാധിപത്യത്തിനെതിരായ മനോഭാവമായിരിക്കാം. എന്നാൽ ആ പൗരോഹിത്യത്തെ നിരാകരിക്കുകയോ അത് ദൈവികപദ്ധതിയുടെ ഭാഗമല്ലെന്നു ചിത്രീകരിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, പുതിയനിയമ പൗരോഹിത്യത്തിന് ക്രിസ്തുവിൽ ഒരു പുതിയ ഭാഷ്യം കൈവരുന്നതായി കാണാം. ബലിയും ബലിയർപ്പണവും തികച്ചും വ്യത്യസ്തമായ രീതിയിൽ നോക്കിക്കാണുന്ന ശൈലി പുതിയനിയമത്തിൽ കടന്നുവരുന്നു. അനുഷ്ഠാനങ്ങളെക്കാളുപരി അജപാലനപരമായ മേല്നോട്ടത്തിനു പ്രാധാന്യം കൊടുക്കുന്ന രീതിയിലാണ് പൗരോഹിത്യത്തെ പൊതുവേ അവിടെ അവതരിപ്പിച്ചിരിക്കുന്നത്.

പഴയനിയമത്തിലെപ്പോലെ ഓരോ ദിവസവും പാപപരിഹാരാർത്ഥം ബലികൾ പുതിയനിയമത്തിൽ അർപ്പിക്കേണ്ടിവരുന്നില്ല. എല്ലാവർക്കുംവേണ്ടി, എല്ലാ കാലത്തേക്കുമായി അർപ്പിക്കപ്പെട്ട ബലിയായി ക്രിസ്തുവിന്റെ ബലിയർപ്പണം നിലകൊള്ളുന്നു. അൾത്താരയിലർപ്പിക്കുന്ന ഓരോ ബലിയും ആ ബലിയുടെ തന്നെ പുനരാവിഷ്കാരവുമായി.

## *അജപാലകനായ പുരോഹിതൻ*

പത്രോസ് ശ്ലീഹാ ഇടയന്റെ ചിത്രമവതരിപ്പിച്ചുകൊണ്ട് അതു വ്യക്തമാക്കുന്നു (1 പത്രോ 5,1-4). അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസാണ് ആദ്യമായി പൗരോഹിത്യക്രമത്തിലെ വിഭജനത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. Episcopate, Persbytoriate, Diaconate എന്നിങ്ങനെയായിരുന്നു അദ്ദേഹം തരംതിരിച്ചത്. നാലാം നൂറ്റാണ്ടായപ്പോഴാണ് ബിഷപ്പിനെയും വൈദികനെയും വേർതിരിച്ചുകൊണ്ടുള്ള നിയതമായ പദങ്ങളും കർമ്മാനുഷ്ഠാനങ്ങളും പ്രബലപ്പെട്ടത്. പുരോഹിതന്റെ അസ്തിത്വം അജപാലനപ്രവർത്തനങ്ങളെക്കാളുപരി അൾത്താരസംബന്ധമായ ആരാധനയും ബലിയർപ്പണവുമായി മാറിയപ്പോൾ ദൈവശാസ്ത്രപരമായി പൗരോഹിത്യ കാഴ്ചപ്പാടു കൂദാശാകേന്ദ്രിതമായി. തിരുപ്പട്ടവും അനുബന്ധശുശ്രൂഷകളും അതിലൂടെ ശക്തമായി. പൗരോഹിത്യസത്ത കൂദാശാനുഷ്ഠാനങ്ങളുമായി താദാത്മ്യപ്പെട്ടു തുടങ്ങിയപ്പോൾ അതനുസരിച്ചുള്ള ദൈവശാസ്ത്ര കാഴ്ചപ്പാടുകളും രൂപപ്പെട്ടു.

അജപാലന ഉത്തരവാദിത്വങ്ങളിൽ കേന്ദ്രീകൃതമായ പൗരോഹിത്യദർശനത്തെക്കാളുപരിയായി, കൗദാശിക അധികാരത്തിൽ കേന്ദ്രീകൃതമായ പൗരോഹിത്യ കാഴ്ചപ്പാടായിരുന്നു മധ്യയുഗകാലങ്ങളിൽ സഭയിൽ കൂടുതലായി പ്രബലപ്പെട്ടു നിന്നത്. ദിവ്യബലിയനുഷ്ഠാനത്തിനു പ്രാധാന്യം കൈവരുകയും അതിനായി ധാരാളം പുരോഹിതന്മാരെ അഭിഷേകം ചെയ്യുകയും ചെയ്തു. പുരോഹിതന്മാർ മറ്റുള്ള ജനങ്ങളിൽനിന്നു തികച്ചും വ്യത്യസ്തരായി കരുതപ്പെട്ടു. പരിശുദ്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പുരോഹിതർ പൂർണമായി മാറ്റിവയ്ക്കപ്പെട്ടയാളായി (a man set apart) മാറി. പൗരോഹിത്യത്തിന്റെ സത്തയും വ്യക്തിത്വവും കൂദാശാകേന്ദ്രീകൃതമായ അധികാരവുമായി ബന്ധപ്പെട്ടതായിത്തീർന്നു. ഹയരാർക്കി സംവിധാനവും കുർബാനയിലെ ദൃശ്യസാന്നിദ്ധ്യവും പൗരോഹിത്യ അധികാരത്തിന്റെ ഭാഗമായി ചിത്രീകരിക്കപ്പെട്ടു. പാപം മോചിപ്പിക്കാനും പിടിക്കാനും ബലിയർപ്പണത്തിൽ അപ്പവും വീഞ്ഞും രൂപാന്തരപ്പെടുത്തി തിരുശരീരരക്തങ്ങളാക്കാനുള്ള അധികാരവും പൗരോഹിത്യത്തിന്റെ സത്താപരമായ സവിശേഷതകളുമായി താദാത്മപ്പെടുത്താൻ തുടങ്ങി.

## *ബലിയർപ്പകനായ പുരോഹിതൻ*

അജപാലകൻ എന്നതിനേക്കാൾ ബലിയർപ്പകൻ എന്ന ചിന്തയിൽ പൗരോഹിത്യം കേന്ദ്രീകൃതമായി. 6-ാം നൂറ്റാണ്ടിന്റെ 'ഹയരാർക്കിയാണ് സഭ' എന്ന നിർവചനവും പുരോഹിതനെ അൾത്താരയും കൂദാശകളുമായി കൂടുതൽ ബന്ധപ്പെടുത്താൻ ഇടയാക്കി.

അനുഷ്ഠാനാധിഷ്ഠിതമായ പൗരോഹിത്യത്തെ പ്രതിരോധിക്കുന്ന രീതിയിലുള്ളതായിരുന്നു ലൂഥറിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട നവോത്ഥാനം. ഹയരാർക്കിക്കൾ സംവിധാനംതന്നെ ചോദ്യം ചെയ്യപ്പെട്ടു. അനുഷ്ഠാനാധിഷ്ഠിതമായ പൗരോഹിത്യത്തെക്കാൾ ശുശ്രൂഷാധിഷ്ഠിതമായ പൗരോഹിത്യത്തിനു പ്രാധാന്യം കൈവന്നു. ഇവിടെ, പ്രത്യേകമായി അഭിഷേകം ചെയ്തു മാറ്റിവയ്ക്കപ്പെട്ടവരല്ല പുരോഹിതരെന്നും സമൂഹം മുഴുവനും പുരോഹിതവംശമാണെന്നുമുള്ള ചിന്ത പ്രബലപ്പെട്ടു.

എന്നാൽ, പൗരോഹിത്യം ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ തുടർച്ചയാണെന്നുള്ള കാഴ്ചപ്പാട് പെന്തക്കോസ്താപാരമ്പര്യം പാടേ അവഗണിച്ചു. അതേസമയം, പൊതുപൗരോഹിത്യം സ്വീകരിച്ച സാധാരണവിശ്വാസികളും പൗരോഹിത്യകൂദാശയിലൂടെ ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ച അഭിഷിക്തരായ പുരോഹിതരും തമ്മിൽ സത്താപരമായ വ്യത്യാസമുണ്ടെന്ന് കത്തോലിക്കാപാരമ്പര്യം ശക്തമായി പഠിപ്പിക്കുകയും ചെയ്തു.

## *പൗരോഹിത്യത്തിന്റെ ഭൗതികവത്കരണം*

കത്തോലിക്കാസഭയിലുണ്ടായ അനുഷ്ഠാന കേന്ദ്രീകൃത കാഴ്ചപ്പാടും പെന്തക്കോസ്താസഭയിലെ ശുശ്രൂഷാകേന്ദ്രീകൃത സാമൂഹിക കാഴ്ചപ്പാടും പൗരോഹിത്യം വെല്ലുവിളി നിറഞ്ഞതാക്കി മാറ്റി. അതുകൂടാതെ പിന്നീടുണ്ടായ സാംസ്കാരിക സെക്കുലർ കാഴ്ച

പ്പാടുകളും പൗരോഹിത്യം കൂടുതൽ കഷ്ടതരമാക്കി. പൗരോഹിത്യത്തിന്റെ ധാർമ്മികശക്തി നഷ്ടമായപ്പോൾ വഴിയും സത്യവും ജീവനുമാണ് യേശുനാഥൻ എന്ന കാഴ്ചപ്പാടിലും വ്യതിയാനമുണ്ടായി. സാമ്പത്തികവളർച്ചയും നിലനില്പും പ്രധാനലക്ഷ്യങ്ങളായി മാറി. മനഃസാക്ഷി സ്വകാര്യവത്കരിക്കപ്പെടുകയും മൂല്യങ്ങൾ ആപേക്ഷികമായി ചിത്രീകരിക്കപ്പെടുകയും ചെയ്തു. മതപരമായ മൂല്യങ്ങൾ സ്വകാര്യജീവിതത്തിന്റെ ഭാഗമായി മാറി. സാമൂഹികവും ഔദ്യോഗികവുമായ മേഖലകളിൽനിന്നും ക്രൈസ്തവമൂല്യങ്ങൾ പറിച്ചുനടപ്പെട്ടു. ഇത് ഒരുതരം ദൈവനിഷേധത്തിലാണ് സമൂഹത്തെ എത്തിച്ചത്. ക്രിസ്തുനാഥന്റെ രക്ഷാകരരഹസ്യങ്ങളിൽനിന്ന് ആളുകൾ അകന്നു. തങ്ങളുടെ പ്രസക്തിയെക്കുറിച്ചു പുരോഹിതർക്കുതന്നെ സംശയമായി. സുവിശേഷത്തിന്റെ ഭാഗമായി രൂപപ്പെട്ട ധാർമ്മികമൂല്യങ്ങളും ജീവിതവീക്ഷണങ്ങളും ദൈവിക പദ്ധതിയുടെ ഭാഗമാണ് എന്നതു മറക്കുകയും പൗരോഹിത്യത്തിന്റെ സ്വരം പൊതുധാരയിൽനിന്ന് ഒറ്റപ്പെടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനം കൂടിയായപ്പോൾ പൗരോഹിത്യത്തിന്റെ ശക്തമായ സ്വാധീനത്തിനു വിള്ളലുണ്ടായി. പൗരോഹിത്യം സമൂഹത്തിൽ ഒറ്റപ്പെടുകയും പലപ്പോഴും അവഹേളനാപാത്രമാവുകയും ചെയ്തു.

രണ്ടാംവത്തിക്കാൻ കൗൺസിൽ വിശുദ്ധിയിലേക്കുള്ള സാർവത്രികവിളിയെക്കുറിച്ചു ഉദ്ബോധിപ്പിച്ചെങ്കിലും ഭൗതികവാദത്തിന്റെ സ്വാധീനം എല്ലാ മേഖലകളെയും അർബുദംപോലെ ബാധിച്ചുകഴിഞ്ഞിരുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിനെ മറന്ന് മറ്റു ലക്ഷ്യങ്ങൾ തേടിയപ്പോൾ പൗരോഹിത്യം പ്രസക്തിയുള്ളതാക്കാൻ വ്യത്യസ്ത സാമൂഹിക പ്രവർത്തനങ്ങളിലൂടെ പൗരോഹിത്യം പ്രസക്തിയുടെ മാർഗങ്ങൾ തേടി. അങ്ങനെ പുരോഹിതർ വെറുമൊരു സാമൂഹികപ്രവർത്തകനായി മാറി. മറ്റു ചിലരാകട്ടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വ്യാപൃതരായി, വേറെചിലർ ആതുരശുശ്രൂഷകരുമായി. ക്രിസ്തുവിനെ മറന്ന് സാമൂഹിക പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചതിലൂടെ ചില സ്ഥലങ്ങളിൽ പൗരോഹിത്യത്തിന്റെ സത്ത വിദ്യാഭ്യാസപ്രവർത്തനമായും ആതുരശുശ്രൂഷയായും സാമൂഹിക പ്രവർത്തനമായും താഴ്ത്തപ്പെട്ടു.

രണ്ടാം വത്തിക്കാൻ കൗൺസിലിലുണ്ടായ പൗരോഹിത്യ ദൈവശാസ്ത്രം കൂടുതലും പ്രൊട്ടസ്റ്റന്റു ദൈവശാസ്ത്രത്തിന്റെ സ്വാധീനത്താലുളവായതായിരുന്നു. എന്നാലും ജ്ഞാനസ്നാനത്തിലൂടെ വിശ്വാസികൾ സ്വീകരിക്കുന്ന പൊതു പൗരോഹിത്യവും പൗരോഹിത്യ കൂദാശയിലൂടെ സ്വീകരിക്കപ്പെടുന്ന ശുശ്രൂഷാപൗരോഹിത്യവും സത്താപരമായി രണ്ടാണെന്നു വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കി. എന്നാൽ, അല്മായർക്കു സഭയിൽ കല്പിച്ചു നല്കിയ പങ്കാളിത്തം സാധാരണ പൗരോഹിത്യത്തെ ഉയർത്തിക്കാട്ടുകയും ചില സ്ഥലങ്ങളിലെങ്കിലും ശുശ്രൂഷാപൗരോഹിത്യത്തെ ശുഷ്കമായി ചിത്രീകരിക്കുകയും ചെയ്തു. പൗരോഹിത്യത്തിലുണ്ടായ അല്മായവത്കരണം ഒരു പരിധിവരെ സഭാജീവിതത്തിൽ പുരോഹിതരുടെ സ്ഥാനം കുറച്ചു കാണിക്കുന്നതിനിടയായി. ഇപ്രകാരമുണ്ടായ പൗരോഹിത്യത്തിന്റെ അല്മായവത്കരണം സഭയിലെ പുരോഹിതരെ 'വെറും സാധാരണ' മനുഷ്യരായി ചിത്രീകരിക്കുന്നതിനിടയാക്കി. സമൂഹത്തിൽ പുരോഹിതർക്കും അല്മായർക്കും അവരവരുടേതായ ദൗത്യം മറക്കാൻ പാടുള്ളതല്ല എന്ന ചിന്തയാണ് സഭയിൽ തുടർന്ന് പൊതുവായി രൂപപ്പെട്ടത്.

ഈ ഒരു പശ്ചാത്തലത്തിലാണ് പൗരോഹിത്യത്തിന്റെ ദൈവശാസ്ത്രപരമായ വീക്ഷണം ബലപ്പെടുത്താൻ ജോൺപോൾ രണ്ടാമൻ പാപ്പാ പരിശ്രമിച്ചത്. 1983-ലെ അപ്പസ്തോലിക പ്രബോധനമായ Sacerdotium Ministeriale ലൂഥറിന്റെ സ്വാധീനത്താൽ പൗരോഹിത്യ ദർശനത്തിൽ ഉണ്ടായ വെല്ലുവിളികൾ അദ്ദേഹം തിരുത്തിക്കുറിച്ചു. പൗരോഹിത്യത്തിന്റെ ജന്മദിനമായ പെസഹാവ്യാഴാഴ്ച വൈദികർക്കു കത്തയയ്ക്കുന്ന സമ്പ്രദായം അദ്ദേഹം ആരംഭിച്ചു. പൗരോഹിത്യം ക്രിസ്തുകേന്ദ്രീകൃതമാണെന്നും അപ്പസ്തോലിക പാരമ്പര്യത്തിന്റെ തുടർച്ചയാണെന്നുമുള്ള കൂദാശപരമായ ജീവിതത്തിലൂടെ സഭാജീവിതത്തിൽ നേതൃത്വം കൊടുക്കുന്നതുമാണെന്നുള്ള ചിന്താഗതികൾ ശക്തമായി തിരിച്ചുകൊണ്ടുവരുന്നതിന് അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യദർശനം നിതരാം വ്യക്തമാകുന്നത് 'പാസ്തോറസ് ദാബോ വൊബിസ്' എന്ന ചാക്രികലേഖനത്തിലൂടെയാണ്.

*ഉപസംഹാരം*

ക്രിസ്തുവിൽ പൗരോഹിത്യം സ്വീകരിക്കുന്നവർ സമൂഹത്തിന്റെ അനുഗ്രഹമായി മാറുന്നു. ക്രിസ്തുവിൽ എല്ലാവരെയും ഒന്നിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ സ്വന്തം ജനമായി അവർ സമൂഹത്തെ നിലനിറുത്തുന്നു. ദൈവജനത്തിന്റെ നേർച്ചകളും കാഴ്ചകളും ബലിയാക്കി മാറ്റി ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഒരു കൂദാശയായി സമൂഹത്തിന്റെ ഹിതത്തെ ദൈവഹിതമാക്കാൻ സമൂഹത്തിന്റെ മുൻപിൽ നില്ക്കുന്നവരാണ് യഥാർത്ഥ പുരോഹിതർ. ക്രിസ്തുവിൽ ഉടമ്പടി ചെയ്ത സമൂഹത്തെ ഉടമ്പടിബന്ധത്തിൽ അരക്കിട്ടുറപ്പിച്ചുകൊണ്ട് രക്ഷയുടെ സമൂഹമായി നിലനിർത്തുവാനാണ് അവൻ ശ്രമിക്കേണ്ടത്. പുരോഹിതശുശ്രൂഷ അതുകൊണ്ടുതന്നെ ഇന്നും എന്നും പ്രസക്തമാണ്. എന്നാൽ പുരോഹിതൻ മറ്റൊരു ക്രിസ്തുവാകാൻ വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രിസ്തുനാഥനുമായുള്ള ബന്ധത്തിൽ ആഴപ്പെടുന്നതനുസരിച്ചാണ് ഈ പൗരോഹിത്യത്തിനർത്ഥവും ആഴവും പ്രസക്തമാകുന്നത്. ക്രിസ്തുനാഥനിൽനിന്നകലുന്തോറും പൗരോഹിത്യം സമൂഹത്തിൽ അസ്വസ്ഥതയുടെ മേഘപടലങ്ങൾ സൃഷ്ടിക്കുകയും വെറുമൊരു സാമൂഹികപ്രവർത്തകനായി പുരോഹിതൻ മാറുകയും ചെയ്യും.



# സമർപ്പിതജീവിതത്തിന്റെ സൗന്ദര്യം

ഫാ. ജൻസൻ പുത്തൻവീട്ടിൽ

നിർവചനങ്ങൾ താളുകളിൽ പകർത്തുമ്പോൾ യുക്തി ഒരു പാത നിർണയിക്കും. അത് ബോധ്യങ്ങളുടെ നിറവിൽ നിന്നുയരുന്ന ഒരു ശൈലിയാണ്. പ്ലാറ്റോണിയൻ ചിന്താഗതിയോ അരിസ്റ്റോട്ടേലിയൻ ശൈലിയോ? മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ ചോദ്യം ഉയരുന്നത് ഇപ്രകാരമായിരിക്കും. അദൃശ്യമായ ശക്തിയിൽ നിന്നാരംഭിച്ച് ദൃശ്യമായവയിലേക്ക് പഠനത്തെ നയിക്കണമോ? ഇല്ലെങ്കിൽ കാണപ്പെട്ടവയിൽനിന്ന് നയിക്കപ്പെട്ട് അത്യുന്നതനിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ശൈലിയോ? സഭയുടെ ചിന്തകൾ ധ്യാനിച്ച് പഠിച്ച് അവയുടെ ഫലങ്ങൾ ലോകമെമ്പാടുമെത്തിക്കുവാൻ പേനയെടുക്കുമ്പോൾ മുന്നിൽ തെളിയുന്ന രണ്ട് ജീവിതങ്ങളുണ്ട്-വിശുദ്ധ അഗസ്റ്റിനും വിശുദ്ധ തോമസ് അക്വീനാസും. ഇരു വ്യക്തികളുടെയും ചിന്തകൾ ചരിക്കുന്ന പാതകൾ വ്യത്യസ്തങ്ങളെങ്കിലും സന്ദേശങ്ങൾ ക്രൈസ്തവന്റെ ഹൃദയത്തിൽ ആഴത്തിൽ പതിക്കുന്നവയാണ്.

സമർപ്പിത ജീവിതത്തിന്റെ ചിന്തകൾ ധ്യാനിച്ച് പ്രാർഥിക്കുമ്പോൾ മനസ്സിൽ ആദ്യം ഉയരുന്ന ചോദ്യം ഈ ജീവിതശൈലിയുടെ യഥാർത്ഥമായ അർത്ഥവും സ്രോതസും എന്താണെന്നുള്ളതാണ്. അർത്ഥം തിരിച്ചറിയുമ്പോൾ സമർപ്പണത്തിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ സാധിക്കും. അർത്ഥത്തിലേക്കും

സ്രോതസ്സിലേക്കും നയിക്കപ്പെടുവാൻ അക്വിനാസ് ശൈലി അവലംബിച്ചാലും ആ പാതയ്ക്ക് ശക്തിയും വെളിച്ചവും പകരുന്നത് സമർപ്പിതരുടെ ജീവിതസാക്ഷ്യങ്ങളാണ് പ്രത്യേകമാംവിധം വിശുദ്ധ അഗസ്റ്റിന്റെ ജീവിതസാക്ഷ്യം.

അമ്മയായ മോനിക്ക പുണ്യവതിയുടെ ശക്തമായ പ്രാർത്ഥനയും കണ്ണീരും അനേകായിരങ്ങൾക്ക് മാതൃകയും പ്രചോദനവുമേകി. വിശുദ്ധ അഗസ്റ്റിന്റെ ജീവിതത്തിൽ മാനസാന്തരമുണ്ടായി. തിന്മയുടെ ഒഴുക്ക് തോൽവി സമ്മതിച്ചപ്പോൾ കൃപയുടെ നീർച്ചാലുകൾ വിജയം കൈവരിച്ചു. ഉൾക്കാഴ്ചകളും ബോധ്യങ്ങളും പകർന്നു നൽകിയ വിശുദ്ധ അംബ്രോസി ന്റെ പ്രസംഗങ്ങളിലുള്ള താൽപര്യം അദ്ദേഹത്തെ നന്മയിലേക്ക് നയിച്ചു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും അഗസ്റ്റിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന് കാരണമായി. ഒരിക്കൽ വിശുദ്ധ അഗസ്റ്റിൻ പൂന്തോട്ടത്തിലിരുന്നു തമ്പുരാനുമായി പ്രാർത്ഥനയിൽ ലയിച്ചിരിക്കുകയായിരുന്നു. ഒരു കുട്ടി ആ നിമിഷം പൂന്തോട്ടത്തി ലിരുന്ന് ഒരു ഗാനം ആലപിച്ചു. ആ ഗാനത്തിന്റെ വരികളി ലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ പതിച്ചു. "എടുത്തു വായിക്കുക നീ, എടുത്തു വായിക്കുക." സംഗീതാലാപനം ദൈവത്തിന്റെ സന്ദേശമായി മാറിയ ധന്യമായ നിമിഷം. വിശുദ്ധിയിൽ ജീവിക്കണമെന്ന് തീവ്രമായി ആഗ്രഹിച്ചപ്പോൾ സ്വർഗം കനിഞ്ഞുനൽകിയ സമ്മാനമായി മാറി ആ കുട്ടിയുടെ ഗാനം. മനസ്സിനെ സ്പർശിച്ച ആ വരികൾ തുറന്നത് കണ്ണുകൾ മാത്രമല്ല ഹൃദയത്തിന്റെ കവാടങ്ങളും കൂടിയാണ്. വിശുദ്ധിയിലേക്കുള്ള ഒരു തുറവി.

വചനത്തെ അറിയുവാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കിയ വിശുദ്ധ അഗസ്റ്റിൻ വിശുദ്ധ ഗ്രന്ഥം മുഴുവനും ഇരുന്ന് ധ്യാനാത്മകതയോടെ വായിച്ചു. ലോകം സൃഷ്ടിച്ച നാഥനെ തിരിച്ചറിഞ്ഞു, അനുഭവിക്കാൻ ആരംഭിച്ചു. അന്നുമുതൽ വിശുദ്ധൻ സമർപ്പിതജീവിതത്തിന്റെ സൗന്ദര്യമെന്തെന്ന് തിരിച്ചറിഞ്ഞു. ആ സൗന്ദര്യം ആഴത്തിലറിഞ്ഞു. ആ സൗന്ദര്യത്തിന് നൽകപ്പെട്ടിട്ടുള്ള മനോഹരനാമം ആനന്ദം എന്നാണ്. ക്രിസ്തുവിനെ ധരിക്കുന്നവൻ ഹൃദയത്തിൽ അനുഭവിക്കുന്ന വികാരമാണ് ആനന്ദം (റോമാ 13:14).

യേശുക്രിസ്തു വസിക്കുന്ന ദേവാലയം പുനർനിർമിക്കണമെന്ന ആഹ്വാനം ഹൃദയത്തിൽ പേറിയപ്പോൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസി കൈക്കൊണ്ട തീരുമാനങ്ങൾ ലോകമൊട്ടാകെ ചലനങ്ങൾ സൃഷ്ടിച്ചു. സകലതും ത്യജിക്കുകയും പാവപ്പെട്ടവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും ചേർന്നു നിൽക്കുകയും ചെയ്ത വിശുദ്ധൻ ജീവിതത്തിൽ അനുഭവിച്ചത് യഥാർത്ഥമായ സമർപ്പിത ജീവിതത്തിന്റെ ആനന്ദമാണ്. ഇന്നിന്റെ ലോകം തിരയുന്നതും ദാഹിക്കുന്നതും ശാശ്വതമായ ഈ ആനന്ദത്തിനുവേണ്ടിയാണ്. ലോകത്തെ ആകർഷിക്കുവാനായി സമർപ്പിതരോട് ആഹ്വാനം ചെയ്ത ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ എത്രയോ മനോഹരം. യേശുവിനെ ധരിക്കുന്നവന് ആനന്ദമുണ്ടാകും -ആനന്ദം സൗന്ദര്യമായി ലോകത്തെ ആകർഷിക്കുകയും ചെയ്യും.

സമർപ്പിതരുടെ വർഷത്തിൽ ഫ്രാൻസിസ് പാപ്പ നൽകിയ ഒരു ലക്ഷ്യം ആനന്ദത്തിലേക്കുള്ള പ്രയാണത്തെ അറിയുവാൻ ശ്രമിക്കുക എന്നതാണ്. യഥാർത്ഥമായതും ശാശ്വതവുമായ ആനന്ദം തിരിച്ചറിയേണ്ടത് ഒരു ക്രൈസ്തവന്റെ കടമയാണ്. ബനഡിക്ട് പതിനാറാമൻ പാപ്പ 'സുവിശേഷത്തിന്റെ ആനന്ദം' (Evangelium Gandium)' പതിനാലാം നമ്പറിൽ എഴുതിയത് ഇപ്രകാരമാണ്. "സഭയുടെ വളർച്ച വേരൂന്നിയിരിക്കുന്നത് സമർപ്പിതജീവിതത്തിന്റെ സൗന്ദര്യമായ ആനന്ദത്തിലാണ്." സമർപ്പിതന് നിരാശയിൽ ജീവിക്കുക അസാധ്യ മാണ്. പ്രത്യാശയാണ് അവനെ വഴിനടത്തുക. ധീരനായ പോരാളിയെപ്പോലെ, തന്റെ കൂടെയുള്ളവൻ അതീവശക്തനാണെന്ന ഉറച്ച ബോധ്യം അവന് കൂടുതൽ ഊർജവും വീര്യവും പകരുന്നു.

ആനന്ദം എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽ CHARA (lmc) എന്നാണ്. CHARIS എന്ന ഗ്രീക്ക് പദം ഇതിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. CHARIS എന്നാൽ കൃപ എന്നർത്ഥം. ആനന്ദം കൃപയാണെന്ന തിരിച്ചറിയലാണ് സമർപ്പണ ജീവിതത്തെ സുന്ദരമാക്കുന്നത്. "അവിടുന്ന് അരുൾച്ചെയ്തു: നിനക്ക് എന്റെ കൃപ മതി" (2 കോറി 12:9). കൃപയുടെ നീർച്ചാലുകൾ വിശുദ്ധ ഗ്രന്ഥത്തിലൂടെ നമ്മിലേക്ക് ഒഴുകണം. വചനം ധ്യാനിക്കുന്നതിലൂടെ സമർപ്പിതന് ലഭ്യമാകുന്ന കൃപയുടെ സാക്ഷ്യങ്ങൾ അനവധിയാണ്.

മറിയത്തിന്റെ സ്തോത്രഗീതം ലത്തീൻ പാരമ്പര്യത്തിൽ 'മാഗ്നിഫിക്കാത്ത്' എന്ന പേരിലും ബൈ സന്റയിൻ പാരമ്പര്യത്തിൽ 'മെഗലിനാരിയോൺ' എന്ന പേരിലും അറിയപ്പെടുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 2619-ാം നമ്പറിൽ രേഖപ്പെടുത്തുന്നു: "മറിയത്തിന്റെ ഗീതം-ദൈവമാതാവിന്റെയും സഭയുടെ ഗീതമാണ്. സീയോൻ പുത്രിയുടെയും പുതിയ ദൈവജനത്തിന്റെയും ഗീതമാണത്. രക്ഷാകര പദ്ധതിയിൽ ചൊരിയപ്പെടുന്ന കൃപാവരങ്ങളുടെ പൂർണിമയ്ക്കായുള്ള കൃതജ്ഞതാപ്രകടനഗീതം, അബ്രാഹത്തിനും അവന്റെ സന്തതികൾക്കുമായി എന്നേക്കും നൽകപ്പെട്ടിട്ടുള്ള വാഗ്ദാനങ്ങളുടെ പൂർത്തീകര ണത്താൽ കൈവരുന്ന പ്രത്യാശ എക്കാലവും പുലർത്തുന്ന 'ദരിദ്രരുടെ ഗീത'മാണത്. മറിയത്തിന്റെ ആനന്ദഗീതമാണത്.

കൃപാവരങ്ങളുടെ നിറവിലായിരുന്ന പരിശുദ്ധ അമ്മയുടെ അഭിവാദനം ആനന്ദമുളവാക്കി. “ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി” (ലൂക്കാ 1:44). വിശുദ്ധ പത്രോസും വിശുദ്ധ പൗലോസും ഇതിനു സാക്ഷ്യം വഹിക്കുന്നു. ഫിലിപ്പിയർക്ക് വിശുദ്ധ പൗലോസ് നൽകിയ പ്രധാനപ്പെട്ട ഉപദേശമിതായിരുന്നു. “നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു. നിങ്ങൾ സന്തോഷിക്കുവിൻ” (ഫിലിപ്പി 4:4). വിശുദ്ധ പത്രോസ് ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്. “അൽപ്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ” (1 പത്രോസ് 1:6) 1996 ൽ വിശുദ്ധനായ ജോൺപോൾ രണ്ടാമൻ പാപ്പ പുറപ്പെടുവിച്ച “സമർപ്പിത ജീവിതം” (Vita Con Secrata) ആരംഭിക്കുന്നത് ഈ സത്യം വിളിച്ചോതിയാണ്. കർത്താവായ യേശുക്രിസ്തുവിൽ ജീവിക്കുന്ന വ്യക്തിക്ക് ഏകസമ്പത്തും ആശ്രയവും കർത്താവാണ്. ഈ അനുഭവം ആനന്ദമാണ്, അതാണ് സമർപ്പിതരുടെ സൗന്ദര്യവും.

ശാശ്വതമായ ആനന്ദത്തിന്റെ ഉറവിടം എവിടെ എന്ന് Vita Consecrata യിൽ ഭംഗിയായി രേഖപ്പെടു ത്തിയിട്ടുണ്ട്. ക്രിസ്തുവിൽ വേരൂന്നിയിരിക്കുന്നതാണ് യഥാർത്ഥമായ ആനന്ദം. അത് പരിശുദ്ധാത്മാവിന്റെ ഫലവും ദൈവരാജ്യത്തിന്റെ ലക്ഷണവുമാണ്. “എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണെന്ന്” (ഫിലിപ്പി 1:21). പൗലോസ്ശ്ലീഹാ സാക്ഷ്യപ്പെടുത്തിയതുപോലെ ഫ്രാൻസിസ് പാപ്പയും ആനന്ദത്തിന്റെ സ്രോതസ്സിനെപ്പറ്റി ഒരിക്കൽ വിവരിക്കുകയുണ്ടായി. പോക്കറ്റിൽ എപ്പോഴും സൂക്ഷിച്ചുവച്ചിരുന്ന ക്രൂശിത രൂപത്തിന്റെ കഥ വിവരിച്ചശേഷം അദ്ദേഹം പറഞ്ഞു: “എനിക്ക് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകു മ്പോൾ എന്റെ കൈകൾ പതിയുന്നത് ആ ക്രൂശിതരൂപത്തിലേക്കാണ്. അവിടെ എനിക്ക് ശക്തി ലഭിക്കും.”

സമർപ്പിതജീവിതത്തിന്റെ ഉറവിടവും ക്രൂശിതനായ ഈശോയാണ്. ആ സത്യം മുറുകെ പിടിക്കുന്നവർക്ക് ലഭിക്കുന്ന സമ്മാനമാണ് ശാശ്വതമായ ആനന്ദം. ആ ആനന്ദമാണ് സമർപ്പിതജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കുക... അനുഭവിക്കുക യഥാർത്ഥമായ ജീവിതത്തിന്റെ സൗന്ദര്യം.





Dominican Sisters of Santa Maria of Rosary, Vaduthala

വി. ഡോമിനിക്കിന്റെ ആത്മീയ ചൈതന്യം ഉൾക്കൊണ്ടു കൊണ്ട്, ഫാദർ. ദിദാക്കോ ബേസ്സി 1895–ൽ ഇറ്റലിയിൽ ആരംഭിച്ച് ഇപ്പോൾ ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലായി പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്ന, ഡോമിനിക്കൻ സന്യാസസഭയിലേക്ക് ദൈവത്തെ സേവിക്കുവാനും യുവത്വത്തിൽത്തന്നെ ദൈവത്തെ നേടുവാനും ആതുര ശുശ്രൂഷ, സ്ത്രീ ശാക്തീകരണം, വിദ്യഭ്യാസ ശുശ്രൂഷ, അജപാലന ശുശ്രൂഷ , ദൈവവചനപ്രഘോഷണം എന്നിവയിലൂടെ ദൈവമക്കൾക്ക് സാന്ത്വനമേകുവാൻ നിങ്ങളെയും സ്വാഗതം ചെയ്യുന്നു




AMALAMBIKA CONVENT, Vaduthala
Boat Jetty Road, Ph.:0484 2435264

# അവധിക്കാലം രസകരമാക്കാം



സ്കൂൾ പഠനകാലം ആരംഭിക്കുന്ന സമയം മുതൽ കുട്ടികൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒന്നാണ് അവധിക്കാലം. സ്കൂൾക്ലാസ്സും, ട്യൂഷനും, ഹോംവർക്കും, പരീക്ഷയുമെല്ലാം ചേർന്നു നൽകുന്ന ഭാരത്തിൽനിന്നും മോചനത്തിനാഗ്രഹിക്കാത്ത കുഞ്ഞുമനസ്സുകളുണ്ടാവില്ല. അവധിക്കാലത്ത് മാത്രമാണ് നിയന്ത്രണങ്ങളില്ലാത്ത ഒരു ജീവിതം കുട്ടികൾക്കു ലഭിക്കുക. പക്ഷേ അവധിക്കാലം കളികളുടെയും നേരംപോക്കുകളുടേയും മാത്രമാകരുത്. മറ്റെന്തെങ്കിലിലും കുഞ്ഞുങ്ങളുടെ മനസ്സിനെ വ്യാപൃതമാക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

വെറുതെ ടി.വി.ക്കും കമ്പ്യൂട്ടർ ഗെയിം കളിച്ചും അവധിക്കാലം കളയരുത്. അതേസമയം അവധിക്കാ ലത്തും ട്യൂഷൻ നൽകരുത്. ഒരു കുഞ്ഞ് അറിഞ്ഞിരിക്കേണ്ട മറ്റനവധി കാര്യങ്ങളുണ്ട്. ഇവയിൽ പരിശീലനം നൽകാനാവണം അവധിക്കാലം ഉപയോഗിക്കേണ്ടത്.

### 1. നീന്തൽ:

കുട്ടികൾ നിർബന്ധമായും നീന്തൽ അറിഞ്ഞിരിക്കണം. നല്ല വ്യായാമം കൂടിയാണ് നീന്തൽ. ഒപ്പം രസകരവും. അവധിക്കാലത്ത് നീന്തൽ പഠിപ്പിക്കാം.

### 2. ചിത്രകലയും കരകൗശലവും:

ചിത്രകലയും കരകൗശലവും അറിഞ്ഞിരിക്കുന്നത് നിങ്ങളുടെ കുഞ്ഞിന്റെ മനസ്സ് വിശാലമാക്കും. കുട്ടികളുടെ മുന്നിൽ ഭാവനയുടെ വാതായനങ്ങൾ തുറക്കുന്നതാണ് ഇവ രണ്ടും. വരയ്ക്കൽ, സ്കെച്ചിംഗ്, പെയിന്റിംഗ്, കടലാസ് ഉപയോഗിച്ചുള്ള കരകൗശലം എന്തുമാകാം.

### 3. നൃത്തം:

നൃത്തത്തോട് അഭിരുചിയുള്ളവരാണ് കുട്ടികളെങ്കിൽ അവധിക്കാലത്ത് നൃത്തപഠനത്തിന് വിടുന്നത് നല്ലതാണ്. അതവരെ ഊർജ്ജസ്വലതയുള്ളവരാക്കും. അച്ചടക്കത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച് ദൃഷ്ടി ബോധമുള്ളവരാക്കുകയും ചെയ്യാം.

### 4. സംഗീതം:

അവധിക്കാലത്ത് കുട്ടികളെ പഠിപ്പിക്കാൻ നല്ല വിനോദോപാധിയാണ് സംഗീതം. പാട്ടുപാടൽ മാത്രമല്ല, സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാൻ പഠിപ്പിക്കാം. സംഗീതത്തിന് മനസ്സിനെ ശാന്തമാക്കുവാനുള്ള കഴിവുണ്ട്. സംഗീതത്തിന്റെ വഴിയേ കുഞ്ഞുങ്ങളെ നയിക്കുന്നത് നല്ലതാണ്. ക്ഷമാശീലം വളർത്തിയെടുക്കാം.

### 5. ക്യാമ്പുകൾ:

ഒരുപക്ഷേ കുടുംബവുമായി ഒന്നിച്ചുള്ള ഒരു യാത്രയാകാം. കുട്ടികളെ നേതൃത്വപരമായ ഗുണങ്ങൾ പഠിപ്പിക്കാൻ പറ്റിയ സമയമാണ്. ക്യാമ്പസുകളിലേക്ക് കുട്ടികളെ അയക്കുന്നത് നല്ലതാണ്. തനിച്ചാവുമ്പോൾ എങ്ങനെ ജീവിക്കാമെന്ന് പഠിക്കുന്നതിനുള്ള അവസരമായിരിക്കും. കുട്ടികൾ എന്തും എളുപ്പത്തിൽ പഠിക്കുന്നവരും നല്ല നിരീക്ഷകരുമാണ്. അവധിക്കാലത്ത് നിങ്ങളെ ജോലിയിൽ സഹായിക്കാൻ ആവശ്യപ്പെടാം. അവർക്കായി ചെറിയ സ്റ്റാളുകൾ തുടങ്ങുക. സ്വന്തം പോക്കറ്റ്മണി അവർതന്നെ കണ്ടെത്തട്ടെ. സ്നേഹം, ജീവിതം ഇതെല്ലാം അവർ പഠിക്കട്ടെ.

# കുട്ടികൾ വായിച്ചു വളരട്ടെ

*വായിച്ചാലും വളരും*
*വായിച്ചില്ലേലും വളരും,*
*വായിച്ചാൽ വിളയും*
*വായിച്ചില്ലേൽ വളയും.*
കുഞ്ഞുണ്ണി മാഷിന്റെ ഈ രണ്ടുവരി കവിത എത്ര അർത്ഥവത്താണെന്ന് ഇന്നത്തെ തലമുറയെ നിരീക്ഷിച്ചാൽ മനസ്സിലാകും.

ലോകം വിരൽത്തുമ്പിലേക്ക് ഒതുങ്ങിയപ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ പുസ്തകങ്ങളിൽനിന്ന് അകന്നു. കേവലം സർട്ടിഫിക്കറ്റുകളിലേക്ക് മാത്രം ഒതുങ്ങുന്ന അക്കാദമിക് പുസ്തകങ്ങളിൽ മാത്രം വായന അവസാനിക്കുന്നു. ലോകം അറിയാതെ പോകുന്നു. യഥാർത്ഥത്തിൽ ഇതൊരു അപകടകരമായ അവസ്ഥയാണ്. ജോലിക്കു പോകുന്ന മാതാപിതാക്കളെ സംബന്ധിച്ച് കുട്ടികളുടെ അവധി ഒരു പേടിസ്വപ്നമാണ്. ലോകമെങ്ങുമുള്ള രക്ഷിതാക്കൾ കുറേക്കാലമായി പറയുന്ന ഒരു പരാതിയുണ്ട്. കുട്ടികൾക്ക് പുസ്തകം വായിക്കാൻ താൽപ്പര്യമില്ല. അഴരുടെ വായനാശീലം കുറയുന്നു. അതുകൊണ്ട് അവരുടെ വിജ്ഞാന നിലവാരം വേണ്ടത്ര ഉയരുന്നില്ല. വായനാശീലം വളർന്നാലേ കുട്ടികളുടെ വിദ്യാഭ്യാസം വിജയിക്കൂ. പക്ഷേ, എങ്ങനെ വായനാശീലം വളർത്താനാകും? അതിന് നമുക്കും ചിലത് ചെയ്യാനാകും.

എല്ലാ രക്ഷിതാക്കളും ഒരു കാര്യം മനസ്സിലാക്കണം. വായനക്ക് പകരം വായന മാത്രമേയുള്ളൂ. കമ്പ്യൂട്ടറും, ഇന്റർനെറ്റും വിജ്ഞാനസമ്പാദനത്തിന് നല്ലതാണ്. പക്ഷേ അതൊന്നും പുസ്തകത്തിന് പകരമല്ലഇത് ശ്രദ്ധിക്കുക

1. വായനാശീലം
ചെറുപ്പത്തിൽതന്നെ കുട്ടികളിൽ വളർത്തുക. കൊച്ചുകുഞ്ഞിന് കളിപ്പാട്ടങ്ങൾ വാങ്ങിക്കൊടുക്കുന്ന പ്രായത്തിൽതന്നെ പുസ്തകങ്ങളും വാങ്ങികൊടുക്കണം.

2. ഒന്നും രണ്ടും വയസ്സുകാർക്ക് വലിയ ബഹുവർണ്ണ ചിത്രങ്ങൾ മാത്രമുള്ള പുസ്തകങ്ങളാണ് നൽകേണ്ടത്. കട്ടിയുള്ള കടലാസിലുള്ളവയായാൽ നല്ലത്.

3.ജന്തുക്കളുടെ ചിത്രങ്ങൾ, പൂക്കളുടെയും പൂമ്പാറ്റകളുടെയും കുഞ്ഞുങ്ങളുടെയും ചിത്രങ്ങൾ തുടങ്ങിയവ ആദ്യം കൊടുക്കാം. ഈ പുസ്തകങ്ങളിലൊന്നും അക്ഷരങ്ങൾ വേണമെന്നില്ല.

4.കുട്ടിയുടെ പ്രായം കൂടുന്നതിനനുസരിച്ച് ചിത്രങ്ങളുടെ അളവ് കുറച്ച് വാചകങ്ങളുടെ ശതമാനം കൂട്ടാം.

5.പുസ്തകം വലിച്ചെറി യരുത്. പുസ്തകത്തെ ചവിട്ടരുത്. അങ്ങനെ പുസ്തകങ്ങളെ ബഹുമാനിക്കുവാൻ കുട്ടികളെ ശീലിപ്പിക്കണം.

6.പുസ്തകം എടുത്ത്, വായിച്ച്, മുതിർന്നവർ രസിക്കുന്നത് കുഞ്ഞുങ്ങൾ നിരന്തരം കാണണം.

7.വായന കഴിഞ്ഞ് പുസ്തകം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കണം. ഇത് പല പ്രാവശ്യം ആവർത്തിക്കുമ്പോൾ കുട്ടി പുസ്തക വായന രസിക്കും. പുസ്തകത്തെ ബഹുമാനിക്കാനും പഠിക്കും. അക്ഷരം പഠിക്കും മുമ്പ് ഇങ്ങനെ പുസ്തകാസ്വാദനം ആരംഭിക്കണം.

8.കുട്ടിയുടെ പുസ്തകങ്ങൾ പ്രത്യേകമായി ഭംഗിയുള്ള സഞ്ചിയിലോ ഷെൽഫിലോ വച്ച് സൂക്ഷിക്കാം. പുസ്തകങ്ങൾ സഞ്ചിയിലോ ഷെൽഫിലോ സൂക്ഷിച്ചു വയ്ക്കുമ്പോൾ അത് പിന്നീട് എടുത്ത് വായിക്കാനും, മറ്റു കൂട്ടുകാരെ കാണിച്ച് അവർക്കും പ്രോത്സാഹനം നൽകാനും സാധിക്കും.

9.മൂന്നും നാലും വയസ്സുകാർക്ക് വൈവിധ്യമുള്ള വിഷയങ്ങളിലുള്ള പുസ്തകങ്ങൾ നൽകണം. വേണ്ടത്ര പുസ്തകങ്ങൾ കിട്ടുന്നില്ലെങ്കിൽ നിങ്ങൾക്കുതന്നെ പുസ്തകങ്ങൾ ഉണ്ടാക്കാം.

10.വായിക്കുന്നതിൽ കുട്ടികളെ എപ്പോഴും പ്രോത്സാഹിപ്പിക്കണം. നല്ല പുസ്തകങ്ങൾ വാങ്ങാനും കഥകൾ വായിച്ചുകൊടുക്കാനും എപ്പോഴും ശ്രദ്ധിക്കണം

11.പറ്റുമെങ്കിൽ ഒരു ലൈബ്രറി സന്ദർശിച്ച് അവരെ കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടുത്തി കൊടുക്കുക. അത്തരത്തിൽ ഒരു പുതിയ അനുഭവം അവരിൽ കൂടുതൽ താൽപര്യം ഉളവാക്കും

12.അടുത്ത തവണ സമ്മാനം വാങ്ങുമ്പോൾ കളിപ്പാട്ടങ്ങൾ വാങ്ങാതെ പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുക.

എന്തിലുമുപരി അവർക്ക് ഒരു നല്ല മാതൃക ആവുക. എപ്പോഴും ഫോൺ നോക്കാതെ, നിങ്ങൾ പുസ്തകങ്ങളുമായി സമയം ചെലവിടുന്നത് അവർ കണ്ടു പഠിച്ചാൽ കുട്ടികളും അങ്ങനെ ശീലിക്കും തീർച്ചയായും ഓരോ വായനയും ഒരു അനുഭവം ആണ്. ഒരു പുതിയ ലോകത്തേയ്ക്ക് അങ്ങനെ അനവധി നല്ല ലോകങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾക്ക് നമുക്ക് കാട്ടിക്കൊടുക്കാം. .

# പത്ത് പുസ്തകങ്ങൾ



### 1. *ബാല്യകാല സ്മരണകൾ (മാധവിക്കുട്ടി)*

മാധവിക്കുട്ടി എഴുതിയ ഓർമ്മ പുസ്തകമാണ് ബാല്യകാലസ്മരണകൾ. പുന്നച്ചാർകുളത്തെ നാലപ്പാട്ടും, കൽക്കത്തയിലെ ലാൻഡൗൺ റോഡിലെ വസതിയും അവിടെ കണ്ടുമുട്ടുന്ന മനുഷ്യരും, അനുഭവങ്ങളും എല്ലാം അവരുടെ സ്മരണകളിലൂടെ കടന്നുപോകുന്നുണ്ട്. സ്നേഹം ചുരത്തുന്ന ശൈശവത്തിലൂടെ ഒഴുകി നടക്കുന്ന കവിത പോലെയാണ് മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകളുടെ അയവിറക്കൽ. ബാല്യത്തിന്റെ കളങ്കമെഴാത്ത ഓർമ്മകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ബാല്യകാല സ്മരണകൾ പരാവർത്തനത്തിന് വഴങ്ങാതെ നിൽക്കുന്ന സാന്ദ്രീകൃത മന്ത്രങ്ങളാണ്. ബാല്യത്തിന്റെ നിരപേക്ഷമായ സൗന്ദര്യം മുഴുവനും ഈ ഓർമ്മക്കുറിപ്പുകളിൽ വിടർന്നു നിൽക്കുന്നുണ്ട്. രസമൂറുന്ന ബാല്യത്തിന്റെ വികൃതിയുടെയും കുസൃതിയുടെയും കഥകൾ ആരെയാണ് ആകർഷിക്കാതിരിക്കുക. മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകൾ മലയാളത്തിന്റെ സർവസൗന്ദര്യമാണ്. ഈ മോഹന സ്മരണകളിലേക്ക് വായനക്കാരൻ പലപ്പോഴും തളച്ചിടപ്പെടുന്നു. നാലപ്പാട്ട് തറവാടിന്റെ കോലായിലും, ഉമ്മറത്തും, തെക്കിനിയിലും, വടക്കിനിയിലുമുള്ള വായനക്കാരും പലപ്പോഴും കയറിയിറങ്ങുന്നു, വേലക്കാർക്കിടയിലും സന്ദർശകർക്കിടയിലും ചർച്ചയാകുന്ന ജാതിയുടെയും തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും കഥകൾ കമലയെന്ന കുട്ടി അന്തംവിട്ടാണ് കേട്ടുനിൽക്കുന്നത്. മനസ്സിലാകാത്ത

ലോകത്തിലേക്കുള്ള കമലയുടെ ചോദ്യങ്ങൾക്ക് പലപ്പോഴും ഉത്തരം കിട്ടാറില്ല. വളർച്ചയുടെ പാതിയിലെങ്ങോ നഷ്ടപ്പെട്ട ബാല്യത്തിന്റെ സ്മൃതിച്ചെപ്പുകൾ ഒന്നൊന്നായി തുറക്കുന്ന മാധവിക്കുട്ടി സ്നേഹത്തിന്റേയും നൈർമല്യത്തിന്റേതുമായ ഒരു ലോകത്തിലേക്ക് നമ്മെ കൈപിടിച്ചാനയിക്കുമ്പോൾ നാം നമ്മുടെതന്നെ ബാല്യം ഒരിക്കൽക്കൂടി അനുഭവിക്കുകയാണ്. ബാല്യത്തിന്റെ നിഷ്കളങ്കതയുടെ സൗന്ദര്യം മുഴുവൻ വിടർത്തി നിൽക്കുന്ന ഒരു പൂങ്കുലയാണ് ഈ സ്മരണകൾ.

### 2. *രണ്ടാമൂഴം (എം.ടി. വാസുദേവൻ നായർ)*

.

എം.ടി. വാസുദേവൻ നായർ രചിച്ച മലയാളത്തിലെ പ്രശസ്തമായ നോവലാണ് രണ്ടാമൂഴം. മഹാഭാരത കഥ ആസ്പദമാക്കി രചിച്ച ഈ നോവലിൽ ഭീമനാണ് കേന്ദ്ര കഥാപാത്രം. അഞ്ചുമക്കളിൽ രണ്ടാമനായ ഭീമന് എല്ലായ്പ്പോഴും രണ്ടാമൂഴമേ ലഭിക്കുന്നുള്ളൂ. 1985-ലെ വയലാൽ അവാർഡ് നേടിയ നോവലാണ് രണ്ടാമൂഴം. മഹാഭാരത കഥ തന്നെയാണ് രണ്ടാമൂഴത്തിന്റെ കഥയും. എങ്കിലും അഃശക്തനും ലളിത ചിന്താഗതിക്കാരനുമായ (ഭീമൻ) എന്ന മനുഷ്യന്റെ ചിന്തകളും വികാരങ്ങളും ഭീമന്റെ നിത്യജീവിതത്തിൽ സംഭവിക്കുന്ന സംഭവങ്ങളും നോവലിൽ ഭീമന്റെ കണ്ണിലൂടെ വിവരിക്കുന്നു. പലപ്പോഴും സഹോദരന്മാരുടെ ചിന്തകൾ ഭീമന് മനസിലാവുന്നില്ല. കാനനകന്യകയായ ഹിഡിംബിയിലാണോ അതോ രാജകുമാരിയായ ദ്രൗപദിയിലാണോ ഭീമന് കൂടുതൽ പ്രണയം എന്ന് വായനക്കാരന് സംശയമുളവാക്കുന്നു. മഹാഭാരതത്തിൽ വളരെ അകലെ കാണപ്പെടുന്ന പല കഥാപാത്രങ്ങളും രണ്ടാമൂഴത്തിൽ വളരെ അടുത്ത് നോക്കിക്കാണുവാൻ കഥാകാരൻ ശ്രമിക്കുന്നു. ഉദാഹരണത്തിന് വിശോകൻ. ഭീമന്റെ സാരഥിയായ വിശോകനെ മഹാഭാരതത്തിൽ വളരെ ചെറുതായിട്ടാണ് കാണിക്കുന്നത്. രണ്ടാമൂഴത്തിൽ കർണ്ണനെ വധിക്കാൻ കിട്ടിയ അവസരത്തിൽ അത് തന്റെ സഹോദരനാണ് എന്ന് പറഞ്ഞ് പിന്തിരിപ്പിക്കുന്നത് വിശോകനാണ്.

1977 നവംബറിൽ മരണം വളരെ സമീപത്തെത്തി പിൻമാറിയ സമയം അവശേഷിച്ച കാലംകൊണ്ട് എങ്ങനെയങ്കിലും എഴുതി തീർക്കണമെന്ന് ആഗ്രഹിച്ച് എഴുതിയ രണ്ടാമൂഴം ഇന്ന് നോവൽ സാഹിത്യത്തിലെ അത്ഭുത കൃതിയാണ്.

### 3. *പാത്തുമ്മയുടെ ആട് (ബഷീർ)*

വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു നോവലാണ് പാത്തുമ്മയുടെ ആട്. നോവലിലെ കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ തന്നെ കുടുംബത്തിലെ അംഗങ്ങളാണ്. തലയോലപ്പറമ്പിലെ അദ്ദേഹത്തിന്റെ കഥ നടക്കുന്നത്. കഥയിലെ ആട്, സഹോദരി പാത്തുമ്മയുടേതാണ്. പെണ്ണുങ്ങളുടെ ബുദ്ധി (സ്ത്രീകളുടെ ഉത്തരം) എന്ന ഒരു ബദൽ ശീർഷകത്തോടെയാണ് ബഷീർ നോവൽ ആരംഭിക്കുന്നത്. 1959-ൽ ആണ് നോവൽ പ്രസിദ്ധീകരിക്കുന്നത്. സ്ത്രീസമൂഹം നേരിടുന്ന ദുരിതത്തിന്റെ ചിത്രങ്ങൾ ഈ നോവലിലൂടെ ആഖ്യാനം ചെയ്യുന്നു.

നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കുംപോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിലെ കഥയുടെ കിടപ്പ്. ബഷീറിന്റെ രണ്ടു സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ്. പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽനിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാ ദിവസവും രാവിലെതന്നെ മകളെയും കൂട്ടി അവർ തറവാട്ടിലെത്തും. അവരുടെ വരവ് ഒരു "സ്റ്റൈലിലാണ്" എന്നാണ് ബഷീർ പറയുന്നത്. പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട്. "എന്റെ ആടു പെറട്ടെ, അപ്പോ കാണാം." പാത്തുമ്മയ്ക്ക് കാര്യമായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിന്റെ വളർച്ചയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന സ്ത്രീയാണവർ.

പാത്തുമ്മ പറഞ്ഞിരുന്നതുപോലെ ഒരിക്കൽ ആടു പെറ്റു. ആട്ടിൻപാൽ വിറ്റുകിട്ടുന്ന പണംകൊണ്ട് വീടിന്റെ വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്നു പാത്തുമ്മ വിചാരിച്ചിരുന്നു. പക്ഷേ തന്റെ കുടുംബക്കാർക്കുവേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമ്മയ്ക്ക് ഉപയോഗിക്കേണ്ടി വന്നു. നോവൽ പൊട്ടിച്ചിരിയാകുന്ന കലയായി മാറുന്നു പാത്തുമ്മയുടെ ആടിൽ.

### 4. *ഖസാക്കിന്റെ ഇതിഹാസം (ഒ.വി. വിജയൻ)*

ഒ.വി. വിജയൻ എന്ന മലയാള സാഹിത്യകാരന്റെ മാസ്റ്റർപീസ് നോവലാണ് ഖസാക്കിന്റെ ഇതിഹാസം. മലയാള നോവൽ സാഹിത്യചരിത്രത്തെ ഖസാക്ക് പൂർവ്വകാലഘട്ടമെന്നും ഖസാക്കാനന്തരകാലഘട്ടമെന്നും നെടുകേ പകുത്ത കൃതിയെന്ന് ഈ നോവൽ വിശേഷിപ്പിക്കപ്പെടുന്നു. ഒ.വി. വിജയന്റെ ആദ്യത്തെ നോവലായ ഖസാക്കിന്റെ ഇതിഹാസം അതിന്റെ ഭാഷാപരവും പ്രമേയപരവുമായ ഔന്നത്യം കൊണ്ട് മലയാളത്തിൽ ഇന്നേവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ശ്രേഷ്ഠമായ കൃതികളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു.

പാലക്കാടൻ ചുരത്തിന്റെ അടിവാരത്തെങ്ങോ ഉള്ള 'ഖസാക്ക്' എന്ന ഗ്രാമമാണ്

നോവലിന്റെ ഭൂമിക. ചുരം കടന്നുവരുന്ന പാലക്കാടൻ കാറ്റ്, ചൂളം കുത്തുന്ന കരിമ്പനകൾ നിറഞ്ഞ് ഖസാക്ക് പരിഷ്കാരം തീരെ ബാധിക്കാത്ത റാവുത്തന്മാരുടെയും തീയൻമാരുടെയും ഗ്രാമമാണ്. ചെതലി മലയുടെ മിന്നാരത്തണലിൽ കണ്ണുംനട്ട് കിടക്കുന്ന, ഷേയ്ക്കിന്റെ കല്ലറയിലും, രാജാവിന്റെ പള്ളിയിലും, അറബിക്കുളത്തിലും, ചോതി കുടിപാർക്കുന്ന പുളിങ്കൊമ്പത്തുമൊക്കെ ചരിത്രങ്ങളും മിത്തുകളും ഒളിപ്പിച്ച പ്രാചീനമായ ആ ഗ്രാമത്തിലേക്ക് സർക്കാരിന്റെ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കുവാനെത്തുന്ന രവിയിൽനിന്ന് കഥ ആരംഭിക്കുന്നു. എന്ന് പറയാമെങ്കിലും ഇത് ലേഖീയമായ ഒരു കഥയല്ല. കുറേ ഉപാധികളിലൂടെ കുറെ മനുഷ്യരുടെ ജീവിതങ്ങളിലൂടെ, ഒരു ഗ്രാമത്തിന്റെ കഥ ചുരുളഴിയുകയാണ് ഈ നോവലിൽ. അതിനൊപ്പം രവിയുടെ നിഗൂഢമായ ജീവിതവഴിത്താരകളും ചിന്താസരണികളും വെളിവാക്കുന്നു.

### 5. *ഒരു ദേശത്തിന്റെ കഥ (എസ്.കെ. പൊറ്റക്കാട്)*

വിശാലമായ ലോകത്തേക്കു തുറന്നിട്ടിരിക്കുന്ന ഒരു വാതായനമാണ് മലയാള വായനാ സമൂഹത്തെ സംബന്ധിച്ചിട ത്തോളം ഒരു ദേശത്തിന്റെ കഥയെന്ന നോവൽ. മലയാള ഭാഷയിലെ മികച്ച അഞ്ചു നോവലുകളെടുത്താൽ അതിലൊന്നായി ഇടംപിടിക്കും എസ്.കെ. പൊറ്റക്കാടിന്റെ ഈ നോവൽ. ശങ്കരൻകുട്ടി പൊറ്റക്കാട് എന്ന എസ്.കെ. പൊറ്റക്കാട് തന്റെ ബാല്യം ചെലവഴിച്ച അതിരണിപ്പാടം എന്ന ദേശത്തിന്റെ കഥയാണിത്. അതിരണിപ്പാടത്തു വേരൂന്നിക്കൊണ്ട് തുടങ്ങുന്ന കഥാവൃക്ഷത്തിന്റെ ശാഖകൾ ആ ദേശത്തിന്റെ അതിരുവിട്ട് ഉത്തരേന്ത്യയിലേക്കും പിന്നെ ആഫ്രിക്കയിലേക്കും യൂറോപ്പിലേക്കും നീണ്ടുപോകുമ്പോൾ വായനക്കാരൻ എത്തിച്ചേരുന്നത് ഇതൊരു ഭൂഖണ്ഡാന്തര കഥപറയുന്ന മലയാളം നോവലാണെന്ന വെളിപാടിലേക്കാണ്.

*സ്നേഹത്തിന്റേയും നൈർമല്യത്തിന്റേ തുമായ ഒരു ലോകത്തിലേക്ക് നമ്മെ കൈപിടിച്ചാനയിക്കു മ്പോൾ നാം നമ്മുടെതന്നെ ബാല്യം ഒരിക്കൽക്കൂടി അനുഭവിക്കുകയാണ്. ബാല്യത്തിന്റെ നിഷ്കളങ്കതയുടെ സൗന്ദര്യം മുഴുവൻ വിടർത്തി നിൽക്കുന്ന ഒരു പൂങ്കുലയാണ് ഈ സ്മരണകൾ.*

കഥാനായകനായ ശ്രീധരന്റെ ജനനം മുതൽക്കുള്ള സംഭവവികാസങ്ങൾ വർണ്ണിച്ചാണ് നോവൽ സമാരംഭിക്കുന്നത്. പിതാവിന്റെ മരണശേഷം നാടുവിടുന്ന ശ്രീധരൻ മുപ്പതു വർഷങ്ങൾക്കുശേഷം തിരിച്ചെത്തുമ്പോൾ മാത്രമാണ് നോവൽ പരിസമാപ്തിയിലേക്ക് എത്തുന്നത്. 1914-നും 18 നുമിടയിൽ നടന്ന ഒന്നാംലോക മഹായുദ്ധത്തിലെ സംഭവപരമ്പരകൾ ശ്രീധരന്റെ പട്ടാളക്കാരനായ ജ്യേഷ്ഠസഹോദരന്റെ വാക്കുകളിലൂടെ ചുരുളഴിയുമ്പോൾ നോവലിന്റെ പ്രതിപാദ്യവിഷയം വിസ്തൃതമാവുന്നത് വായനക്കാർ അതിശയത്തോടെയാണ് അറിയുന്നത്.

1945 മുതൽ ലോകസഞ്ചാരം നടത്തി മലയാളികൾക്കായി ലോകസംസ്ക്കാരങ്ങളുടെ വൈവിധ്യവും മാനവികതയുടെ ഏകതയും വിസ്മയിപ്പിക്കുംവിധം തന്റെ തൂലികയിലൂടെ പകർന്നു നൽകിയ അനശ്വര സാഹിത്യകാരനാണ് പൊറ്റക്കാട്. ഒരു ദേശത്തിന്റെ കഥയ്ക്ക് 1973 ൽ സാഹിത്യ അക്കാദമി അവാർഡും 1980 ൽജ്ഞാനപീഠപുരസ്ക്കാരവും ലഭിച്ചു.

### 6. *ഒരു സങ്കീർത്തനംപോലെ (പെരുമ്പടവം ശ്രീധരൻ)*

പെരുമ്പടവം ശ്രീധരന്റെ ഒരു നോവലാണ് ഒരു സങ്കീർത്തനം പോലെ. വിശ്വപ്രശസ്ത റഷ്യൻ സാഹിത്യകാരനായിരുന്ന ഫിയോദർ ദസ്തയേവ്സ്കിയുടെ ജീവിതത്തിലെ ഒരു ഘട്ടമാണ് പെരുമ്പടവം ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. 1996 ലെ വയലാർ പുരസ്കാരം ഉൾപ്പെടെ 8 പുരസ്കാരങ്ങൾ ഈ കൃതി നേടിയിട്ടുണ്ട്.

ചൂതാട്ടക്കാരൻ എന്ന നോവലിന്റെ രചനയിൽ ഏർപ്പെട്ടിരുന്ന ദസ്തയേവ്സ്കിയുടെ അരികിൽ 'അന്ന' എന്ന യുവതിയെത്തു ന്നതും തന്നെക്കാൾ വളരെ ചെറുപ്പമായ അന്നയോടു തീവ്രപ്രണയം തോന്നു ന്നതും ഒടുവിൽ ഇരുവരും ജീവിത പങ്കാളികളാകുന്നതും അതിനിടയിലുള്ള അന്തർമുഖനായ ദസ്തയേവ് സ്കിയുടെ ആത്മസംഘർഷങ്ങളും ആശങ്കകളുമാണ് ഈ നോവലിന്റെ ഇതിവൃത്തം.

അഴിഞ്ഞാട്ടക്കാരനും അരാജകവാദിയുമായി എല്ലാ എഴുത്തുകാരും വിശേഷിപ്പിച്ചിട്ടുള്ള ദസ്തയേവ് സ്കിയെ "ഹൃദയത്തിനുമേൽ

ദൈവത്തിന്റെ കയ്യൊപ്പുള്ള ആൾ ആയിട്ടാണ് പെരുമ്പടവം ഈ നോവലിലൂടെ അവതരിപ്പിക്കുന്നത്. ബൈബിളിലെ ചില സങ്കീർത്തനങ്ങളിൽ ഉള്ളതുപോലെയുള്ള കുറ്റ ബോധത്തിന്റെ അനുതാപത്തിന്റെയും ഒരു സ്വരം ദസ്തയേവ്സ്കിയുടെ മിക്ക കൃതികളിലും കാണപ്പെടുന്നതു കൊണ്ടാണ് അദ്ദേഹത്തെ മുഖ്യകഥാപാത്രമാക്കി തന്റെ നോവലിനു 'ഒരു സങ്കീർത്തനംപോലെ' എന്ന പേര് പെരുമ്പടവം നൽകിയത്. ശിൽപ്പഘടനയിലും വൈകാരികതയിലും മികച്ചു നിൽക്കുന്ന ഈ കൃതിയെ മലയാളെ നോവലിലെ ഒരു ഏകാന്തവിസ്മയം എന്നാണ് മലയാറ്റൂർ രാമകൃഷ്ണൻ വിശേഷിപ്പിച്ചിരിക്കുന്നത്.

## .7. *മയ്യഴിപുഴയുടെ തീരങ്ങളിൽ (എം. മുകുന്ദൻ)*

ഉത്തരകേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴി പശ്ചാത്തലമാക്കി ആ നാട്ടുകാരനായ എം. മുകുന്ദൻ എഴുതിയ മലയാള നോവലാണ് മയ്യഴി പുഴയുടെ തീരങ്ങളിൽ. 1974 ലാണ് ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത്. അധിനിവേശം രൂപപ്പെടുത്തിയ മയ്യഴിയുടെ രാഷ്ട്രീയ സാമൂഹ്യ ചരിത്രങ്ങളും മനോഭാരങ്ങളും ചിത്രീകരിക്കുന്ന ഈ കൃതിയിൽ ഇന്ത്യൻ യൂണിയനിൽ ചേരുക വഴിയുള്ള മയ്യഴിയുടെ "വിമോചനത്തെ" പിന്തുണച്ചും ഫ്രഞ്ച് ഭരണത്തിന്റെ തുടർച്ചയ്ക്ക് അനുകൂലമായുള്ള നിലപാടുകൾ സമാന്തരമായി പ്രത്യക്ഷപ്പെടുന്നു.

പാമ്പ് കടിയേറ്റു മരിച്ച കേളുവച്ചന്റേയും കുറുമ്പിയമ്മയുടേയും മകനായിരുന്ന ദാമു റൈട്ടരുടെ മകൻ ദാസനാണ് നോവലിലെ മുഖ്യകഥാപാത്രം. മയ്യഴിയുടെ സ്വാതന്ത്ര്യസമരപോരാട്ടത്തിന്റെ കഥയാണ് മയ്യഴിയുടെ തീരങ്ങളിൽ പറയുന്നത്. ജന്മനാടിന്റെ ദൂതകാലത്തിലേക്ക് ഇറങ്ങിച്ചെന്ന മയ്യഴിയുടെ കഥാകാരനായ എം. മുകുന്ദൻ മലയാള സാഹിത്യത്തിന് സമ്മാനിച്ച അമൂല്യനിധി. മലയാളത്തിന്റെ മാസ്റ്റർ പീസുകളിൽ ഒന്നായി വിലയിരുത്തപ്പെടുന്ന ഈ നോവൽ അനുവാചക ഹൃദയങ്ങളിലൂടെ യാത്ര തുടരുകയാണ്.

## 8. *ആടുജീവിതം (ബെന്യാമിൻ)*

ബെന്യാമിൻ എഴുതിയ മലയാളം നോവലാണ് ആടുജീവിതം. വലിയ സ്വപ്നങ്ങളിൽ സൗദി അറേബ്യയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട, മരുഭൂമിയിലെ ഒരു ആടുവളർത്തൽ കേന്ദ്രത്തിലെ ദാരുണസാഹചര്യത്തിൽ വർഷങ്ങളോളം അടിമപ്പണി ചെയ്യേണ്ടി വന്ന നജീബ് എന്ന മലയാളി യുവാവിന്റെ കഥയാണ് ഈ കൃതി. 2009-ൽ കേരളസാഹിത്യ അക്കാദമിയുടെ ഏറ്റവും നല്ല നോവലിനുള്ള പുരസ്ക്കാരം നേടി.

കോളേജിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന നജീബ്, ഒരു സുഹൃത്തിന്റെ ബന്ധുവഴി കിട്ടിയ തൊഴിൽ വിസയിലാണ് സൗദി അറേബ്യയിലേക്ക് പോയത്. കൂടെ അതേ വഴിക്കുതന്നെ വിസ കിട്ടിയ ഹക്കീം എന്ന കൂട്ടുകാരനും ഉണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ അവർ വിമനത്താവളത്തിൽ ആരെയോ അന്വേഷിച്ചു നടക്കുന്നതായി തോന്നിയ ഒരു അറബിയെ കണ്ടുമുട്ടുകയും സ്പോൺസറാണെന്ന് തെറ്റിദ്ധരിച്ച് അയാളുടെ കൂടെ പോകുകയും ചെയ്തു. അവർ എത്തിപ്പെട്ടത് മസ്ര എന്നറിയപ്പെടുന്ന രണ്ടു വ്യത്യസ്ത തോട്ടങ്ങളിലായിരുന്നു.

വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളെയും ഒട്ടകങ്ങളെയും പരിപാലിച്ചുകൊണ്ടുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസ്രയിൽ നജീബിനെ കാത്തിരുന്നത്. ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടെയും സ്വന്തക്കാരുടെയും പേരുകൾ നൽകി അവരുമായി സംവദിച്ചാണ് നജീബ് ആശ്വാസം കണ്ടെത്തിയത്. മധുരമായ ഗദ്യം, അനുഭവതീവ്രമായ പ്രമേയം, മലയാളിത്തം എല്ലാം ഒത്തിണങ്ങിയ നോവലാണ് ആടുജീവിതം.

## 9. *ചിദംബരസ്മരണകൾ (ബാലചന്ദ്രൻ ചുള്ളിക്കാട്)*

ജീവിതം ഒരു മഹാത്ഭുതമാണെന്ന് തോന്നിപ്പിക്കുന്ന ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ജീവിതാനുഭവങ്ങളിൽ നിന്നും അടർത്തിയെടുത്ത 39 അനുഭവ കഥകൾ പങ്കുവയ്ക്കുന്ന പുസ്തകമാണ് ചിദംബരസ്മരണ. പദ്യത്തിൽ മാത്രമല്ല ഗദ്യത്തിലും മികവ് പുലർത്തുന്ന സാഹിത്യകാരൻ തന്നെയാണ് ചുള്ളിക്കാടെന്ന് ഈ പുസ്തകം വായിക്കുന്നതിലൂടെ മനസ്സിലാക്കാം.

ദുഃഖത്തിന്റെ പെരുമഴക്കാലം തന്നെയാണ് ഈ പുസ്തകം സമ്മാനിക്കുന്നതെന്ന് തുടക്കത്തിലെ വ്യക്തമാകുന്നുണ്ട്. (ദുഃഖത്തിന്റെ ചക്രവർത്തിയായി ഞാൻ എന്റെ ജീവിതം വീണ്ടെടുക്കുന്നു) തറവാടും അച്ഛനും അമ്മയും അനിയത്തിയും ബന്ധുക്കളുമെല്ലാം ഇടം പിടിക്കുന്നുണ്ട് ഈ കൃതിയിൽ. ഭാര്യയും മകനും തുടർച്ചയായി കൂടെ ചേരുന്നുണ്ട്. താൻ എഴുത്തുകാരനും കവിയുമാണെന്ന് പറയാൻ മടിച്ച സന്ദർഭവും, കോളേജും, രാഷ്ട്രീയവും പ്രണയവും എല്ലാം വ്യക്തമാക്കുന്നുണ്ട്. ദുഃഖത്തിന്റെ അല്ലലുകൾ താണ്ടി ജീവിതത്തിന്റെ സത്യത്തെ അറിയുന്ന എഴുത്തുകൾ.

# കാണാം 5 ക്ലാസ്സിക് സിനിമകൾ



Schindlers List
*സംവിധാനം : സ്റ്റീവൻ സ്പീൽബെർഗ്*
*റിലീസ് തീയതി :*
*4 ഫെബ്രുവരി 1994* (USA)

1993-ൽ പുറത്തിറങ്ങിയ സ്റ്റീഫൻ സ്പിൽബർഗ് സംവിധാനം ചെയ്ത് ബ്ലാക്ക് ആന്റ് വൈറ്റിൽ പുറത്തിറങ്ങിയ ചിത്രമാണ് ഷിൻഡ്ലേഴ്സ് ലിസ്റ്റ്. സ്റ്റീഫൻ സ്പിൽബർഗിന് തന്റെ സിനിമാ ജീവിതത്തിൽ ആദ്യമായി ഓസ്ക്കാർ അവാർഡ് നേടിക്കൊടുത്ത ചിത്രം. ഷിന്റ്ലേഴ്സ് ആർക്ക് എന്ന  നോവലിനെ ആസ്പദമാക്കിയാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനി പോളണ്ടിനെ ആക്രമിച്ചപ്പോൾ അവിടെയുണ്ടായിരുന്ന ജൂതന്മാരെ കൂട്ടക്കൊല ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അന്നത്തെ നാസിപട്ടാളം. നാസി പാർട്ടി മെമ്പറും ബിസിനസ്മാനുമായ ഓസ്ക്കർ ഷിന്റ്ലർ പോളണ്ടിൽ കമ്പനി ആരംഭിക്കുന്നു. മരണത്തിൽനിന്നും രക്ഷനേടാനായി ജൂതന്മാരായ ആളുകൾ ഷിന്റ്ലറുടെ കമ്പനിയിൽ കൂട്ടത്തോടെ കയറിപ്പറ്റുവാൻ ശ്രമിക്കുന്നു. തുടർന്നു നടക്കുന്ന സംഭവവികാസങ്ങളിലൂടെയാണ് ഷിന്റ്ലേഴ്സ് ലിസ്റ്റ് എന്ന ചിത്രം കൂട്ടികൊണ്ടുപോകുന്നത്. നാസി പട്ടാളത്തിന്റെ ക്രൂരത എത്രത്തോളം ഭീകരമായിരുന്നെന്ന് ഈ ചിത്രം കാണിച്ചുതരുന്നു. ഓസ്ക്കാർ ഷിന്റ്ലർ എന്ന മനുഷ്യൻ മറ്റു നാസികളിൽ നിന്ന് എങ്ങനെയാണ് വ്യത്യസ്തനാകുന്നതെന്ന് ഈ ചിത്രം കണ്ടുതന്നെ മനസ്സിലാക്കുക. നമ്മളെ ഇമോഷനലാക്കുന്ന ധാരാളം സീനുകൾ ഉണ്ട് ചിത്രത്തിൽ. കരയാതിരിക്കാൻ നമ്മൾ നന്നായി പാടുപെടേണ്ടിവരും. ക്ലൈമാക്സ് വളരെ ഹൃദയകാരിയാണ്. സിനിമയിൽ ഓസ്ക്കർ ഷിന്റ്ലറായി അഭിനയിച്ച ലിയാം നീർസന്റെ പ്രകടനം അത്യുജ്ജ്വലമായിരുന്നു. സിനിമ കഴിഞ്ഞാലും പശ്ചാത്തല സംഗീതത്തിന്റെ മാന്ത്രികത നമ്മെ വിട്ടുപോവുകയില്ല. സിനിമ കാലഘട്ടത്തോട് പൂർണ്ണമായും നീതി പുലർത്തുന്നു. മൂന്നു മണിക്കൂറിൽ അതുല്യ ചലച്ചിത്രം അതാണ് ഷിന്റ്ലേഴ്സ് ലിസ്റ്റ്.

Spring, Summer, Fall, Winter and Springs
*സംവിധാനം : (കിംകി ഡുക്ക്)*
*റിലീസ് തീയതി :*
*19 സെപ്തംബർ 2003*
*ഭാഷ : കൊറിയൻ*

ദക്ഷിണ കൊറിയൻ സംവിധായകൻ കിംകി ഡുക്കിൻ അതിപ്രശ

സ്തമായ ചിത്രമാണ് സ്പ്രിംഗ്, സമ്മർ, ഫാൾ, വിന്റർ ആന്റ് സ്പ്രിംഗ്. പേര് സൂചിപ്പിക്കും പോലെ മനുഷ്യന്റെ വളർച്ചാഘട്ടത്തെ വിവിധ കാലാവസ്ഥയോട് സാമ്യപ്പെടുത്തി അഞ്ചു ഭാഗങ്ങളായിട്ടാണ് സിനിമ എടുത്തിരിക്കുന്നത്. ബാല്യം, യൗവ്വനം, കൗമാരം, വാർദ്ധക്യം തുടങ്ങിയ മനുഷ്യന്റെ നാല് അവസ്ഥകളിലൂടെയും സിനിമ കടന്നുപോകുന്നുണ്ട്. ഒരു ബുദ്ധഭിക്ഷുവിന്റെ ജീവിതമാണ് പ്രമേയം. സുന്ദരമായ തടാകത്തിൽ പൊങ്ങിക്കിടക്കുന്ന ബുദ്ധവിഹാരത്തിലാണ് കഥ നടക്കുന്നത്. ഗുരുവും ശിഷ്യനും മാത്രമായ ആശ്രമത്തിൽ ചികിത്സയ്ക്കായി ഒരു പെൺകുട്ടി എത്തുന്നു. അതിനെ തുടർന്ന് ശിഷ്യൻ ആ പെൺകുട്ടിയുമായി പ്രണയത്തിലാകുന്നു. അതോടുകൂടി പ്രധാന കഥാപാത്രത്തിന്റെ ജീവിതത്തിന് താളം തെറ്റുന്നു. രോഗം ഭേദമായി പെൺകുട്ടി ആശ്രമത്തിൽനിന്ന് പോയതിനുശേഷം അവളുടെ പിറകെ ആശ്രമജീവിതം ഉപേക്ഷിച്ച് ശിഷ്യൻ യാത്രയാകുന്നു. കുറച്ചുകാലം കഴിഞ്ഞ് മറ്റൊരു പുരുഷനുമായി ബന്ധം സ്ഥാപിച്ച കഥാനായികയോട് പ്രതികാരം വീട്ടി അയാൾ ഒരു കൊലപാതകം നടത്തുന്നു. പിന്നീട് ശിക്ഷകൾ ഏറ്റുവാങ്ങി ഒരു വിന്ററിൽ തന്റെ ഗുരുവിന്റെ ആശ്രമത്തിൽ തിരിച്ചെത്തി മനോനിയന്ത്രണം വശത്താക്കി ആത്മജ്ഞാനം നേടി ശിഷ്യൻ മറ്റൊരു ഗുരു ആകുന്നു. സെന്റ് ബുദ്ധിസ്റ്റ് സരണിയിലൂടെ ഒരു മനുഷ്യന്റെ ജീവിതം ആത്മീയമായും തത്ത്വചിന്താപരമായും നോക്കി കാണുന്നതാണ് ഈ ചിത്രത്തിന്റെ ഇതിവൃത്തം. പ്രകൃതിയുടെ സൗന്ദര്യം വലിയ അളവിൽ പകർത്തിയെടുത്ത ചിത്രം ഒരു ദൃശ്യവിരുന്നാണ് പ്രേക്ഷകന് സമ്മാനിക്കുന്നത്. ഈ സിനിമ കാണുക. നിങ്ങളുടെ ഹൃദയം വിമലീകരിക്കപ്പെടും.

The Shawshank Redemption
*സംവിധാനം :*
*ഫ്രാങ്ക് ഡാറാബോർഡ്*
*റിലീസ് തീയതി :*
*22 സെപ്തംബർ 1994*

ലോകസിനിമയിലെ ഏറ്റവും മികച്ച സിനിമയാണ് ദി ഷോഷാങ്ക് റിഡംപ്ഷൻ. 1994 ലാണ് ഈ ചിത്രം വെള്ളിത്തിരയിൽ എത്തുന്നത്. ഈ ചിത്രത്തിലെ കഥ ആരംഭിക്കുന്നത് കോടതി മുറിയിൽവച്ചാണ്. കോടതിയിൽ 'ആന്റി' എന്ന കഥാപാത്രത്തിനെ കാണാൻ സാധിക്കും. തന്റെ ഭാര്യയെയും ഭാര്യയുടെ കാമുകനെയും വധിച്ചതിന്റെ പേരിൽ കോടതി ഇയാൾക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ നൽകുന്നു. പിന്നീട് ജയിലിൽ മറ്റൊരു പ്രധാന കഥാപാത്രം 'റെഡ്' ആണ്. ആന്റ് എന്ന കഥാപാത്രം ജയിലിൽ വന്നതിനുശേഷം ജയിലിൽ വരുന്ന മാറ്റമാണ് ചിത്രത്തിന്റെ ഇതിവൃത്തം.

Apocalypto
സംവിധാനം : മെൽഗിബ്സൻ
റിലീസ് തീയതി :
8 ഡിസംബർ 2006 (USA)
ഭാഷ : മായ

മെൽഗിബ്സന്റെ സംവിധാനത്തിൽ 2006 ൽ പുറത്തിറങ്ങിയ ചലച്ചിത്രം ഒരു സിനിമാപ്രേമി തീർച്ചയായും കണ്ടിരിക്കേണ്ട ചലച്ചിത്രം. ഈ ചിത്രത്തിൽ കഥാതന്തു എന്നു പറയുന്നത് മായൻ സംസ്കാരവും അതിനെ ചുറ്റിപ്പറ്റിയുള്ള സംഭവവികാസങ്ങളുമാണ്. ഈ ചിത്രത്തിൽ മായൻ സംസ്ക്കാരത്തെ നന്നായി അവതരിപ്പിക്കുന്നുണ്ട്. മായൻ സംസ്കാരം പരമോന്നതിയിൽ നിൽക്കുമ്പോൾ പലതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുമ്പോൾ മനുഷ്യബലി നടത്തുവാൻ തീരുമാനിച്ചു. അതിനായി കാടുകളിൽ ഗോത്രങ്ങളിൽ കഴിയുന്നവരെ പിടിച്ചുകൊണ്ടുവരുവാൻ തീരുമാനിച്ചു. അങ്ങനെ പിടിക്കപ്പെട്ട ജാഗോർപോയുടെയും ഗോത്രത്തിന്റെയും അതിജീവനത്തിന്റെ കഥയാണിത്. ചിത്രത്തിന്റെ പശ്ചാത്തല സംഗീതം അതിസുന്ദരമാണ്. തീർച്ചയായും കാണുക. നിങ്ങൾക്ക് ഇഷ്ടമാകും.

INTO The Wild
*സംവിധാനം : സീൻഷെൻ*
*റിലീസ് തീയതി :*
*21 സെപ്തംബർ 2007 (USA)*

ജോൺ കോക്കോറിന്റെ Rion-Fictional പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള ഈ ചിത്രം കാണേണ്ടത്. ക്രിസ്റ്റഫർ മാക് ഷാൻഡൽസിന്റെ കോളേജ് ബിരുദത്തിനും 1992 ലെ മരണത്തിനും ഇടയിലുള്ള കഥയാണ് ചിത്രം പറയുന്നത്. പണമെല്ലാം സംഭാവന ചെയ്ത് അമേരിക്കയിൽ യാത്ര ചെയ്യുന്നു. ജീവിതം അവസാനിക്കുന്നതിന് മുൻപ് കണ്ടുമുട്ടുന്ന എല്ലാവരേയും ഇവൻ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ചിലപ്പോൾ ആരുടെയെങ്കിലും ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഈ ചിത്രത്തിന് സാധിച്ചേക്കും. ഈ ചിത്രം ഒരു യഥാർത്ഥ ജീവിതത്തെ അടിസ്ഥാനമാക്കിയാണ് എടുത്തത്. പ്രകൃതിയുടെ മനോഹാരിത പൂർണമായും ഉപയോഗിച്ചിട്ടുണ്ട്. നമ്മളെ ചിന്തിപ്പിക്കുകയും, സന്തോഷിപ്പിക്കുകയും കരയിക്കുകയും ചെയ്യുന്ന ചിത്രമാണിത്. സന്തോഷത്തിന്റെയും ജീവിതത്തിന്റെയും ആശയം നമ്മളിലേക്ക് കഥാപാത്രം നന്നായി വിനിമയം ചെയ്യുന്നുണ്ട്. സൗഹൃദങ്ങളും കുടുംബവും പുതിയ വെളിച്ചത്തിൽ ഇവിടെ അവതരിപ്പിക്കുന്നു. ഉപേക്ഷിക്കപ്പെട്ട ബസിൽ താമസം തുടങ്ങിയതു മുതൽ ചിത്രം ഹൃദയസ്പർശിയായ രംഗങ്ങളിലേക്ക് കടക്കുന്നു. മാജിക് ബസ് എന്നാണ് അവൻ ഈ ബസിനെ വിളിക്കുന്നത്. സന്തോഷം മനുഷ്യബന്ധങ്ങളിൽ നിന്നുമാത്രമാണ് ഉടലെടുക്കുന്നത് എന്നുള്ളത് തെറ്റായ കാഴ്ചപ്പാടാണെന്ന് നായകൻ പറയുന്നു. എന്നാൽ സന്തോഷം സത്യമാവുന്നത് അത് പങ്കുവയ്ക്കുമ്പോഴാണെന്നുള്ളത് മാജിക് ബസിലെ ഏകാന്ത ജീവിതത്തിൽ നിന്നും അയാൾ പഠിക്കുന്നു. ഗോഡ് മൂവികൾ ഇഷ്ടപ്പെടുന്നവർ തീർച്ചയായും ഈ ചിത്രം കാണും.

# ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ 10 നിയമങ്ങൾ

1. നിങ്ങൾ വിജയിക്കുന്നു എന്ന ഒരു ചിത്രം മനസ്സിൽ സങ്കൽപിക്കുക; ഈ ചിത്രം മനസ്സിൽ സ്ഥിരമായി സൂക്ഷിക്കുക. ഒരിക്കലും അതു മാഞ്ഞുപോകുവാൻ അനുവദിക്കാതിരിക്കുക. ഈ ചിത്രം വികസിപ്പിച്ചെടുക്കുവാൻ നിങ്ങളുടെ മനസ്സ് ആഗ്രഹിക്കും. നിങ്ങൾ പരാജയപ്പെടുന്നതായി ഒരിക്കലും ചിന്തിക്കാതിരിക്കുക. 'വിജയം' എന്ന മാനസിക ചിത്രത്തിന്റെ യഥാർത്ഥ്യത്തിൽ ഒരിക്കലും സംശയിക്കാ തിരിക്കുക. ചിത്രീകരിക്കുന്നത് പൂർത്തീകരിക്കുവാൻ മനസ്സ് എപ്പോഴും ആഗ്രഹിക്കുന്നു. അതുകൊണ്ട് എപ്പോഴും വിജയത്തെ ചിത്രീകരിക്കുക, എത്ര മോശമായിട്ടാണ് കാര്യങ്ങൾ ഇപ്പോൾ നീങ്ങുന്നതെങ്കിലും.

2. എപ്പോഴെല്ലാം നിങ്ങളുടെ വ്യക്തിപരമായ കഴിവുകളെപ്പറ്റി നിഷേധാത്മകമായ ചിന്ത നിങ്ങളുടെ മനസ്സിൽ വരുന്നുവോ, അപ്പോഴെല്ലാം അതു തള്ളിക്കളയുവാൻ വസ്തുനിഷ്ഠമായ ഒരു ചിന്ത നിങ്ങളുടെ മനസ്സിൽ നിറയ്ക്കുക.

3. നിങ്ങളുടെ ഭാവനയിൽപ്പോലും പ്രതിബന്ധങ്ങൾ പടുത്തുയർത്താതിരിക്കുക. ഏതു പ്രതി ബന്ധമായാലും അവയെ ലഘൂകരിച്ചുകാണുക. പ്രതിബന്ധങ്ങളെപ്പറ്റി ശരിയായി പഠിക്കുകയും അവയെ ഫലപ്രദമായി നേരിടുകയും വേണം. ഭയത്തിന്റേതായ ചിന്താഗതികൊണ്ട് അവയെ വലുതായി കാണരുത്.

4. ഭയവിഹ്വലരാകാതിരിക്കുക. നിങ്ങൾ നിങ്ങളുടെ കാര്യത്തിൽ എത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നുവോ, അത്ര കാര്യക്ഷമമായി പ്രവർത്തിക്കുവാൻ മറ്റാർക്കും കഴിയുകയില്ല. പ്രത്യക്ഷത്തിൽ ആത്മവിശ്വാസം കാണിക്കുന്ന പലരും നിങ്ങളെപ്പോലെതന്നെ സംശയാലുക്കളും ഭയവിഹ്വലരുമാണ്.

5. താഴെ കൊടുക്കുന്ന ശക്തിമത്തായ വാക്കുകൾ ദിവസവും പത്തുപ്രാവശ്യം വീതം ആവർത്തിച്ചു പറയുക: 'ദൈവം നമുക്കുവേണ്ടിയാണെങ്കിൽ, നമുക്കെതിരു നിൽക്കുവാൻ ആർക്കു സാധിക്കും?' (വായന നിർത്തിയിട്ട് സാവധാനത്തിലും ആത്മവിശ്വാസത്തോടുകൂടിയും അവ ഇപ്പോൾത്തന്നെ ആവർത്തിച്ചു പറയുക.)

6. സ്വയം മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കുന്ന വേണ്ടത്ര കഴിവുള്ള ഒരു ഉപദേഷ്ടാവിനെ കണ്ടുപിടിക്കുക. പലപ്പോഴും ചെറുപ്പത്തിൽതന്നെ ആരംഭിക്കുന്ന നിങ്ങളുടെ അപകർഷ ബോധത്തിന്റെ ഉത്ഭവത്തെപ്പറ്റി പഠിക്കുക. അവനവനെപ്പറ്റിയുള്ള അറിവ് രോഗശമനത്തിലേക്കു നയിക്കും.

7. എല്ലാ ദിവസവും താഴെ കാണുന്ന വാചകം പത്തുപ്രാവശ്യം വീതം സാധിക്കുമെങ്കിൽ ഉച്ചത്തിൽതന്നെ പറയുക: 'എന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിൽക്കൂടി എനിക്ക് എല്ലാം ചെയ്യുവാൻ സാധിക്കും.' ഈ വാക്കുകൾ ഇപ്പോൾത്തന്നെ ആവർത്തിച്ചു പറയുക. അപകർഷബോധത്തിന് ഏറ്റവും ശക്തിയേറിയ പ്രതിവിധിയാണ് ഈ മാന്ത്രികവാചകം.

8. നിങ്ങളുടെ കഴിവുകളെപ്പറ്റി യഥാർത്ഥമായ ഒരു വിലയിരുത്തൽ നടത്തുക. അതിനുശേഷം അത് പത്തുശതമാനം വർദ്ധിപ്പിക്കുക; അഹംഭാവിയാകാതിരിക്കുക; ആത്മാഭിമാനം വളർത്തിയെടുക്കുക; ദൈവം നിങ്ങൾക്കു തന്നിരിക്കുന്ന കഴിവുകളിൽ വിശ്വസിക്കുക.

9. ദൈവകരങ്ങളിൽ നിങ്ങളെത്തന്നെ അർപ്പിക്കുക. അതിനുവേണ്ടി സ്വയം പറയുക: 'ഞാൻ ദൈവത്തിന്റെ കരങ്ങളിലാണ്.' അതിനുശേഷം നിങ്ങൾക്കാവശ്യമുള്ള എല്ലാ കഴിവുകളും ഇപ്പോൾ കിട്ടുന്നുവെന്നു സങ്കൽപ്പിക്കുക. അത് നിങ്ങളിലേക്ക് ഒഴുകുന്നതായി വിചാരിക്കുക. 'ദൈവരാജ്യം നിങ്ങളിൽത്തന്നെയാണ്' (ലൂക്ക 17:21) എന്നു മനസ്സിലാക്കി ജീവിതാവശ്യങ്ങളെ നേരിടുവാനുള്ള ശക്തി നിങ്ങൾക്കുണ്ടെന്ന് വിശ്വസിക്കുക.

10. ദൈവം കൂടെയുണ്ടെന്നും, യാതൊരു ശക്തിക്കും നിങ്ങളെ തോല്പിക്കുവാൻ സാധിക്കുകയില്ലെന്നും ഓർമ്മപ്പെടുത്തുക. നിങ്ങൾക്ക് ഇപ്പോൾ ദൈവത്തിൽനിന്നും ശക്തി കിട്ടുന്നുണ്ടെന്നും വിശ്വസിക്കുക.

# അനായാസേന കാര്യങ്ങൾ നടത്താം

1. ഗ്രീക്ക് പുരാണത്തിലെ അറ്റ്ലസിന്റെ കഥ നിങ്ങൾ വായിച്ചിട്ടില്ലേ? മെഡുസയിലെ ഗോർഗണിനെ വധിച്ച പെഴ്സിയൂസ് ലോകമെങ്ങും പറന്നു നടന്നു. ഒരു രാത്രിയിൽ അദ്ദേഹം സൂര്യൻ അസ്തമിക്കുന്ന ഭൂഗോളത്തിന്റെ പടിഞ്ഞാറേ അതിർത്തിയിലെത്തി. അത് അറ്റ്ലസ് രാജാവിന്റെ ഭരണത്തിലായിരുന്നു. അന്നു രാത്രി അവിടെ ചെലവഴിക്കുവാൻ വേണ്ടി പെഴ്സിയൂസ് അറ്റ്ലസ് രാജാവിനോട് അനുവാദം ചോദിച്ചു. എങ്കിലും രാജാവിന്റെ ഒരു മകൻ അറ്റ്ലസിന്റെ സ്വർണ്ണംകൊണ്ടുണ്ടാക്കിയ ആപ്പിളുകൾ മോഷ്ടിച്ചുകൊണ്ടു പോകുമെന്ന് അറ്റ്ലസിനു മുന്നറിയിപ്പുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം പെഴ്സിയൂസിനോട് ദൂരെ പൊയ്ക്കൊള്ളാൻ പറഞ്ഞു.

താനുമായുള്ള സ്നേഹബന്ധത്തിന് അത്രയേ വിലമതിക്കുന്നുള്ളൂവെങ്കിൽ ഒരു സമ്മാനം സ്വീകരിക്കുവാൻ കനിഞ്ഞനുഗ്രഹിക്കണമെന്ന് പെഴ്സിയൂസ് യാചിച്ചു. എന്നിട്ട് തന്റെ മുഖം തിരിച്ചുകൊണ്ട് അദ്ദേഹം ഒരു ചാക്കിൽ കൊണ്ടുനടന്നിരുന്ന ഗോർഗോണിന്റെ തലയുയർത്തിക്കാണിച്ചു. അതു കണ്ട മാത്രയിൽ അറ്റ്ലസ് ഒരു കല്ലായി രൂപാന്തരപ്പെട്ടു. അദ്ദേഹത്തിന്റെ താടിയും തലമുടിയും വനമായി മാറി; കൈകളും തോളുകളും കിഴക്കാംതൂക്കായ ഭാഗത്തിന്റെയും തല ഉച്ചിയുടെയും രൂപമെടുത്തു; എല്ലുകൾ പാറക്കഷണങ്ങളായും മാറി. ഓരോ അവയവവും വലുതായിക്കൊണ്ടിരുന്നു. അങ്ങനെ അവസാനം അവനൊരു പർവ്വതമായി. ആകാശം അതിന്റെ എല്ലാ നക്ഷത്രങ്ങളോടുംകൂടി അവന്റെ തോളുകളിൽ വിശ്രമിക്കുകയും ചെയ്യുന്നു. ആകാശങ്ങളുടെ ഭാരം ചുമക്കുന്ന അറ്റ്ലസാണു നിങ്ങൾ എന്ന് വിചാരിക്കേണ്ടതില്ല. വളരെ കൂടുതൽ കഠിനാദ്ധ്വാനം ചെയ്യാതിരിക്കുക; അനാവശ്യമായ ഗൗരവം വേണ്ടെന്നു വയ്ക്കുക.

2. സ്വന്തം ജോലി ഇഷ്ടപ്പെടുമെന്നു തീരുമാനിക്കുക. നിങ്ങളെത്തന്നെ നിങ്ങളുടെ ജോലിയോട് ഇഷ്ടമുള്ളവനാക്കുക; നിങ്ങൾക്കതു സാധിക്കും. നിങ്ങൾ എന്തു തന്നെയാണ് ചെയ്യുന്നതെങ്കിലും ഇഷ്ടമില്ലാത്ത വിഷയം പഠിക്കുകയാണെങ്കിലും അച്ഛനുവേണ്ടി പുല്ലരിയുകയാണെങ്കിലും അമ്മ ആവശ്യപ്പെട്ടിട്ട് എന്തെങ്കിലും കാര്യത്തിനുവേണ്ടി പോവുകയാണെങ്കിലും-അതൊരു തമാശയാണെന്ന് മനസ്സിൽ തീരുമാനിക്കുക. അതിൽ രസം കണ്ടെത്തുക. രസത്തിനു വേണ്ടി നിങ്ങൾ നോക്കുകയാണെങ്കിൽ അതവിടെയുണ്ടാകും. ഒരുപക്ഷേ നിങ്ങൾ പുരാതന ഗ്രീസിന്റെ ചരിത്രം പഠിക്കുകയായിരിക്കും. അത് നിങ്ങൾക്ക് ബോറടിക്കുന്നുണ്ടാവും. പഴയ ഗ്രീക്കുകാരെപ്പറ്റി കിട്ടുന്നതു മുഴുവൻ വായിക്കുക; അവരുടെ നാടകങ്ങൾ വായിക്കുക. ഗ്രീക്കുപുരാണത്തിൽ അറ്റ്ലസിനെപ്പോലുള്ളവരുടെ കഥകൾ വായിക്കുക. ദേവന്മാരുടേയും ദേവിമാരുടെയും ധീരന്മാരുടെയും മനുഷ്യരുടെയും ആ അദ്ഭുത കർമ്മങ്ങളിൽ നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ ജീവിതം എന്തായിരിക്കുമെന്ന് നിങ്ങൾ ആലോചിച്ചു നോക്കുക. ഏതെങ്കിലും വിഷയത്തെപ്പറ്റി അറിയുന്തോറും അതിൽ നിങ്ങൾക്കു താൽപര്യമേറുന്നു. വീട്ടിലും പറമ്പിലുമെല്ലാം മുഷിപ്പൻ ജോലി ചെയ്യുവാൻ നിങ്ങൾക്കിഷ്ടമുണ്ടാവുകയില്ല. നിങ്ങളെപ്പോലെതന്നെ നിങ്ങളുടെ അച്ഛനും അമ്മയ്ക്കും അതിൽ താൽപര്യമുണ്ടാവുകയില്ല. നമ്മിൽ പലർക്കും നമുക്കിഷ്ടമില്ലാത്ത ജോലികൾ ചെയ്യേണ്ടതായി വരും. എങ്കിലും അവ ചെയ്യാതിരുന്നാൽ കാര്യങ്ങൾ എത്ര മോശമാകുമെന്നും നമുക്കൂഹിക്കാം. നിങ്ങളുടെ ജോലിയെ ഇഷ്ടപ്പെടുവാൻ സഹായിക്കുന്ന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക.

3. നിങ്ങളുടെ ജോലി ആസൂത്രണം ചെയ്യുക. എന്നിട്ട് ആ ആസൂത്രണത്തിനനുസരിച്ച് പ്രവർത്തിക്കുക. ആസൂത്രണങ്ങൾ മാറ്റിവയ്ക്കൽ, ചെയ്യുവാനിഷ്ടമുള്ള കാര്യങ്ങൾ മാത്രം ചെയ്യൽ, ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഏറ്റവും അവസാനത്തേയ്ക്കുവേണ്ടി നീട്ടിവയ്ക്കൽ -ഇങ്ങനെയാകുമ്പോഴാണ് ഒരാൾക്ക് ചെളിയിൽ മുങ്ങിയതുപോലുള്ള അനുഭവമുണ്ടാകുന്നത്. നിങ്ങളുടെ ദിവസം ആസൂത്രണം ചെയ്യുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമേ വൈകുന്നേരമാകുമ്പോൾ നിങ്ങൾക്കു ചാരിതാർത്ഥ്യമടയാനാവൂ. എനിക്കേറ്റവും താൽപര്യം കുറഞ്ഞ കാര്യം ഏറ്റവുമാദ്യം ചെയ്യുമ്പോൾ മാത്രമാണ് ചെയ്തുതീർക്കണമെന്ന് ഞാൻ തീരുമാനിക്കുന്ന പരിപാടികൾ അവസാനിപ്പിക്കുവാൻ സാധിക്കുമെന്ന് എനിക്കു തോന്നാറുള്ളത്. നിങ്ങൾക്ക് ഗണിതശാസ്ത്രം ഇഷ്ടമാണെന്നും ലത്തീൻഭാഷ പഠിക്കുവാൻ താല്പര്യമില്ലെന്നും വിചാരിക്കുക. ശരിതന്നെ.

ലത്തീൻഭാഷ ആദ്യം പഠിക്കുക. ഒരുപക്ഷേ നിങ്ങൾക്ക് ഇംഗ്ലീഷ് സാഹിത്യം പഠിക്കുവാൻ പ്രയാസമില്ലെന്നും ഫ്രഞ്ചു ഭാഷയോട് അതിയായ വെറുപ്പുണ്ടെന്നും വിചാരിക്കുക. അടുത്ത ദിവസത്തെ പാഠങ്ങൾക്കുള്ള തയ്യാറെടുപ്പ് ഫ്രഞ്ചുഭാഷ പഠിച്ചുകൊണ്ടാരംഭിക്കുക. അങ്ങനെ ഏറ്റവും ഉന്മേഷവാനായിരിക്കുമ്പോഴായിരിക്കും നിങ്ങൾക്കേറ്റവും ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യുന്നത്; അതു തീർന്നു കഴിയുമ്പോൾ മറ്റുള്ളവ എളുപ്പമായിരിക്കും. നിങ്ങൾക്കു വേണ്ടി നിങ്ങൾ സ്വയം കണ്ടു പിടിക്കുന്ന അസാധാരണമായ കാര്യം ഇതായിരിക്കും. നിങ്ങൾ ഫ്രഞ്ചുഭാഷ ഇഷ്ടപ്പെടുവാൻ തുടങ്ങും. കാരണം, നിങ്ങൾ എപ്പോഴും നന്നായി പഠിച്ചിട്ടുണ്ടായിരിക്കും. നാം നന്നായി ചെയ്യുന്ന കാര്യം നാം ഇഷ്ടപ്പെടുന്നു. നിങ്ങൾ ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതുകൊണ്ട് ഇംഗ്ലീഷ് ഭാഷ നന്നായെഴുതുവാൻ സാധിക്കുമെന്നു നിങ്ങൾക്കു വിശ്വാസമുണ്ട്. അതുകൊണ്ട് പഠനം ഫ്രഞ്ചുഭാഷയിലാരംഭിക്കുക.

........................................................................

4. എല്ലാ കാര്യങ്ങളും ഒന്നിച്ചു ചെയ്യുവാൻ ശ്രമിക്കാതിരിക്കുക. നാളത്തേക്ക് പഠിക്കുവാൻ നിങ്ങൾക്ക് നാല് വിഷയങ്ങളുണ്ടെന്ന് വിചാരിക്കുക. നിങ്ങൾ ആദ്യം പഠിക്കുവാൻ തീരുമാനിച്ച വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മറ്റ് മൂന്നു വിഷയങ്ങൾ തൽക്കാലത്തേക്കു മറക്കുകയും ചെയ്യുക. നിങ്ങൾക്കതു മാത്രമേ പഠിക്കുവാനുള്ളുവെന്നു ഭാവിക്കുക. അതുകൊണ്ട് തിരക്കു പിടിക്കേണ്ടതില്ലെന്നും വിചാരിക്കുക. പഠനം പണ്ടത്തെക്കാൾ ഭേദപ്പെട്ട നിലയിൽ മാത്രമല്ല, കൂടുതൽ വേഗതയിലും നടക്കുന്നതു കാണാം. കാരണം, നിങ്ങൾ നിങ്ങളുടെ മനസ്സിന്റെ മുഴുവൻ ഭാഗവും അതിനുവേണ്ടി കൊടുക്കുന്നു. അതല്ലെങ്കിൽ മറ്റു ഭാഗങ്ങൾ നിങ്ങളോടു പറയും: "സ്നേഹിതാ, ഞാൻ തിരക്കിട്ടു പഠിക്കണം; എനിക്കു മറ്റ് മൂന്നു വിഷയങ്ങൾ കൂടി പഠിക്കുവാനുണ്ട്."

നിങ്ങൾക്കറിയാവുന്നതുപോലെ സമയം നീണ്ടുകിടക്കുകയാണ്. രണ്ടു മിനിറ്റുകൾ ഒരേ സ്പെയ്സ് കയ്യടക്കുന്നില്ല; ഒന്നിനുശേഷം ഒന്നായിട്ടാണ് അവ വരുന്നത്. മുൻഗാമി പോകുന്നതിനു മുമ്പ് പിൻഗാമിക്കു പോകുവാൻ സാധിക്കുകയില്ല. സമയമെടുത്തു കാര്യങ്ങൾ ചെയ്യുക. താഴെ കൊടുക്കുന്ന ബൈബിളിലെ ഉപദേശം അനുസരിക്കുക: 'എന്നാൽ ഒരു കാര്യം ഞാൻ ചെയ്യുന്നു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു" (ഫിലി 3:13).

........................................................................

5. ശരിയായ ചിന്താഗതി വളർത്തിയെടുക്കുക. ചെയ്യാനുള്ള ജോലിയുടെ വൈഷമ്യം നിങ്ങൾ അതിനെപ്പറ്റി എങ്ങനെ ചിന്തിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതു വിഷമകരമാകുവാൻ പോവുകയാണെന്ന് നിങ്ങൾ വിചാരിക്കുകയാണെങ്കിൽ അതു വിഷമകരമായിത്തീരുകതന്നെ ചെയ്യും. രാത്രി ഭക്ഷണത്തിനുവേണ്ടി ഒരു കേക്കുണ്ടാക്കണമെന്ന് ഒരു പെൺകുട്ടിയുടെ അമ്മ അവൾക്കു നിർദ്ദേശം നൽകിയിട്ടുണ്ടെന്നിരിക്കട്ടെ. "ഞാൻ ഒരിക്കലും കേക്കുണ്ടാക്കിയിട്ടില്ലെന്ന് അമ്മയ്ക്കറിയാം. അതുണ്ടാക്കുവാൻ പിന്നെ അമ്മ എന്തിനാണെന്നോടു പറയുന്നത്?" എന്നെല്ലാം അവൾ പറയുകയാണെങ്കിൽ അതുണ്ടാക്കാൻ മിക്കവാറും വിഷമമായിരിക്കും. ആ കേക്ക് തിന്നുവാൻ എനിക്കു വിശപ്പുണ്ടാകുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. മറിച്ച്, അവൾ പറയുകയാണെന്ന് വിചാരിക്കുക: "എന്തൊരു രസമാണ്! തന്നത്താൻ കേക്കുണ്ടാക്കുവാൻ അമ്മ എന്നെ അനുവദിച്ചിരിക്കുന്നു. തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാൽ മാത്രം മതി. ആലീസിന്റെ വീട്ടിൽ അവളാണ് മിക്കപ്പോഴും കേക്കുണ്ടാക്കുന്നത്. ആലീസിനതു സാധിക്കുമെങ്കിൽ എനിക്കും സാധിക്കും." ഇങ്ങനെ പറഞ്ഞാൽ അതുണ്ടാക്കുവാൻ നല്ല രസമായിരിക്കും. ആ ചൈതന്യത്തിലുണ്ടാക്കിയ ഏതു കേക്കിന്റെയും ഒരു കഷണം തിന്നുവാൻ ഞാനെന്നും സന്നദ്ധനായിരിക്കും. വിഷമകരമായിരിക്കുമെന്നു വിചാരിച്ചാൽ അതു വിഷമകരമായിത്തീരും; അതെളുപ്പമാണെന്നു വിചാരിച്ചാൽ അത് എളുപ്പമായിരിക്കുകയും ചെയ്യും.

........................................................................

6. ജോലിയിൽ കാര്യക്ഷമത നേടിയെടുക്കുക. ഞാൻ മൂന്നാമത്തെ വിഭാഗത്തിൽ പറഞ്ഞിരിക്കുന്നതു പോലെ നിങ്ങൾ നന്നായി ചെയ്യുവാൻ പഠിക്കുന്ന കാര്യം ചെയ്യുവാനാഗ്രഹിക്കുവാനും നിങ്ങൾ പഠിക്കുന്നു. അത് നിങ്ങൾക്കിഷ്ടമാണോ അല്ലയോ എന്നതിനെപ്പറ്റി ആലോചിക്കുവാൻ മെനക്കെടാതിരിക്കുക; അതു ചെയ്യാതെ രക്ഷപ്പെടുന്നതിനുവേണ്ടി സമയം പാഴാക്കാതിരിക്കുക. അത് ചെയ്തു തുടങ്ങുക. അതിന്റെ ഫല ത്തെപ്പറ്റി നിങ്ങൾക്ക് അഭിമാനമുണ്ടാകത്തക്കവിധം നന്നായി ചെയ്യുവാൻ പഠിക്കുക. ഓർക്കുക: 'വിജ്ഞാന മാണു ശക്തി.'

........................................................................

7. വിശ്രമിക്കുവാൻ പരിശീലിക്കുക. ചെയ്യുവാനുള്ള ജോലി നിങ്ങളെ ഭയപ്പെടുത്തുന്നതാണെങ്കിൽ വിശ്രമിക്കുക. അതു നിങ്ങളെ പ്രക്ഷുബ്ധനാക്കുവാൻ അനുവദിക്കുകയാണെങ്കിൽ ഇരട്ടി വിഷമമായിത്തീരും. ചെയ്യുവാൻ വെറുക്കുന്ന ഒന്നാണെങ്കിലും ചെയ്യണമെന്നു നിങ്ങൾക്കറിയാമെങ്കിൽ ആദ്യം

വിശ്രമിക്കുക. എന്നിട്ട് എത്രയുംവേഗം നിങ്ങളതു ചെയ്തു തുടങ്ങുന്നുവോ അത്ര വേഗം അത് ചെയ്തു തീർക്കുവാൻ സാധിക്കും. പെട്ടെന്നാരംഭിക്കുമ്പോൾ എളുപ്പമായി തോന്നും. അതു ചെയ്തുകൊണ്ടേയിരിക്കുക. ചെയ്യുവാൻ കഴിയുന്ന ഒന്നാണെന്നു നിങ്ങൾക്കുറപ്പില്ലെങ്കിൽ ആദ്യം നിങ്ങൾ വിശ്രമിക്കേണ്ടത് കൂടുതലാവശ്യമാണ്; കാരണം 'അനായാസേന കാര്യങ്ങൾ നടത്താ' മെന്ന തത്ത്വത്തിൽനിന്നു വരുന്ന പ്രത്യേക ശക്തി നിങ്ങൾക്കാവശ്യമായിരിക്കും.

.................................................................

.8. നിങ്ങളെത്തന്നെ ക്രമപ്പെടുത്തുക. നാം നമ്മോടുതന്നെ ചെയ്യുവാൻ പറയുന്ന കാര്യങ്ങൾ ചെയ്തു പരിശീലിക്കുകയെന്ന സ്വഭാവം വളർത്തിയെടുക്കുമ്പോൾ ജീവിതം കൂടുതൽ എളുപ്പമുള്ളതും രസാവഹവുമായിത്തീരും. നിങ്ങളെത്തന്നെ തെന്നിമാറുവാൻ അനുവദിക്കരുത്; നിങ്ങൾക്കിഷ്ടമില്ലാത്ത ജോലി ഒഴിവാക്കുകയുമരുത്. അതു ചെയ്യുക; ചെയ്തു തീർക്കുക. പന്തലിച്ചു നിൽക്കുന്ന ഉങ്ങുവൃക്ഷത്തിനു താഴെയുള്ള ലോംങ് ഫെല്ലോയുടെ കൊല്ലനെപ്പറ്റി നിങ്ങൾ കേട്ടിരിക്കും:

'എന്തിനോ വേണ്ടി പരിശ്രമിച്ചു,
എന്തോ ചെയ്തു.
ഒരു രാത്രിയിലെ വിശ്രമമാർജിച്ചു.'

ചെയ്യുവാനുണ്ടായിരുന്ന ഏതോ ഒരു കാര്യം ചെയ്തില്ലെന്ന വിചാരത്തോടുകൂടി രാത്രി ഉറങ്ങുവാൻ പോകുന്ന ഒരാൾക്ക് തന്നെപ്പറ്റിതന്നെ അഭിമാനം തോന്നുകയില്ല. സ്വയം ശിക്ഷണം കാര്യക്ഷമതയ്ക്കു മാത്രമല്ല, വ്യക്തിപരമായ സംതൃപ്തിക്കും വളരെ ആവശ്യമാണ്.

.................................................................

9. നിരന്തരം പ്രാർത്ഥിക്കുക. എന്നുവച്ചാൽ നിങ്ങൾ ജോലി ചെയ്യുമ്പോഴും പ്രാർത്ഥിക്കണമെന്നു സൂചന. നിങ്ങൾ ഒരു പേജു മറിക്കുമ്പോൾ പറയുക: "ദൈവമേ, ഞാൻ വായിച്ചതു മനസ്സിലാക്കുവാനും അതു വീണ്ടും വായിക്കേണ്ട ആവശ്യമില്ലാതാകുവാനും ദയവായി എന്നെ സഹായിക്കണേ." അല്ലെങ്കിൽ, "ഈ പ്രശ്നത്തിനുള്ള ഉത്തരം തെറ്റാണെങ്കിൽ ദൈവമേ എന്നെ അതിനെപ്പറ്റി അസ്വസ്ഥനാക്കണേ. അങ്ങനെ അതു തെറ്റാണെന്നു ഞാൻ മനസ്സിലാക്കുവാനും അതു വീണ്ടും നോക്കുവാനും തെറ്റു കണ്ടുപിടിക്കുവാനും എനിക്കു സാധിക്കട്ടെ." എല്ലാ കാര്യങ്ങളെപ്പറ്റിയും എപ്പോഴും പ്രാർത്ഥിക്കുക. അതാണ് കാര്യക്ഷമത വളർത്തിയെടുക്കുവാനുള്ള മാർഗം.

.................................................................

10. യേശുക്രിസ്തു നിശ്ചയമായും നിങ്ങളുടെ കാണപ്പെടാത്ത പങ്കാളിയാണെന്ന കാര്യം സ്മരിക്കുക. സഹായിക്കുവാൻ ഉത്സുകനായും തയ്യാറായും അവിടുന്ന് എപ്പോഴും നിങ്ങളുടെ കൂടെയുണ്ട്. അവിടത്തോടു ചോദിക്കുകയും നിങ്ങളുടെ ഹൃദയവും മനസ്സും അവിടുന്നിലേക്കു തുറക്കുകയും മാത്രമാണ് ആവശ്യമായിരിക്കുന്നത്. ഭാരം ക്രിസ്തു ചുമക്കുന്നു. പള്ളികളിലെന്ന പോലെതന്നെ അദ്ദേഹം വിദ്യാലയ മുറിയിലുമുണ്ട്. നിന്നോടു ചെയ്യുവാൻ പറഞ്ഞിരിക്കുന്ന ഗൃഹപാഠങ്ങളെപ്പറ്റി നിനക്കറിയാവുന്നതിനേക്കാൾ കൂടുതൽ ക്രിസ്തുവിനറിയാം. അദ്ദേഹത്തിന്റെ സഹായം തേടുക. അതു നിന്റെ ജോലി എളുപ്പമാക്കിത്തീർക്കും.




അഗസ്റ്റീനിയൻ സഭയിലേക്ക് സ്വാഗതം

Vocation Promoter
St. Augustine's Minor Seminary,
Edacochin, Cochin
Ph: +91 9446525307
+91 9562199380
emmanuelaaosa@gmail.com

# മഹദ് വചനങ്ങൾ മനഃപാഠമാക്കാം

അഗാധമായി നാം സ്നേഹിക്കുന്നതെന്തും നമ്മുടെ ഒരു ഭാഗമായിത്തീരുന്നു. - ഹെലൻ കെല്ലർ

സ്നേഹം തോട്ടങ്ങളിൽ വളരുന്നില്ല. കമ്പോളങ്ങളിൽ വിൽക്കപ്പെടുന്നില്ല. ആത്മസമർപ്പണംകൊണ്ടു മാത്രമേ അതു നേടാൻ കഴിയൂ. - കബീർ

കണ്ണുകൾക്കു കാണാൻ കഴിയാത്തതു സ്നേഹത്തിനു കാണാൻ കഴിയും. കാതുകൾക്കു കേൾക്കാൻ കഴിയാത്തതു സ്നേഹത്തിനു കേൾക്കാൻ കഴിയും. - ലുവേറ്റർ

ആപത്തിൽ മനസ്സലിഞ്ഞു സഹതപിക്കുന്നവൻ ബദ്ധശത്രുവായാലും യഥാർത്ഥ സ്നേഹിതനത്രേ - എമേഴ്സൺ

മിത്രങ്ങളെ തൂക്കി അളന്നറിയാനുള്ള ഏക ത്രാസ് അധഃപതനകാലഘട്ടം ഒന്നു മാത്രമാണ് - പ്ലൂട്ടാർക്ക്

സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു. അനർത്ഥകാലത്ത് അവൻ സഹോദരനായിത്തീരുന്നു - ബൈബിൾ

സ്നേഹിതനോടു മുഖസ്തുതി പറയുന്നവൻ അവന്റെ കാലിനൊരു വല വിരിയ്ക്കുന്നു - ബൈബിൾ

ഏറ്റവും നന്നായി സേവനമനുഷ്ഠിക്കുന്നതാണ് ഏറ്റവും കൂടുതൽ ആദായം ലഭിക്കുന്നത് - ആർതർ ഷെൽസ്

സൗന്ദര്യം സത്യമാണ്. സത്യമാകട്ടെ ദൈവസന്നിധിയിലേക്കുള്ള ഋജുരേഖയും -സോക്രട്ടീസ്

ഹൃദയശുദ്ധിയിലാണ് യഥാർത്ഥ സൗന്ദര്യം സ്ഥിതിചെയ്യുന്നത് - ഗാന്ധിജി

സൗന്ദര്യം സത്യമാണ്, സത്യം സൗന്ദര്യവും-കീറ്റ്സ്

സൗഹൃദം സ്ഥാപിക്കുന്നത് സാവകാശം മതി, എന്നാൽ സ്ഥാപിച്ച സൗഹൃദം ഉറച്ചതാവണം, നീണ്ടു നിൽക്കുന്നതും - സോക്രട്ടീസ്

സംഗീതം മതത്തെ ആധാരമാക്കിയുള്ളതാണ്. ഇപ്പോഴും അത് മതത്തിൽ തന്നെയാണ് വേരൂന്നിയി രിക്കുന്നത്. സംഗീതം നമ്മുടെ കലാസംസ്ക്കാരത്തിന്റെ പ്രധാന അംശമാണ്. - രാജാജി

പ്രേമത്തിന്റെ ആഹാരം സംഗീതമാണ്. - ഷേക്സ്പിയർ

ഒരുവൻ ചെയ്യാനുള്ളതു ചെയ്തു സംതൃപ്തനാവുക. ഫലം എന്തായാലും ലഭിക്കും. - ഗ്രീക്ക് പഴമൊഴി

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ - ബൈബിൾ

ഇല്ലാത്തതിനെപ്പറ്റി വൃഥാ ചിന്തിച്ചു തല പുണ്ണാക്കാതെ ഉള്ളതിനെപ്പറ്റി ചിന്തിക്കുക, അതു പ്രയോജനകര മായിരിക്കും. - ഡോ. ജോൺസൺ

സംഭാഷണത്തിലെ മഹത്തായ ഒരു കലയാണ് മൗനം - ഹാസ്‌ലിറ്റ്

നിശ്ശബ്ദതയും വിനയവും സംഭാഷണത്തിലെ വിലയേറിയ ഗുണങ്ങളാണ്. - മോൺടേൽ

സംസാരിക്കുന്നതിനു മുമ്പ് മൂന്ന് കാര്യങ്ങളോർക്കേണ്ടതുണ്ട് - രീതി, സ്ഥലം, സമയം. - എമേഴ്സൺ

നിങ്ങൾ സംസാരിക്കുന്നതിനെക്കുറിച്ച് ഗാഢമായി ചിന്തിക്കണം. എന്നാൽ ചിന്തിക്കുന്നതെല്ലാം സംസാരി ക്കരുത്. - ബോൺകർ

ബാഹ്യപ്രസ്താവനകളിലൂടെയല്ല കലയിലൂടെയാണ് ഞാൻ സംസാരിക്കുന്നത്. - സത്യജിത്റേ

സംസ്കാര സമ്പന്നർ അപരിചിതരോടും സൗമനസ്യത്തോടെ പെരുമാറുന്നു. - ബേക്കൺ

ലോകത്തിൽ ചിന്തിക്കപ്പെട്ടിട്ടുള്ളതും പറയപ്പെട്ടിട്ടുള്ളതുമായ ഏറ്റവും നല്ലതിനെക്കുറിച്ച് അറിയുകയാണ് സംസ്കാരം. - മാത്യു ആർനോൾഡ്

വിജയത്തിന്റെ ആനന്ദം ആസ്വദിക്കാൻ പരാജയം ആവശ്യമാണ്. - വാൾട്ട് മീറ്റർ

വിജയത്തിലേക്കുള്ള കവാടം എത്രയോ അകലെയാണ്, എല്ലാ പ്രതിബന്ധങ്ങളേയും തരണം ചെയ്തു അവിടെ എത്താൻ കഴിയുന്നവനു മാത്രമേ ആ കവാടം തുറക്കാൻ കഴിയുകയുള്ളൂ. - നെഹ്റു

വിനയം ദ്രുതഗതിയിലുള്ള വിജയത്തിന്റെ താക്കോലാണ്. - ഗാന്ധിജി

.പ്രവർത്തിക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുക. അതിനുശേഷം തളരും വരെ യത്നിക്കുക. വിജയം സുനിശ്ചിതമാണ്. - ബർണാഡ് ഷാ

പരിതസ്ഥിതികളല്ല നമ്മുടെ ജയത്തെ നിജപ്പെടുത്തുന്നത്, ഉത്സാഹമാണ്, വിശ്വാസവും സ്ഥൈര്യവും ഉത്സാഹവുമുള്ള ഒരുവന് അസാദ്ധ്യമായി യാതൊന്നുംതന്നെയില്ല. - മില്ലർ

വിജയം മുൻകൂട്ടി തയ്യാറെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. അങ്ങനെ ഒരു തയ്യാറെടുപ്പില്ലെങ്കിൽ പരിപൂർണ്ണ പരാജയമായിരിക്കും ഫലം. - കൺഫ്യൂഷ്യസ്

വിജയത്തിലേക്കുള്ള വാതിൽ വളരെ ഉയരത്തിലാണ്, മടിയന് അവിടെ എത്താനും അതു തുറക്കാനും വളരെ പ്രയാസമാണ്. - ഫോർബസ്

ശാശ്വതമായ ഏതു നേട്ടത്തിന്റെ പിന്നിലും അതിസാഹസികതയുടെ ഒരു കഥയുണ്ടാകും. - കൂപ്പർ

ജീവിതത്തിൽ വിജയിക്കാതിരിക്കുന്നതിലും മോശമാണ്, വിജയത്തിന് ശ്രമിക്കാതിരിക്കുന്നത് - പഴമൊഴി

വിജയിയാകുവാൻ ശ്രമിക്കുന്നതിനേക്കാൾ നല്ലതാണ് വിലയുള്ളവനാകാൻ ശ്രമിക്കുന്നത് - ഐൻസ്റ്റീൻ

ജീവിതം ഒരു ചെറിയ മെഴുകുതിരിയല്ല. ജ്വലിക്കുന്ന ഒരു ദീപമാണത് - ബർണാഡ് ഷാ

ജീവിതത്തെ സ്നേഹിക്കയോ ദ്വേഷിക്കയോ ചെയ്യരുത്. കിട്ടിയ സമയം നന്നായി ജീവിക്കുക. - മിൽട്ടൺ

ജ്ഞാനിക്കു ജീവിതമൊരു പ്രശ്നമാണ്, വിഡ്ഢിക്കോ, ഒരു പരിഹാരവും - പഴമൊഴി

ജീവിതം ഒരു കളിയാണ്-സമയദൈർഘ്യമല്ല, പിന്നെയോ, അതിന്റെ നിർവ്വഹണമാണ് കാര്യമാക്കേണ്ടത് - സെനക്ക

ജീവിതമാകുന്ന രാത്രിയുടെ അവസാനത്തെ കണ്ണിയാകുന്ന മരണം അനന്തജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ് - വെബ്സ്റ്റർ

ചോദ്യം ചെയ്യപ്പെടാതെയുള്ള ജീവിതം അഭികാമ്യമല്ല. - സോക്രട്ടീസ്

നടന്നുപോകുന്ന ഒരു നിഴൽമാത്രമാണ് ജീവിതം - ഷേക്സ്പിയർ

ജീവിതം ഒരു സമുദ്രവും ഒരു പ്രവാഹവുമത്രേ - അറീലിയസ്

മഹത്തായ മനഃസംസ്കരണത്തിന്റെ ഫലമാണ് കൃതജ്ഞത. സങ്കുചിത ബുദ്ധികളിൽ അതു വിരളമാണ്. - ഡോ. ജോൺസൺ

കൃതജ്ഞത നാം അടച്ചു തീർക്കേണ്ട ഒരു നികുതിയാണ്. എന്നാലത് പ്രതീക്ഷിക്കുവാൻ ആർക്കും അവകാശമില്ല. - റൂസ്സോ

കൃതജ്ഞത ഒരു ഭാരമാണ്. പക്ഷേ എല്ലാ ഭാരവും പിഴുതെറിയേണ്ടതാണ് - ഡൈഡെട്ട്

തന്നെക്കാൾ വളരെ ഉയർന്നുപോയ ആരെയും കൃതജ്ഞതയില്ലാത്തവരെന്ന് ഒരു മനുഷ്യൻ പറയാൻ സാദ്ധ്യതയുണ്ട് - ഡോ. ജോൺസൺ

അധികമാളുകളുടെയും കൃതജ്ഞത വലിയ നേട്ടങ്ങൾ കിട്ടാനുള്ള രഹസ്യമായ ആഗ്രഹമാണ്. - ലാറോചെ ഫൗകാൾഡ്

അവസരം ഒന്നിലധികം തവണ നിങ്ങളുടെ വാതിൽക്കൽ മുട്ടുകയില്ലെന്ന് എപ്പോഴും ഓർക്കുക. - ഷാം ഫോർട്ട്

നന്മയിൽ നിങ്ങളുടെ മാത്സര്യത്തെ അല്ലാഹു നിരീക്ഷിച്ചുകൊണ്ടിരിക്കും. അവന്റെ മാലാഖമാർ നിങ്ങളിൽ അഭിമാനം കൊള്ളും. അതിനാൽ അവനവന്റെ നന്മകൾ അല്ലാഹുവിനു കാണിച്ചുകൊടുക്കുക - മുഹമ്മദു നബി

സമൂഹത്തിന്റെ ഒട്ടാകെയുള്ള നന്മയ്ക്കുവേണ്ടി സാമൂഹിക നിയന്ത്രണങ്ങൾക്കു വഴങ്ങുന്നതു വ്യക്തിയെയും അവൻ അംഗമായ സമൂഹത്തെയും സമ്പന്നമാക്കുന്നു. - മഹാത്മഗാന്ധി

അവസരങ്ങൾ പെട്ടെന്നു മറയുന്നവയാണ്. ആദ്യ ദർശനത്തിൽ തന്നെ അവയെ അവഗണിക്കുന്നതായാൽ പിന്നീടൊരിക്കലും അവയെ കണ്ടില്ലെന്നു വരും. - റസ്കിൻ

അവസരം നിങ്ങളെയന്വേഷിച്ച് ഒരിക്കൽ മാത്രമേ വരൂ. പിന്നീട് നിങ്ങൾ അങ്ങോട്ടു ചെല്ലുകതന്നെ വേണം. - റോബർട്ട് ഹൊച്ച്

അദ്ധ്വാനിക്കുക; നേടുക, നിങ്ങൾ അവസരത്തിന്റെ ചാടിനു ചങ്ങലയിട്ടിരിക്കുന്നു. - എമേഴ്സൺ

അവസരം എപ്പോഴും ബുദ്ധിമാന്റെ പക്ഷം പിടിച്ചു മത്സരിക്കുന്നു. - യൂറിപ്പിഡിസ്

അവസരമെന്നതു ദൈവാധീനത്തിന്റെ കളിപ്പേരാണ് - ഡി കാംഫർട്ട്

ഇഷ്ടമില്ലാതെ നിരാശകൊണ്ടാണെങ്കിലും ഒരാൾ അദ്ധ്വാനിക്കാൻ തയ്യാറാകണം. രസിക്കുന്നതിനേക്കാൾ അദ്ധ്വാനിക്കുന്നതിന് കുറച്ചു പ്രയാസമേ ഉണ്ടാവൂ. - ബോദലയൻ

എന്റെ അച്ഛൻ എന്നെ അദ്ധ്വാനിക്കാൻ പഠിപ്പിച്ചു. പക്ഷേ അതിനെ സ്നേഹിക്കാൻ അദ്ദേഹം എന്നെ പഠിപ്പിച്ചില്ല.- ലിങ്കൺ

അദ്ധ്വാനിക്കുന്നവന്റെ ഉറക്കം മാധുര്യമുള്ളതാണ് - റഷ്യൻ പഴമൊഴി

സത്യസന്ധമായ അദ്ധ്വാനത്തിൽ നിന്നേ അഭിമാനം പൊട്ടിമുളയ്ക്കൂ - ഗ്രോവർ ക്ലീവ്ലൻഡ്

ഉത്സാഹത്തള്ളലോടെ അദ്ധ്വാനിക്കാൻ തയ്യാറാകാത്തവൻ വെടിയേൽക്കാനർഹനാണ് - ബി.സി. ഫോർബെസ്

അദ്ധ്വാനം കൂടാതെ മഹത്തായ ഒന്നും ആരും നേടിയിട്ടില്ല - എമേഴ്സൺ

അദ്ധ്വാനിച്ചിട്ട് പരാജയപ്പെടുകയാണ് ജീവിതം ഉറങ്ങി തീർക്കുന്നതിനേക്കാൾ നന്ന് - ജെറോം കെ. ജെറോം

വൈക്കോലിന് കട്ടിയുണ്ടെങ്കിൽ കൊയ്ത്ത് എളുപ്പമാണ് - അലറിക്

അദ്ധ്വാനശീലരെ മാത്രമേ ഭാഗ്യദേവത കടാക്ഷിക്കുകയുള്ളൂ - ഗോൾഡ് സ്മിത്ത്

സ്വന്തം വിയർപ്പുകൊണ്ടു മാത്രം അപ്പം തേടുന്നതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് - ഗാന്ധിജി

# ആരാധനക്രമം
# അൾത്താരയിലെ പൂജാപാത്രങ്ങൾ

### *കാസ (CHALICE)*

ദിവ്യബലിക്ക് ഉപയോഗിക്കുന്ന കാസയ്ക്ക് ഇംഗ്ലീഷിൽ ചാലീസ് എന്നാണ് പറയുക. ലത്തീൻ പദത്തിൽനിന്നും വരുന്ന ഈ വാക്കിന്റെ അർത്ഥം "കോപ്പ" എന്നാണ്. വളരെ വിലപിടിപ്പുള്ള ലോഹം ഉപയോഗിച്ചാണ് കാസ നിർമ്മിക്കുന്നത്. അൾത്താരയിൽ ഉപയോഗിക്കുന്ന പൂജാപാത്രങ്ങളിൽ ഏറ്റവും കൂടുതൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് കാസ. കാഴ്ചവയ്പിനു ശേഷം പുരോഹിതൻ അൾത്താര ഒരുക്കുമ്പോൾ അൾത്താര ശുശ്രൂഷകൻ ഏറ്റവും ആദ്യം ബലിപീഠത്തിൽ വയ്ക്കേണ്ട പൂജാപാത്രമാണ് കാസ.

### *പ്യൂരിഫിക്കേറ്റർ* (PURIFICATOR)

കാസയുടെ മുകളിൽ നെടുകെ ഇടുന്ന ടവ്വലിന്റെ രൂപത്തിലുള്ള വെളുത്ത തുണിയെയാണ് പ്യൂരിഫിക്കേറ്റർ എന്നു പറയുന്നത്. സാധാരണ നീളത്തിൽ മൂന്നാക്കി മടക്കിയാണ് പ്യൂരിഫിക്കേറ്റർ ഉപയോഗിക്കുന്നത്. കാസ വൃത്തിയാക്കുന്നതിനും തുടക്കുന്നതിനും പ്യൂരിഫിക്കേറ്റർ ഉപയോഗിക്കുന്നു.

### *കോർപോറൽ* (CORPORAL)

തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്യുന്ന സമയത്ത് ബലിപീഠത്തിനു മുകളിൽ വിരിക്കുന്ന ചതുരാകൃതി യിലുള്ള വെളുത്ത തുണിയാണ് കോർപോറൽ എന്ന പേരിൽ അറിയപ്പെടുന്നത്. കോർപോറലിനു മുകളിലാണ് കാസയും സിസോറിയവും പാറ്റേണും പുരോഹിതൻ ദിവ്യബലി അർപ്പിക്കുന്ന സമയത്ത് വയ്ക്കുന്നത്.

### *പാൾ* (PALL)

കാസ മൂടാൻ ഉപയോഗിക്കുന്ന ചതുരാകൃതിയിലുള്ള മൂടിയാണ് പാൾ എന്ന് വിളിക്കുന്നത്. ദിവ്യബലി യർപ്പിക്കുന്ന സമയത്ത് കാസയിലുള്ള വീഞ്ഞിൽ പ്രാണികളോ പൊടിയോ വീഴാതെ സൂക്ഷിക്കുന്നതിനാണ് പാൾ ഉപയോഗിച്ച് മൂടി വയ്ക്കുന്നത്. ആദ്യകാലത്ത് തുണികൊണ്ട് തയ്യാറാക്കിയിട്ടുള്ള പാളാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ പ്ലാസ്റ്റിക്കു കൊണ്ട് നിർമ്മിച്ച വിവിധ നിറങ്ങളിലുള്ള പാൾ ഉപയോഗിക്കുന്നു.

### *പാറ്റേൺ* (PATEN)

ദിവ്യബലി അർപ്പണ സമയത്ത് വൈദികൻ ഉപയോഗിക്കുന്ന വലിയ ഓസ്തി വയ്ക്കുവാനുള്ള ചെറിയ പാത്രത്തിനാണ് പാറ്റേൺ അഥവാ തളിക എന്നു പറയുന്നത്. ആദ്യകാലങ്ങളിൽ സ്വർണ്ണം പൂശിയ തളികയാണ് ഉപയോഗിച്ചിരുന്നത്. പാറ്റേൺ നിർമ്മിക്കുന്നത് സഭയുടെ ആരാധനക്രമനിയമം അനുസരിച്ചാ യിരിക്കണം. ഗ്ലാസിന്റെയോ മരത്തിന്റെയോ പാറ്റേൺ ഉപയോഗിക്കാൻ അനുവദനീയമല്ല. ദിവ്യകാരുണ്യം നൽകുന്ന സമയത്ത് അൾത്താരശുശ്രൂഷകർ തിരുവോസ്തി താഴെ വീഴാതെ സംരക്ഷിക്കുന്ന പ്ലെയിറ്റിനും പാറ്റേൺ എന്നാണ് ഔദ്യോഗിക നാമം.

### *സിബോറിയം* (CIBORIUM)

ജനങ്ങൾക്ക് സ്വീകരിക്കുവാനുള്ള ചെറിയ ഓസ്തികൾ വയ്ക്കുന്ന പാത്രമാണ് കുസ്തോതി അഥവാ സിബോറിയം. കുസ്തോദിയ എന്ന ലത്തീൻ പദത്തിൽ നിന്നാണ് കുസ്തോദി രൂപപ്പെട്ടത്. കാത്തുസൂക്ഷിക്കൽ എന്നാണ് ഈ പദത്തിന്റെ അർത്ഥം. സ്വർണ്ണം പൂശിയതോ വെള്ളി പൂശിയതോ ആയ പാത്രങ്ങളാണ് സാധാരണ സിബോറിയമായി ഉപയോഗി ക്കുന്നത്. വെള്ളികൊണ്ടുള്ള ചെറിയ പെട്ടികളിലാണ് ദിവ്യകാരുണ്യം ആദ്യകാലഘട്ട ങ്ങളിൽ സൂക്ഷിച്ചു വച്ചിരുന്നത്. അവയാണ് പിന്നീട് കുസ്തോദി യായി രൂപപ്പെട്ടത്.

### *അരുളിക്ക* (MONSTRANCE)

പരിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചു വയ്ക്കുന്ന പൂജാപാത്രമാണ് അരുളിക്ക. അരുളിക്കയിൽ പരിശുദ്ധ കുർബാന പ്രതിഷ്ഠിച്ചാണ് നാം ആരാധന നടത്തുന്നത്. ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തുമ്പോഴും പരിശുദ്ധ കുർബാന അരുളിക്കയിൽ വച്ചാണ് സംവഹിക്കുന്നത്.

### *ധൂപകുറ്റി* (THURIBLE)

തിരുക്കർമ്മങ്ങളുടെ ധൂപാർച്ചനയ്ക്ക് ഉപയോഗിക്കുന്ന ധൂപ പാത്രമാണ് ധൂപകുറ്റി. ധൂപ കുറ്റിയിൽ എരിയുന്ന തീയിലേക്ക് കുന്തിരിക്കം ഇട്ടാണ് ധൂപമുണ്ടാ ക്കുന്നത്. ഇങ്ങനെ ഇടാനുള്ള കുന്തിരിക്കം സൂക്ഷിക്കുന്ന പാത്രത്തെ കപ്പൽ എന്നാണ് പറയുന്നത്. ചെറുകപ്പലിന്റെ രൂപമുള്ളതുകൊണ്ടാണ് ഇതിനെ കപ്പൽ എന്നു വിളിക്കുന്നത്.

### ക്രൂവെറ്റ്സ് (CRUVETS)

വിശുദ്ധ കുർബാനയിൽ വെള്ളവും വീഞ്ഞും വയ്ക്കാനുപയോഗിക്കുന്ന പാത്രങ്ങളാണിത്. വീഞ്ഞിൽ വെള്ളം ചേർക്കാനുപ യോഗിക്കുന്ന ചെറിയ സ്പൂണും ഇതിന്റെ ഭാഗമാണ്. ചില ക്രൂവെറ്റ്സ് മുകളിൽ 'A' എന്നും 'V' എന്നും എഴുതി വയ്ക്കുന്നത് കാണാം. 'A' എന്നത് വെള്ളം സൂക്ഷിക്കാൻ ഉപയോഗിക്കു ന്നതും 'V' എന്നത് വീഞ്ഞ് സൂക്ഷിക്കുവാനുമാണ്. ലത്തീൻ പദങ്ങളിൽ Aqua വെള്ളം. Vinum വീഞ്ഞ് എന്നിവയുടെ ആദ്യ അക്ഷരങ്ങളാണവ.

### *പിക്സ്* (PYX)

രോഗികൾക്ക് ദിവ്യകാരുണ്യം നൽകാൻ ഉപയോഗിക്കുന്ന ചെറിയ ദിവ്യകാരുണ്യ ചെപ്പാണിത്. ചെറിയ പെട്ടി എന്നർത്ഥമുള്ള ഗ്രീക്ക് പദത്തിൽനിന്നാണ് പിക്സ് എന്ന പദം രൂപപ്പെട്ടിട്ടുള്ളത്.

### *സ്പ്രിംഗ്ളർ* (SPRINKLER)

പരിശുദ്ധ ജലം ജനങ്ങളുടെ മേലും, വസ്തുക്കളുടെ മേലും തളിക്കാനുപയോഗിക്കുന്ന കുപ്പി പോലുള്ളതും അറ്റത്ത് ദ്വാരങ്ങളോടുകൂടിയതുമായ പാത്രമാണിത്. ആശീർവദിച്ച് വിശുദ്ധീകരിച്ച ജലം തളിക്കുന്ന സ്ഥലങ്ങൾ പവിത്രമാകുന്നു.

### *പള്ളിമണികൾ*

ദേവാലയത്തിലെ തിരുക്കർമ്മങ്ങളുടെ സമയമറിയിക്കാനും തിരുക്കർമ്മങ്ങളുടെ പ്രധാനഭാഗം അറിയിക്കുവാനും പള്ളിയിലെ വലിയ മണികൾ അടിക്കുന്നു. ദേവാലയത്തിനകത്ത് ദൈവാലയ കർമ്മത്തിന്റെ പ്രധാന കർമ്മങ്ങൾ അറിയിക്കുവാൻ ചെറിയ മണികൾ അടിക്കുന്നു.

# ചരിത്രസ്മൃതി

1892- ഫെബ്രുവരി 1- എറണാകുളത്ത് സെന്റ് ആൽബർട്ട്സ് സ്കൂൾ സ്ഥാപിതമായി

1904- പുണ്യചരിതനായ റമ്പോ മുപ്പച്ചനെന്ന ചാത്യാത്ത് പള്ളിയിൽ വികാരിയായിരുന്ന ഫാ. റുമോൾഡ് റൊമ്പാർഡ് ദിവംഗതനായി.

1558 ഫെബ്രുവരി 4- കൊച്ചി രൂപത ഗോവ അതിരൂപതയ്ക്ക് കീഴിൽ രൂപീകൃതമായി

1986 ഫെബ്രുവരി 8 - വരാപ്പുഴ അതിരൂപതയുടെ മുൻ വികാരി ജനറലായിരുന്ന ചാവറ കുര്യാക്കോസ് അച്ചനെ ജോൺപോൾ രണ്ടാമൻ പാപ്പാ വാഴ്ത്തപ്പെട്ടവനായി ഉയർത്തി

1986 ഫെബ്രുവരി 8 - ഭാരത സന്ദർശനത്തിനെത്തിയ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ പാപ്പ വരാപ്പുഴ അതിമെത്രാസന മന്ദിരത്തിൽ അന്തിയുറങ്ങി.

1956 ഫെബ്രുവരി 11- നിത്യസഹായ മാതാവിന്റെ നൊവേന കത്തീഡ്രലിൽ ആരംഭിച്ചു

1961 ഫെബ്രുവരി 11- മോൺ. അലക്സാണ്ടർ വടക്കുംതലയുടെ നേതൃത്വത്തിൽ ആരംഭിച്ച മരട് Perpectual Succor Mission ഹോസ്പിറ്റലിൽ അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി മെത്രാപ്പോലീത്ത ആശീർവദിച്ചു.

1976 ഫെബ്രുവരി 12- ലൂർദ്ദ് ആശുപത്രിയുടെ രണ്ടാംഘട്ട വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി ഇന്ദിരാഗാന്ധി നിർവഹിച്ചു.

1866 ഫെബ്രുവരി 13 - ഭാരതത്തിൽ ആരംഭിച്ച പ്രഥമ സന്യാസിനി സഭയായ കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സ് (സി.റ്റി.സി) മദർ ഏലീശ്വയാൽ കൂനമ്മാവ് പനമ്പുമഠത്തിൽ സ്ഥാപിതമായി.

1863 ഫെബ്രുവരി 14 - ഡച്ചുകാർ കൊച്ചി പിടിച്ചടക്കിയതുകൊണ്ട് വിദേശ മിഷനറിമാരെ പുറത്താക്കുന്നതിന്റെ ഭാഗമായി മലബാർ വികാരി അപ്പസ്തോലിക്കയായിരുന്ന ജോസഫ് സെബസ്ത്യാനി റോമിലേക്ക് മടങ്ങി.

1
866 ഫെബ്രുവരി 15 - ബർണഡിൻ ബെച്ചിനെല്ലി മെത്രാപ്പോലീത്ത കേരളത്തിൽ ആദ്യമായി 40 മണിക്കൂർ ആരാധന കൂനമ്മാവ് സെന്റ്. ഫിലോമിനാസ് പള്ളിയിൽ നടത്തി.

1
999- ഫാമിലി വെൽഫെയർ സെന്റർ സ്ഥാപിതമായി.

1
995 ഫെബ്രുവരി 17- 1676 ൽ സ്ഥാപിതമായ വല്ലാർപാടം പള്ളിയുടെ പുതിയ ദേവാലയത്തിന്റെ ആശീർവാദകർമ്മം കൊല്ലം കൊച്ചി മെത്രാന്മാരുടെ സഹകാർമ്മികത്വത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത നിർവഹിച്ചു.

1722- ഫെബ്രുവരി 18 - ചരിത്രസ്മൃതി ചാത്യാത്ത് ദൈവാലയത്തിലേക്ക് വിഭൂതി ബുധനാഴ്ച മുതൽ അർണോസ് പാതിരി രചിച്ച പുത്തൻപാന 12 ഭാഗങ്ങളും ആദ്യമായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആലപിച്ചിരുന്നു.

1657 - ഫെബ്രുവരി 22 റോമിൽ നിന്നയച്ച കർമ്മലീത്ത മിഷനറിമാരായ ഫാ. സെബസ്ത്യാനിയും കൂട്ടരും കരമാർഗം മലബാറിലെത്തി.

1984 - ഫെബ്രുവരി 24 ബിഷപ്പ് ആന്റണി തണ്ണിക്കോട്ട് ദിവംഗതനായി. ഫെബ്രുവരി 27 1943- 1900 മുതൽ 1917 വരാപ്പുഴ അതിരൂപതയിൽ സേവനം ചെയ്ത, ഒന്നര വർഷം ചാത്യാത്ത് വികാരിയായിരുന്ന ധന്യൻ ജോൺ വിൻസെന്റ് സ്പെയിനിൽവച്ച് ദിവംഗതനായി.

1997 ഫെബ്രുവരി 28- അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ മെത്രാപ്പോലീത്ത മാനാട്ടുപറമ്പ് ദേവാലയ ആശീർവദിച്ചു.

# കാക്കനാട് സെന്റ് മൈക്കിൾസ് ദേവാലയം - വിശ്വാസ പ്രതീകങ്ങളുടെ കലവറ

പ്രൊഫ. തോമസ് കല്ലറക്കൽ

മഹാനഗരമായി മാറിക്കൊണ്ടിരിക്കുന്ന തൃക്കാക്കരയിലേക്കുള്ള പ്രവേശന കവാടത്തിൽ ദൈവാനുഗ്രഹത്താൽ പൂർത്തീകരിക്കപ്പെടുന്ന മനോഹരമായ നിർമ്മിതിയാണ് മുഖ്യദൂതനായ വി. മിഖായേൽ മാലാഖയുടെ നാമധേയത്തിലുള്ള ഈ നവദേവാലയം.

ഭരണസിരാകേന്ദ്രവും ജില്ലാ തലസ്ഥാനവുമായ തൃക്കാക്കര നഗരിയിലേക്ക്, ഏവരേയും സ്വാഗതം ചെയ്യാനായി ആകാശത്തേക്ക് ഉയർന്ന് സൂര്യപ്രഭയിൽ തിളങ്ങി നിൽക്കുന്ന അഷ്ടമുഖ മാളികയാണ് ആരെയും ആദ്യമായി ആകർഷിക്കുക. പ്രധാന മാളികയായ മണിമാളികയ്ക്ക് ഇരുവശത്തുമായി രണ്ടു മാളികകൾ കൂടി മുൻവശത്തുണ്ട്. പിൻഭാഗത്തും ശില്പചാതുര്യമുള്ള രണ്ടു മാളികകൾ കൂടിയുണ്ട്.

പഴയ ദേവാലയത്തിൽ സ്ഥാപിച്ചിരുന്ന ഒറ്റക്കല്ലിൽ കൊത്തിയ അതിപുരാതനമായ കൽക്കുരിശ് പുതിയ ദേവാലയ കവാടത്തിൽ വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിച്ചിരിക്കുന്ന ചെറുഗോപുരത്തിന്റെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. പല തലമുറകളുടെ വണക്കത്തിന് വിധേയമായ ഈ കുരിശ് നാനാമതസ്ഥരുടെ വിശ്വാസപ്രതീകമാണ്.

പാശ്ചാത്യ വാസ്തു നിർമ്മാണ രീതിയായ ഗോഥിക് ശില്പമാതൃകയാണ് ദേവാലയത്തിനുള്ളത്. സുവിശേഷത്തിലെ അഷ്ടസൗഭാഗ്യങ്ങളുടെ പ്രതീകമായി എട്ടുവട്ടം അഥവാ അഷ്ടമുഖമാണ് ഈ അഞ്ചു മാളികകൾക്കും നൽകിയിരിക്കുന്നത്. പ്രവേശിക്കാനായി ഒൻപതു വാതിലുകൾ ദേവാലയത്തിനുണ്ട്. മുൻവശത്ത് ആനവാതിലിന് ഇരുവശത്തുമായി രണ്ടും, അകത്ത് ഇരുഭാഗത്തുമായി മൂന്നുവീതം ആറു പ്രവേശന കവാടങ്ങളുമുണ്ട്. പ്രധാന കവാടത്തിലെ ശില്പചാതുര്യം നിറഞ്ഞ ഇരു കതകുകളും ബൈബിളിലെ വിശ്വാസ പ്രതീകങ്ങൾ മുഴുവൻ കൊത്തിവച്ചിട്ടുള്ളതാണ്. ബൈബിളിന്റെ മൂലഭാഷയായ ഹീബ്രുവിലും ഗ്രീക്കിലുമുള്ള വാക്യങ്ങളും ചിത്രങ്ങളിലും അവിടെ കാണാം. ഇടതു വാതിൽപ്പാളിയിൽ കൊത്തിവച്ചിട്ടുള്ള പരിശുദ്ധ മാതാവും വലതുപാളിയിൽ കൊത്തിവച്ചിട്ടുള്ള വി. യൗസേപ്പിതാവും, കതകു തുറക്കുമ്പോൾ ദൈവജനത്തെ ഇരുകൈകളും നിവർത്തി അകത്തേക്ക് ഈശോയുടെ മുന്നിലേക്ക് ആനയിക്കുന്നു.

ശില്പകലയിൽ ലോകപ്രസിദ്ധിയാർജ്ജിച്ച ഇറ്റലിയിലെ പാഷൻ സ്റ്റുഡിയോയിലെ പ്രഗദ്ഭരായ ശില്പികൾ ലിൻഡൻ വുഡ് (Tilia Cordata) എന്ന മരത്തിൽ കൊത്തിയുണ്ടാക്കിയതാണ് ക്രൂശിതനായ ക്രിസ്തുവിന്റെ തിരുശരീരം. തദ്ദേശീയരായ ശില്പികൾ മെനഞ്ഞെടുത്ത കൊത്തുപണികളോട് കൂടിയ കുരിശിലാണ് ക്രിസ്തുവിന്റെ ഈ തിരുശരീരം ഉറപ്പിച്ചിരിക്കുന്നത്. അൾത്താരയുടെ ചുവരിൽ സ്ഥാപിച്ച ഈ കുരിശിന്റെ ഇടതുവശത്ത് വിശുദ്ധ മിഖായേൽ മാലാഖയുടേയും വലതുവശത്ത് തിരുക്കുടുംബത്തേയും മനോഹരമായി കൊത്തിവച്ചിട്ടുണ്ട്. അന്ത്യഅത്താഴത്തിന്റെ പ്രതീകമായി ക്രിസ്തുവിന്റെ ഇരുവശത്തുമായി ആറുവീതം പന്ത്രണ്ട് അപ്പസ്തോലന്മാരെയും ചിത്രീകരിക്കുന്നു.

റോം, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിലെ പ്രശസ്ത ദേവാലയങ്ങളിലുള്ള ചില്ലുജാലകങ്ങളോട് കിടപിടിക്കുന്നവയാണ് നമ്മുടെ ദേവാലയത്തിനുള്ള പതിനെട്ടു ജനൽചില്ല് ചിത്രങ്ങൾ മനോഹരമായ സ്റ്റെയിൻഡ് ഗ്ലാസ്സിൽ അതിവിദഗ്ധമായി നിർമ്മിച്ച ഇവ ആരെയും അതിശയിപ്പിക്കുന്നതാണ്. അകത്ത് ഇടതുവശത്തെ ചില്ലുകളിൽ നവവൃന്ദ മാലാഖമാരുടെയും, വലതുവശത്തെ വർണ്ണച്ചില്ലുകളിൽ മംഗളവാർത്ത, ഗദ്സമേൻ തോട്ടം, ഈശോയുടെ ഉത്ഥാനം, സ്വർഗ്ഗാരോഹണം തുടങ്ങിയവയും കാണാം. ദേവാലയത്തിന്റെ മുൻവശത്തുള്ള വലിയ ജനൽച്ചില്ലുകളിൽ, മറ്റു പൗരാണിക ദേവാലയങ്ങളിൽ കണ്ടിട്ടില്ലാത്ത, ചിത്രപ്പണികൾ ആരെയും ആകർഷിക്കുന്നവയാണ്. ഇറ്റാലിയൻ മാർബിൾ ശിലയുടെ കുളിർമയാണ് അകത്തളത്തിനു മുഴുവൻ. ഏഴു കൂദാശകളെ സൂചിപ്പിക്കുന്ന ഏഴു പടവുകൾ കടന്നാണ് വിസ്തൃതമായ അൾത്താരയിലേക്ക് എത്തുന്നത്.

മൂന്നു പ്രാവശ്യം മിഖായേൽ

മാലാഖ പ്രത്യക്ഷപ്പെടുകയും ഒത്തിരി അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത ഇറ്റലിയിലെ ഗർഗാനോ ഗുഹയിൽ നിന്ന് അവിടുത്തെ കർദ്ദിനാൾവഴി ലഭിച്ച തൂവെള്ള 'തിരുശീല' അൾത്താരയോട് ചേർന്ന് സ്ഥാപിച്ചിട്ടുണ്ട്.

ഉൽപത്തി പുസ്തകത്തിലെ യാക്കോബ് കണ്ട സ്വപ്നത്തിലെ ഗോവണിപ്പടികളുടെ പ്രതീകമാണ് നമ്മുടെ ദേവാലയത്തിലെ ഗോവണിപ്പടികളും സൂചിപ്പിക്കുന്നത്. ജപമാലയാകുന്ന ഗോവണിപ്പടികളിലൂടെ പരിശുദ്ധ മാതാവ്, സ്വർഗ്ഗത്തിലേക്ക്, ദൈവത്തിന്റെ പക്കലേക്ക് നമ്മെ നയിക്കുന്നതിന്റെ പ്രതീകമാണ് അഞ്ച് നിലകളുള്ള ടവറിനുള്ളിൽ വരച്ചു ചേർത്തിരിക്കുന്ന ജപമാല രഹസ്യങ്ങളുടെ ഛായാചിത്രങ്ങൾ.

ഈ ലേഖനത്തിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന ഒരുപാട് പ്രത്യേകതകളും സവിശേഷതകളും ഈ ദേവാലയത്തിനുണ്ട്. അവയെല്ലാം നേരിൽ കാണുകതന്നെ വേണം. 2022 മെയ് 5-ാം തീയതി വെഞ്ചരിക്കപ്പെടുന്ന ഈ ദേവാലയം പ്രാർത്ഥിക്കാൻ അണയുന്നവർക്കെല്ലാം ആത്മീയ വളർച്ചയ്ക്കുള്ള ഒരിടമായിരിക്കുമെന്നതിൽ സംശയമില്ല.

*(പ്രൊഫ. തോമസ് കല്ലറക്കൽ എറണാകുളം മഹാരാജാസ് കോളേജിൽ സംസ്കൃത വിഭാഗം മേധാവിയായിരുന്നു.)*






ദിയക്കോണിയ-2022     ശുശ്രൂഷാ സമിതി സംഗമം

വരാപ്പുഴ അതിരൂപതയിലെ എല്ലാ ശുശ്രൂഷാ സമിതികളുടേയും ബി.സി.സി. ഡയറക്ടറേറ്റും അതിനു കീഴിലുള്ള 24 കമ്മീഷനുകളുടേയും സംയുക്തയോഗം ഏപ്രിൽ 09, ശനിയാഴ്ച രാവിലെ 10 മണിക്ക് കച്ചേരിപ്പടി ആശീർഭവൻ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. വരാപ്പുഴ അതിരൂപത ജനറൽ മിനിസ്ട്രി കോ ഓഡിനേറ്ററും, ഫാമിലി കമ്മീഷൻ ഡയറക്ടറുമായ ഫാ. പോൾസൺ സിമേന്തി ഏവർക്കും സ്വാഗതം ആശംസിച്ചു. പ്രസ്തുത സംഗമം വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന സിനഡിന്റെ ഭാഗമായി വിവിധ ശുശ്രൂഷകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇന്നിന്റെ ആവശ്യകത മനസ്സിലാക്കി ഒത്തൊരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നും ഉദ്ഘാടന പ്രസംഗത്തിലൂടെ അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു.അതിരൂപതാ ചാൻസലർ റവ.ഫാ. എബിജിൻ അറക്കൽ ആശംസാ പ്രസംഗത്തിലൂടെ വിവിധ കമ്മീഷനുകൾ അതിരൂപതയുടെ ചാലകശക്തികളാണെന്നും ശുശ്രൂഷാ സമിതികൾ ബഹുമാനപ്പെട്ട വൈദികരും, അല്മായരുമായി നന്നായി മുന്നോട്ടു പോകുന്നുവെന്നും, ഒരു യന്ത്രം നന്നായി പ്രവർത്തിക്കു ന്നതുപോലെ ഏവരുടേയും കൂട്ടായ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകട്ടെയെന്നും ആശംസിച്ചു. അതിരൂപതാ സിനഡ് കോഡിനേറ്റർ റവ.ഫാ. ജോബ് വാഴക്കൂട്ടത്തിൽ വിഷയ വിതരണം നടത്തി. ശേഷം ഓരോ മിനിസ്ട്രികളും ഗ്രൂപ്പുകളായി തിരിഞ്ഞ് സിനഡാത്മക യോഗം നടത്തുകയുണ്ടായി. മാർപാപ്പ ആഹ്വാനം ചെയ്ത സിനഡിന്റെ പങ്കാളിത്തം, കൂട്ടായ്മ, പ്രേഷിതദൗത്യം എന്നീ വിഷയങ്ങൾ ചെയ്യുകയും അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഒരു മണിക്കൂർ ചർച്ചയ്ക്കുശേഷം 7 ശുശ്രൂഷാ സമിതികളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അവതരിപ്പിച്ചു. പങ്കെടുത്ത ഏവർക്കും അജപാലന ശുശ്രൂഷാ സമിതി ഡയറക്ടർ റവ. ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ നന്ദി അർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ സംഗമം സമാപിച്ചു.

## *സി.എൽ.സി.യുടെ 460 വാർഷികം ആിരിച്ചു*

ലോക സി.എൽ.സി സ്ഥാപിത ദിനമായ മാർച്ച് 25-ാം തീയതി വരാപ്പുഴ അതിരൂപത സി.എൽ.സി. പതാക ഉയർത്തിക്കൊണ്ട് ആചരിച്ചു. വരാപ്പുഴ അതിരൂപത സി.എൽ.സി. പ്രസിഡന്റ് തോബിയാസ് കോർണേലി, കേരളാ സംസ്ഥാന സി.എൽ.സി. പ്രസിഡന്റ് ശ്രീ. ഷോബിയും

NEWS

ഡോൺബോസ്കോ റെക്ടർ ഫാ. ഷിബുവും ചേർന്ന് സി.എൽ.സി. പതാക ഉയർത്തി. പ്രാർത്ഥനയിലൂടെ ഉള്ള പ്രവർത്തനവും പഠനവും ആണ് ക്രൈസ്തവ മൂല്യത്തിന്റെ ആഴം വർധിപ്പിക്കുന്നത് എന്ന് മുഖ്യപ്രഭാഷണത്തിൽ ശ്രീ. ഷോബി അഭിപ്രായപ്പെട്ടു. നാമെല്ലാവരും പള്ളിമണികൾ മാത്രം ആവാതെ പള്ളിക്ക് ഉള്ളിലേക്ക് ആളുകളെ കൊണ്ടുവരുന്ന തലമുറയാവണം എന്ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. തോബിയാസ് കോർണേലി ഓർമപ്പെടുത്തി. സംസ്ഥാന ട്രഷറർ ശ്രീ. ബിജിൽ, അതിരൂപതാ വൈസ് പ്രസിഡന്റ് ശ്രീ. അഖിൽ, ട്രഷറർ ശ്രീ. അമൽ മാർട്ടിൻ, സി.എൽ.സി. ഡോൺബോസ്കോ യൂണിറ്റ് ആനിമേറ്റർ ശ്രീമതി. ബിർള തുടങ്ങിയവർ പ്രസംഗിച്ചു. വടുതല ഡോൺബോസ്കോ സി.എൽ.സി. യൂണിറ്റ് ആധിഥേയത്വം വഹിച്ചു.

ലോകസമാധാനത്തിനായി - Via Crucis

ലോകസമാധാനത്തിനായി കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് ഫ്രാൻസിസ് സേവ്യർ കതൃക്കടവ് ദൈവാലയത്തിൽ യുവജനങ്ങൾ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. ഭക്തിനിർഭരമായ കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് കെ.സി.വൈ.എം. ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി നൂറോളം യുവജനങ്ങൾ പങ്കാളികളായി.

*അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.*

എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി CCBI മൈഗ്രന്റ്സ് കമ്മീഷനുമായി സഹകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. എറണാകുളം, വടുതല, പോണേൽ, കൂനമ്മാവ്, എടയാർ ഈ സ്ഥലങ്ങളിൽ നിന്നുള്ള 235 അന്യസംസ്ഥാന തൊഴിലാളികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. മാർച്ച് 25 വെള്ളിയാഴ്ച സംഘടിപ്പിച്ച പരിപാടി ESSS ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് ഉദ്ഘാടനം ചെയ്തു. ശ്രീ. റ്റിറ്റ്സൺ ദേവസി, ശ്രീ. വിപിൻ ജോ എം.ജെ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

*ധൂർത്തും ആർഭാടവും ഒഴിവാക്കി പാവപ്പെട്ടവരെ സഹായിക്കണം ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ*

ഈ കാലഘട്ടത്തിലും സ്വന്തമായി വാസയോഗ്യമായ ഭവനം ഇല്ലാത്ത ആയിരങ്ങൾ നമ്മുടെ സമൂഹ ത്തിൽ ഉണ്ടെന്നുള്ളത് ഏറെ വേദനാജനകമാണെന്നും ധൂർത്തും ആർഭാടവും ഒഴിവാക്കി പാവപ്പെട്ടവരെ സഹായിക്കുവാൻ സമൂഹം മുന്നോട്ട് വരണമെന്നും വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് പറഞ്ഞു. വരാപ്പുഴ അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി



നടപ്പിലാക്കുന്ന ആർച്ച്ബിഷപ്പ്സ് സ്നേഹഭവനം പദ്ധതിയുടെ ഭാഗമായി 40 കുടുംബങ്ങൾക്കുള്ള ധനസഹായം വിതരണംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭവനം ഇല്ലാത്തവരുടെ വേദനയിൽ അവരോടൊപ്പം താനും അതിരൂപതയും പങ്കുചേരുന്നതായും അഭിവന്ദ്യ പിതാവ് പറഞ്ഞു. എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, സിസ്റ്റർ ട്രീസ സിൽജി, ശ്രീ. റ്റിറ്റ്സൺ ദേവസി എന്നിവർ സംസാരിച്ചു.

*സ്വയം സഹായ സംഘങ്ങൾക്ക് വായ്പാ വിതരണം*

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നാഷണൽ മൈനോറിറ്റി ഡെവലപ്മെൻറ് ആന്റ് ഫിനാൻസ് കോർപ്പറേഷന്റെ പങ്കാളിത്തത്തോടെ വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുമായി ചേർന്നുകൊണ്ട് നടപ്പിലാക്കുന്ന വനിതാ സ്വയംസഹായ സംഘങ്ങൾക്കുള്ള സ്വയംതൊഴിൽ വായ്പാ പദ്ധതിയുടെ വിതരണോൽഘാടനം കെ.എസ്.ബി.സി.ഡി.സി. അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ജതിൻ പി.പി. നിർവഹിച്ചു. സുസ്ഥിരമായ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് 14 സ്ത്രീ സ്വയംസഹായ സംഘങ്ങളിൽ നിന്നുള്ള 134 വ്യക്തികൾക്ക് 50 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ചത്. ഇ എസ്. എസ്.എസ് ഡയറക്ടർ ഫാദർ മാർട്ടിൻ അഴിക്കകത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എസ്.എസ്. എസ്. അസിസ്റ്റൻറ് ഡയറക്ടർ ഫാദർ ജിബിൻ ജോർജ് മാതിരപ്പിള്ളി സിസ്റ്റർ ട്രീസ സിൽജി, ശ്രീമതി സീമ റോയ്, ആഷ്മി ഷാജു എന്നിവർ സംസാരിച്ചു.

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മെയ് മാസത്തെ കർമ്മ പരിപാടികൾ

വിവാഹ ഒരുക്ക കോഴ്സ്: 06, 07, 08 20, 21, 22. സമയം: 9 മണി മുതൽ 5 മണിവരെ.

മാതൃവേദി സംഗമം: മെയ് 14, രാവിലെ 10.30 ന്
ഏകസ്ഥരുടെ കൂട്ടായ്മ: മെയ് 19, രാവിലെ 10.30 ന്
അല്മായ കൂട്ടായ്മ: മെയ് 21, ഉച്ചകഴിഞ്ഞ് 3 മണിക്ക്

---



എം.ജി. സർവകലാശാലയിൽ നിന്നും എം. എ. സംസ്കൃതം സ്പെഷ്യൽ സാഹിത്യത്തിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ നിഖിത ദാസൻ, ചിറ്റൂർഹോളി ഫാമിലി ഇടവക തെക്കുംതോടത്ത് ദാസനെയും നിഷിയുടെയും മകളായ നിഖിത bcc 27ലെ അംഗമാണ് .

---



ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് സ് ഓഫ് ഇന്ത്യ (ICIA ) യിൽ നിന്നും സി.എ. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ സന്ദീപ് ജോയ്. ചിറ്റൂർ ഹോളി ഫാമിലി ഇടവക പുട്ടിൽത്തറ പി.ജെ. ജോയിയുടെയും ജെസ്സിയുടെയും മകനാണ്

---



കേരളത്തിൽ നിന്നുള്ള രാജ്യാന്തര മത്സ്യ കയറ്റുമതിയിൽ ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം എന്ന വിഷയത്തിൽ ശ്രീമതി ആശ റെയ്മണ്ട് കൊച്ചി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടി. കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് ഇടവക പാലക്കാപ്പിള്ളി റെയണ്ട് മിന്റേയും ലൈലയുടേയും രണ്ടാമത്തെ പുത്രിയാണ്. സെന്റ് തേരേസാസിലാണ് +2 വരെ പഠിച്ചത്. തുടർന്നു ബാംഗ്ളൂർ സർവ്വകലാശാലയിൽ നിന്ന് ഡിഗ്രിയും, തൃശ്ശിനാപ്പിള്ളിയിലെ പുരാതന ബിഷപ്പ് ഹെബ്ബർ കോളേജിൽ നിന്ന് (ഭാരതീ ദാസൻ സർവ്വകലാശാല) ബയോടെക്നോളജിയിൽ ബിരുദാനന്തര ബിരുദവും, യു.കെ. സ്കോട്ട്ലിലെ അബർട്ടി ഡി സർവ്വകലാശാലയിൽ നിന്ന് ഫുഡ് ബയോ ടെക്നോളജിയിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടുണ്ട്.ഇടക്കൊച്ചി കളപ്പുരക്കൽ ജോസഫ് സേവ്യറിന്റേയും ഡാർളിയുടേയും മകൻ മിഥുൻ (മാനേജർ, മെർസ്ക് ഗ്ലോബൽ ചെന്നൈ ) ആണ് ഭർത്താവ്. മകൻ യോഹാൻ മിഥുൻ.

---

## *ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ*

1. ഹോളി ഫാമിലി ചർച്ച്, സൗത്ത് ചിറ്റൂർ15,000.00
2. നിർമ്മലാംബിക ചർച്ച്, ഇരുമ്പനം 3,000.00
3. കപ്പൂച്ചിൻ ആശ്രമം, പൊന്നുരുന്നി 10,000.00
4. അഗസ്റ്റീനിയൻ സിസ്റ്റേഴ്സ്, തേവര 10,000.00
5. സെന്റ് ജോസഫ് & സെന്റ് ജൂഡ് ചർച്ച്, തേവര 25,000.00

---

ചതു: ആർച്ച് ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതി – ഈ പദ്ധതിയിലേക്കുള്ള ധനസഹായങ്ങൾ ഫെഡറൽ ബാങ്കിന്റെ എറണാകുളം നോർത്ത് ശാഖ 10040100182645 നമ്പർ (കഎട ഈറല എളഞഘ0001004) വഴി നൽകാവുന്നതാണ്.

---

*തിരുത്ത്*

2022 ഏപ്രിൽ ലക്കം ലേഖനം: ചരിത്രസ്മൃതി
1918 ജനുവരി 19: വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത യായിരുന്ന അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെ ജന്മദിനം.

1970 ജനുവരി 21: വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത യായിരുന്ന ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി ദിവംഗതനായി.

2022 ഏപ്രിൽ ലക്കം ലേഖനം: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) എന്ന വിപ്ലവം.

ലേഖനം എഴുതിയത് : ആൻസി സി. എ.
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടർ സയൻസ്
സെന്റ് പോൾസ് കോളേജ്, കളമശ്ശേരി

*മെയ് 1*
*യോഹന്നാൻ 21, 1-9*

തിബേരിയോസ് കടൽ, ഗലീലിക്കടൽ, ഗനേസറത്ത് തടാകം എന്നൊക്കെ അറിയപ്പെടുന്ന കടൽത്തീര മാണ് രംഗം. ലൂക്കായുടെ സുവിശേഷം 5: 1-11 ലെ മീൻപിടുത്തത്തിനും യോഹന്നാന്റെ ഈ വിവരണത്തിനും തമ്മിൽ പല സമാനതകളും വ്യത്യാസങ്ങളുമുണ്ട്. ലൂക്കായിൽ ഇതൊരത്ഭുതമാണ്; യോഹന്നാനിൽ യേശുവിന്റെ ഉയിർപ്പിനെ സ്ഥിരീകരിക്കുന്ന ഒരു സംഭവവും. മീൻപിടുത്തത്തിനു സഹായിച്ച യേശുവിനെ യോഹന്നാൻ കർത്താവായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

വല വലിച്ചുകയറ്റി, മത്സ്യങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നു, യോഹന്നാനിൽ. മത്സ്യങ്ങളുടെ സംഖ്യയെക്കുറിച്ചു പലരും പല അഭിപ്രായങ്ങളും പറയുന്നുണ്ട്. അതിൽ എന്തെങ്കിലും പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

രാത്രി മുഴുവൻ അധ്വാനിച്ചിട്ടും പത്രോസിനും കൂട്ടർക്കും ഒരു മത്സ്യവും കിട്ടിയില്ല. വള്ളത്തിന്റെ വലതുവശത്തു വല വീശാൻ യേശു നിർദ്ദേശിച്ചു. (ലൂക്കായുടെ സുവിശേഷത്തിൽ, ആഴത്തിലേക്കു നീക്കി വലയിറക്ക് എന്നാണ് പറയുന്നത്.) അപ്പോൾ, ധാരാളം മത്സ്യം. മറക്കാതെ മനസ്സിൽ കുറിച്ചുവയ്ക്കേണ്ട പാഠമിതാണ്: നമ്മുടെ അദ്ധ്വാനം ദൈവത്തോടു കൂടിയാകുമ്പോൾ, ഫലവത്താകും. അവനെ കൂടാതെയുള്ളത് ഫലശൂന്യവും.

തീരത്തുനിന്നു നിർദ്ദേശം നല്കിയവനെ ആദ്യം തിരിച്ചറിയുന്നത് യോഹന്നാനാണ്. യേശു സ്നേഹിച്ച ശിഷ്യനാണദ്ദേഹം; യേശുവിനെ സ്നേഹിച്ചവനും. നിഷ്കളങ്കതയും സ്നേഹവും ഒന്നു ചേരുമ്പോൾ മന ക്കണ്ണുകൾക്കു തെളിച്ചമേറും. 'അത് കർത്താവാണ്' എന്നു മനസ്സിലാക്കാൻ യോഹന്നാനു കഴിഞ്ഞത് അതുകൊണ്ടാണ്.

കർത്താവ് പലപ്പോഴും നമ്മുടെ തീരത്ത് വന്നു നില്ക്കാറുണ്ട്. എമ്മാവൂസിലേക്കു പോയ ശിഷ്യരോടുകൂടെയെന്നോണം നമ്മോടൊപ്പം നടക്കാറുണ്ട്. പക്ഷേ, പലപ്പോഴും നാം അവിടുത്തെ തിരിച്ചറിയുന്നില്ല. ദൈവത്തെ തിരിച്ചറിയാൻ പോന്ന പരിശുദ്ധി നമുക്കില്ലെന്നതാവാം കാരണം.

ഈ സംഭവത്തിലെ തുടർന്നുള്ള ഏറ്റവും ഹൃദയസ്പർശിയായ ഭാഗം യേശു ശിഷ്യർക്കു പ്രാതലൊരുക്കുന്നതാണ്. തെല്ലു മുമ്പുവരെ മനസ്സും ശരീരവും തളർന്നവരായിരുന്നു അവർ. യേശുവിന്റെ വാക്കനുസരിച്ച് വല വിരിച്ചപ്പോൾ ധാരാളം മത്സ്യം കിട്ടിയത് അവരെ ഉണർത്തി. ഒരു പ്രഭാതത്തിന്റെ ഉന്മേഷത്തിലേക്ക് അവരുണർന്നു.

യേശു ഒരുക്കിയ പ്രാതലും കൂടിയായപ്പോൾ, മനസ്സിന്റെ തെളിച്ചം പരകോടിയിലെത്തി. അവന് അവരെക്കുറിച്ചുള്ള പരിഗണനയും കരുതലും അവരെ എത്രയേറെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തിരിക്കും! പാപത്തേയും മരണത്തേയും പരാജയപ്പെടുത്തി നിത്യതയിലേക്ക് ഉയിർത്തെഴുന്നേറ്റവൻ തങ്ങൾക്കുവേണ്ടി പ്രാതലൊരുക്കുന്നു! അവർ പിടിച്ച മീൻകൂട്ടി ചുട്ട് അവരെ ആശീർവദിക്കുന്നു. ആദരിക്കുകയും ചെയ്യുന്നു.

*മെയ് 2*
*യോഹന്നാൻ 10, 27-30*

സിറിയാ രാജാവായ അന്തിയോക്കസ് എപ്പിഫാനസ് ബി.സി. 170 കളിൽ യഹൂദമതത്തിനെതിരെ അതിക്രൂരമായ മതപീഡനം തുടങ്ങി. അദ്ദേഹം ജറുസലേം ദേവാലയം അശുദ്ധമാക്കി. ബലിവേദി സേയൂസ്ദേവന് സമർപ്പിച്ച്, അതിൽ ഗ്രീക്കുദേവന്മാർക്കു പന്നിമാംസം ബലിയർപ്പിച്ചു. ബി.സി. 164-ൽ യഹൂദർ ദേവാലയം മോചിപ്പിച്ച് ശുദ്ധികർമ്മം വരുത്തി. ബലിവേദി പുതുക്കിപ്പണിതു. ഈ ശുദ്ധികർമ്മം അനുസ്മരിക്കാനാണ് പ്രതിഷ്ഠയുടെ തിരുനാൾ തുടങ്ങിയത് (1 മക്ക 4:59).

പ്രതിഷ്ഠയുടെ തിരുനാൾ, ദേവാലയശുദ്ധീകരണത്തിന്റെ ഓർമ്മ എന്നീ പേരുകളിൽ ഈ തിരുനാൾ അറിയപ്പെടുന്നു. തിരുനാൾദിവസങ്ങളിൽ ദേവാലയത്തിലും യഹൂദഭവനങ്ങളിലും ദീപാലങ്കാരമുണ്ടായിരുന്നതുകൊണ്ട് പ്രകാശത്തിന്റെ ഉത്സവമെന്നും ഈ തിരുനാൾ അറിയപ്പെട്ടിരുന്നു. ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്ന് യേശു പ്രഖ്യാപിച്ചത് ഈ തിരുനാൾദിനത്തിലാണ്. ഏറെക്കുറെ ഡിസംബർ 25 നോടടുത്ത നാളുകളിലാണ് ഈ തിരുനാൾ വരുന്നത്. ജറൂസലേം ദേവാലയത്തിലെ അനാഗതരുടെ (അന്യമതക്കാർക്കു പ്രവേശനമുള്ള) മണ്ഡപം. അതിന്റെ ഇരുവശത്തും രാജകീയമണ്ഡപവും സോളമന്റെ മണ്ഡപവും. ജനം ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഈ മണ്ഡപങ്ങളിൽ നടക്കുക പതിവായിരുന്നു. റബ്ബിമാർ ശിഷ്യരെ വിശ്വാസകാര്യങ്ങൾ പഠിപ്പിച്ചിരുന്നത് ഇവിടെയാണ്. ഇവിടെ സോളമന്റെ മണ്ഡപത്തിലായിരുന്നു യേശു. തണുപ്പുകാലമായിരുന്നതുകൊണ്ടാണ് അവിടെ നടന്നിരുന്നത് എന്നു സുവിശേഷകൻ. ഈ പശ്ചാത്തലത്തിലാണ് യഹൂദരുമായി യേശുവിന്റെ സംവാദം നടക്കുന്നത്.

യഹൂദർ ചോദിച്ചു: നീ എത്രകാലം

ഞങ്ങളെ സംശയാലുക്കളാക്കി തുടരും? നീ ക്രിസ്തുവാണെങ്കിൽ തുറന്നു പറയുക. ആണെന്നു പറഞ്ഞാൽ അവനിൽ ദൈവദൂഷണം ആരോപിക്കാൻ ഉറച്ചവരും സത്യമറിയാൻ ആത്മാർത്ഥമായി ആഗ്രഹിച്ചവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

എന്നാൽ, യേശു ഈ വസ്തുത എത്രവട്ടം പറഞ്ഞതാണ്! അന്ത്രയോസ് സഹോദരൻ സൈമണോടും (1:41) യേശു സമരിയാക്കാരിയോടും (4:26) അന്ധനായ മനുഷ്യനോടും (9:37) വെളിപ്പെടുത്തിയ സത്യമാണത്. യഹൂദനേതാക്കളോട് അവിടുന്ന് അക്കാര്യം പലപ്രാവശ്യം ആവർത്തിച്ചതും നാമോർക്കുന്നു. വാക്കുകൾ ക്കുപരി പ്രവൃത്തി കൾകൊണ്ട് താൻ ദൈവപുത്ര നാണ്, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണ് എന്ന് സാക്ഷ്യ പ്പെടുത്തുകയും ചെയ്തു. അവിടുന്നു പ്രവർത്തിച്ച ഓരോ അത്ഭുതവും അവന്റെ ദൈവനിയോഗ ത്തിന്റെ തെളിവാ യിരുന്നു. അവനാകട്ടെ പലരും അതു മനസ്സിലാക്കി. എന്നാൽ, നിയമജ്ഞരും ഫരിസേയരും യഹൂദപുരോഹിതരും അത് അംഗീകരിച്ചില്ല.

ആടുകൾ തങ്ങളുടെ ഇടയന്റെ സ്വരം തിരിച്ചറിയുന്നത് ഇസ്രായേൽക്കാരുടെ അനുഭവമാണ്. യേശു പറഞ്ഞു: നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. കാരണം, നിങ്ങൾ എന്റെ ആടുകളല്ല! എങ്കിലും എന്നെ തിരിച്ചറിയുന്നവരുണ്ട്. അവർ എന്നെ അനുഗമിക്കുന്നു. ഞാൻ അവരെ അറിയുന്നു. ഞാൻ അവർക്കു നിത്യജീവൻ നല്കുന്നു. ഒരിക്കലും അവർ നശിച്ചുപോവില്ല. ആരും അവരെ എന്നിൽനിന്നു പിടിച്ചുപറിക്കുകയുമില്ല. അവരെ രക്ഷിക്കാനരുതാത്തവിധം എന്റെ കൈകൾ കുറുകിപ്പോയിട്ടില്ല. അവരെ എനിക്കു തന്നത് എന്റെ പിതാവാണ്. യേശു തന്റെ സത്യം ആവർത്തിക്കുന്നു. പിതാവും ഞാനും ഒന്നാണ്. യഹൂദർക്ക് അക്കാര്യം ചിന്തിക്കാനേ കഴിയുന്നില്ല. മുമ്പൊരിക്കൽ ഇങ്ങനെ പറഞ്ഞപ്പോൾ ദൈവദൂഷണം എന്നു പറഞ്ഞ് അവർ അവനെ കൊല്ലാൻ ശ്രമിച്ചതാണ് (5,18) പിന്നീടൊരിക്കൽ എറിയാൻ കല്ലുകൾ എടുത്തു (8,59) ഇപ്പോഴും അതുതന്നെ സംഭവിക്കുന്നു.

*മെയ് 15,*
*യോഹന്നാൻ 13, 31-35*

.

അന്തിമ അത്താഴത്തിൽ യേശു അപ്പക്കഷണം മുക്കി യൂദാസിനു കൊടുത്തു. അതു സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു! (13:27). യൂദാസ് അപ്പം സ്വീകരിച്ചതു സൂചിപ്പിക്കാതെ തന്നെ സാത്താൻ അയാളിൽ പ്രവേശിച്ചു എന്നു ലൂക്കാ (22:3) പറയുന്നു.

തന്റെ സമയമായിരിക്കുന്നു എന്ന് യേശു അറിഞ്ഞു. ഇപ്പോൾ മുതൽ കാര്യങ്ങൾ അവിടുന്നുതന്നെ മുമ്പോട്ടു നീക്കുന്നു. അവിടുന്നു യൂദാസിനോടു പറഞ്ഞു: നീ ചെയ്യാനിരിക്കുന്നതു വേഗമാകട്ടെ! (13:27). ഈ സംഭാഷണവും ഗത്സെമൻ തോട്ടത്തിലെ പ്രാർത്ഥനയും അവസാനിപ്പിച്ച്, തന്നെ ബന്ധിക്കാൻ വരുന്നവരുടെ അരികിലേക്കു പോകാനും അവൻതന്നെ മുന്നിട്ടിറങ്ങുന്നു (മത്താ 26:46; മർക്കോ 14:42)

അത്താഴമുറിയിൽനിന്ന് യൂദാസ് ഇറങ്ങിപ്പോയി-പുറത്തെ അന്ധകാരത്തിലേക്ക്! അപ്പോൾ, തന്നെ സ്നേഹിച്ച, തനിക്കു സ്വന്തമായിരുന്ന ശിഷ്യരോട് യേശു പറഞ്ഞു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവം അവനെ ഇനിയും മഹത്വപ്പെടുത്തും (13: 32-33). കാരണം, പ്രകാശം അന്ധകാരത്തിനുമേൽ വിജയം വരിക്കുന്ന മണിക്കൂർ എത്തിക്കഴിഞ്ഞു. മനുഷ്യപുത്രൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടാനുള്ള സമയമായിരിക്കുന്നു (8: 28; 12:32).

മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. ഏതൊരു യുദ്ധത്തിലും പരമമായ മഹത്വം മുറിവേല്ക്കാതെ തിരിച്ചുവരുന്നവർക്കല്ല; ജീവൻ സമർപ്പിക്കുന്നവർക്കാണ്; യേശുവിനിതു ജീവൻ സമർപ്പിക്കാനുള്ള മണിക്കൂറാണ്, മഹത്വത്തിന്റെ മണിക്കൂർ.

യേശുവിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു. പിതാവിന്റെ തിരുഹിതത്തിനു പൂർണ്ണമായി വഴങ്ങി, യേശു അവിടുത്തെ മഹത്വപ്പെടുത്തി-കുരിശിലെ മരണത്തോളമെത്തുന്ന അനുസരണമായിരുന്നു. അത് ഏതു പിതാവാണ് മകന്റെ അനുസരണത്തിൽ ആഹ്ലാദിക്കാത്തത്, അഭിമാനിക്കാത്തത്?പിതാവ് യേശുവിനെ ഇനിയും മഹത്വപ്പെടുത്തും. ഉത്ഥാനവും സ്വർഗ്ഗാരോഹണവും നല്കി, തന്റെ വലത്തുഭാഗത്തിരുത്തും. സ്വർഗ്ഗ-ഭൂമി-പാതാളങ്ങളിലെ സകലരും അവന്റെ നാമത്തിനു മുമ്പിൽ മുട്ടുമടക്കും. അവൻ കർത്താവാണെന്ന് എല്ലാ നാവുകളും ഏറ്റുപറയും (ഫിലി 2:9-11)

ഈ വചനങ്ങളിൽ യേശു ശിഷ്യരെ സംബോധന ചെയ്യുന്നത് സ്നേഹവാത്സല്യങ്ങൾ നിറഞ്ഞ ഭാഷയിലാണ്. അവൻ പറഞ്ഞു: ഞാൻ ഇനി അല്പനേരത്തേക്കേ നിങ്ങളോടുകൂടിയുണ്ടാകൂ. അതു കഴിഞ്ഞ് നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ കാണില്ല. ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.

തന്നെ നിരസിച്ച യഹൂദരോടും യേശു ഇങ്ങനെ പറഞ്ഞു: ഞാൻ പോകുന്നതു പിതാവിന്റെ അടുക്കലേക്കാണ്. എന്നെ നിഷേധിക്കുന്നവർക്ക് അവിടെ യെത്തുക സാധ്യമല്ല. സ്വർഗ്ഗ-ഭൂമികൾ തമ്മിലുള്ള അന്തരം വലുതാണ്. അതുപോലെയാണ് യേശുവും യഹൂദരും തമ്മിലുള്ള അകലം (7:32-36; 8:21-24). യേശുവിന്റെ ഹൃദയം ശിഷ്യരോടു യാത്ര പറയുകയാണ്. വേർപാടിന്റെ വേദന അവനെ തളർത്തുന്നു. മക്കളോട് വിടപറഞ്ഞ് മരണത്തിലേക്കു നീങ്ങുന്ന പിതാവിന്റെ ഹൃദയത്തുടിപ്പ് ഈ വാക്കുകളിൽ കേൾക്കാം.

സമാന്തരസുവിശേഷങ്ങൾ ഈ പെസഹാഭക്ഷണത്തെ പരിശുദ്ധ കുർബാനയുടെ പ്രതീകമാക്കുന്നു. യോഹന്നാൻ അങ്ങനെ ചെയ്യുന്നില്ല. ആറാം അദ്ധ്യായ ത്തിൽ അക്കാര്യം അദ്ദേഹം വിശദമായി ചർച്ച ചെയ്തിട്ടുണ്ട് എന്നതുകൊണ്ടാവാം. ഹൃദയങ്ങൾ ഒന്നാകുന്ന ഈ ഭക്ഷണമേശയിൽ, സ്നേഹത്തിന്റെ നിറവുറ്റ പ്രകാശനമുണ്ട്. അതിനെ വികാരതീവ്രതയോടെ അവതരിപ്പിക്കാൻ സുവിശേഷകൻ ശ്രദ്ധിക്കുന്നു.
യേശു പറഞ്ഞു: ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ചെയ്യുക. നിങ്ങൾ പരസ്പരം സ്നേഹിക്കണം. അതുവഴി നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയും. ഇത് നിങ്ങൾക്കുള്ള എന്റെ പുതിയ കല്പന.

*മെയ് 22*
*യോഹന്നാൻ 14, 23-29*

യേശുവിന്റെ ശിഷ്യർ തീർത്തും സാധാരണക്കാ രായിരുന്നു. മൂന്നുകൊല്ലം കൂടെ കൊണ്ടുനടന്ന് തന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും സാക്ഷികളാക്കിയിട്ടും അവന്റെ ഹൃദയം മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞില്ല. അതുവരെ ലോകം കേട്ടിട്ടില്ലാത്ത പുതിയ കാര്യങ്ങ ളാണല്ലോ അവൻ പറഞ്ഞത്. നിയമങ്ങളും പ്രവചനങ്ങളും അവർ മനസ്സിലാക്കിയിരു ന്നതിൽനിന്നു വ്യത്യസ്തമായാണ് യേശു വ്യാഖ്യാനിച്ചതും ജീവിത ത്തിൽ പകർത്തിയതും. അവയൊക്കെ ഉൾക്കൊള്ളാൻ അവരുടെ മനസ്സ് പാകപ്പെട്ടി രുന്നില്ല. അതുകൊണ്ട്, അവൻ പറഞ്ഞു: ബാക്കിയെല്ലാം പരിശുദ്ധാത്മാവു ചെയ്തു കൊള്ളും. പരിശുദ്ധാത്മാവ് അറിവിന്റെ ചൈതന്യമാണല്ലോ (14:26).

യേശു പറഞ്ഞു: 'ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു.' ലോകം തരുന്ന സമാധാനമല്ലത്. പ്രശ്നങ്ങളും പ്രയാസങ്ങളും ഇല്ലാത്ത അവസ്ഥയെയാണ് ലോകം സമാധാനം എന്നു വിശേഷിപ്പിക്കുന്നത്. യേശു തരുന്ന സമാധാനം യാതൊരു സാഹചര്യത്തിലും അസ്വസ്ഥമാകാത്ത മനസ്സിന്റെ സമാധാനമാണ് (14:1). ദുഃഖങ്ങളോ പരാജയങ്ങളോ, ഭീതികളോ സംഘർഷങ്ങളോ കവർന്നെടുക്കാത്ത ശാന്തി. ആഭ്യന്തരമോ ബാഹ്യമോ ആയ യാതൊരു സാഹചര്യത്തിനും നഷ്ടപ്പെടുത്താൻ കഴിയാത്ത സ്വസ്ഥത. മനസ്സ് സമ്പൂർണ്ണമായി ദൈവത്തിൽ അർപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ശാന്തി. ഏശയ്യാ പറയുന്നതുപോലെ സമാധാനത്തിന്റെ രാജാവിൽ (ഏശ 9:6) സന്തർപ്പണം ചെയ്ത മനസ്സിന്റെ ശാന്തി. അപ്പസ്തോലൻ പറയുന്നു: അവൻ നമ്മുടെ സമാധാനമാണ് (എഫേ 2:14). മനസ്സ് ദൈവവുമായി ഉണ്ടാക്കുന്ന ഉടമ്പടിയുടെ ഫലമാണത്. സമാധാനത്തിന്റെ ഒരു ഉടമ്പടി അവരുമായി ഞാനുണ്ടാക്കും. അതു നിത്യമായ ഉടമ്പടിയായിരിക്കും (എസെ 37:26). സങ്കീർത്തകനോടു ചേർന്നു നമുക്കു പ്രാർത്ഥിക്കാം: കർത്താവു തന്റെ ജനത്തിനു സമാധാനം നല്കി അനുഗ്രഹിക്കട്ടെ (സങ്കീ 29:11)

ഞാൻ പിതാവിന്റെ അടുക്കലേക്കു പോകുന്നു (13:33), 14:4); എങ്കിലും വീണ്ടും നിങ്ങളുടെ അടുക്കലേക്കു വരും (14:3,18) മനുഷ്യാവതാര ത്തിലൂടെ വചനം പിതാവിൽനിന്നു ലോകത്തിലേക്കു വന്നു. എങ്കിലും അവിടുന്ന് എന്നും പിതാവുമായി ഗാഢമായ ആത്മൈക്യത്തി ലായിരുന്നു. ഇപ്പോൾ ലോകത്തിൽ നിന്നു പിതാവിങ്കലേക്കു മടങ്ങുന്നു. ലോകസൃഷ്ടിക്കുമുമ്പേ യേശുവിനു പിതാവിനോടുകൂടി ഉണ്ടായിരുന്ന മഹത്വത്തിലേക്ക് (17:5). എല്ലാവരേയും പിതാവുമായി അനുരഞ്ജിപ്പിക്കാനായിരുന്നല്ലോ അവൻ ലോകത്തി ലേക്കു വന്നത്. അക്കാര്യം നിർവഹിച്ച്, പിതാവിങ്കലേക്കു മടങ്ങുന്നതിൽ ശിഷ്യർക്കു സന്തോഷിക്കാം. അവർക്കു സ്ഥലമൊരുക്കാൻ വേണ്ടിക്കൂടിയാണ് അവൻ പോകുന്നത്. ഒരു മുന്നറിയിപ്പിനായാണ് യേശു ഇതു പറയുന്നത്: കാര്യം സംഭവിക്കുമ്പോൾ അവർ പതറാതിരിക്കാൻ.യേശു തുടരുന്നു: ലോകത്തിന്റെ അധികാരി വരുന്നു. അവന് എന്റെമേൽ അധികാരമൊന്നുമില്ല. ഗത്സെമനിൽ തന്നെ ബന്ധിക്കാൻ വന്നവരോട് അവിടുന്ന് പറഞ്ഞതിനു സമാന്തരമാണിത്. ഇതു നിങ്ങളുടെ സമയമാണ്. അന്ധകാരത്തിന്റെ ആധിപത്യത്തിന്റെ സമയം (ലൂക്കാ 22:53). ആർക്കും യേശുവിന്റെമേൽ യാതൊരധികാരവുമില്ല. തിരിച്ചെടുക്കുന്നതിനു വേണ്ടിയാണ് അവിടുന്ന് ജീവൻ സമർപ്പിക്കുന്നത്. ആരും അവനിൽനിന്ന് അതു പിടിച്ചെടുക്കുകയല്ല. സ്വമനസ്സാ സമർപ്പിക്കുകയാണ് (10: 17-18). കുരിശിന്റെ വഴിയേ യേശുവിനെ

പിന്തുടരുമ്പോൾ ഇക്കാര്യം നാം ഓർക്കണം. ഇല്ലെങ്കിൽ, മഹത്തായൊരു വിജയമായിട്ടല്ല, ദയനീയമായൊരു പരാജയമായിട്ടാവും നാം കുരിശിനെ കാണുക.

യേശു ഇടംവലം തിരിയാതെ ഏറെ യാതനാപൂർണ്ണമായ പിതൃഹിതത്തിന്റെ വഴിയിലൂടെ സസന്തോഷം നടക്കുകയാണ്. ജീവനർപ്പിച്ചും പിതാവിനെ സ്നേഹിക്കുന്ന മകന്റെ വഴിയാണത്.

*മെയ് 29*
## *സ്വർഗ്ഗാരോഹണ തിരുനാൾ*
*ലൂക്ക 24, 46-35*

കത്തോലിക്കാസഭയുടെ വിശ്വാസപാരമ്പര്യത്തിൽ പ്രധാനമായും മൂന്നുതരം തിരുനാളുകളാണ് ഉള്ളത്.
1. നമ്മുടെ കർത്താവിന്റെ തിരുനാളുകൾ. 2. പരിശുദ്ധ അമ്മയുടെ തിരുനാളുകൾ.
3 വിശുദ്ധരുടെ തിരുനാളുകൾ. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് കർത്താവിന്റെ തിരുനാളുകൾ. ഇന്ന് കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ നാം ആചരിക്കുന്നു. സ്വർഗീയ ജീവിതത്തെക്കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്ന തിരുനാളാണിത്.

വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്ന വിശ്വാസരഹസ്യങ്ങളിലൊന്നാണ് കർത്താവ് ഉത്ഥാന ത്തിനുശേഷം സ്വർഗത്തിലേക്ക് എഴുന്നള്ളി പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി എന്ന രഹസ്യം. വിശുദ്ധ ലൂക്കാ സുവിശേഷകൻ വളരെ വ്യക്തമായി നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സ്വർഗ്ഗാരോഹണത്തിരുനാൾ നമ്മെ മൂന്നു കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

ഒന്നാമതായി, ഈ ലോകജീവിതത്തിനപ്പുറത്ത് ഉന്നതവും മഹത്വപൂർണവുമായ ഒരു ജീവിതമുണ്ടെന്ന സത്യമാണ്. ഈ സത്യം ഏറ്റുപറഞ്ഞുകൊണ്ടാണ് ഓരോ ക്രിസ്തുശിഷ്യനും ഈ ലോകത്തിൽ ജീവിക്കുന്നതും ജീവിക്കേണ്ടതും. ഈ സത്യത്തെക്കുറിച്ചുള്ള ഓർമ നമുക്ക് നഷ്ടമായാൽ നമ്മുടെ ജീവിതത്തിന്റെ തന്നെ കാഴ്ചപ്പാടുകളും മനോഭാവങ്ങളും ജീവിതശൈലികളും മാറും. ഈ ലോകജീവിതം മാത്രമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഈ ലോകജീവിതത്തെ സുരക്ഷിതവും ധന്യവുമാക്കാൻവേണ്ടി മാത്രം നമ്മൾ പരിശ്രമിച്ചാൽ മതി. കാരണം, മരണാനന്തരജീവിതത്തെക്കുറിച്ചോ, ലോകത്തെക്കുറിച്ചോ ഉള്ള ചിന്ത നമുക്കില്ല. ഭൗതികതയിൽ മാത്രം ഊന്നിക്കൊണ്ടുള്ള ഒരു ജീവിതകാഴ്ചപ്പാടായിരിക്കരുത് ഒരു ക്രിസ്തുശിഷ്യന്റേത്. ഈശോയുടെ ജീവിതദർശനത്തെ സ്വന്തമാക്കേണ്ടവനാണ് ഓരോ ക്രിസ്തുശിഷ്യനും. ആ കാഴ്ചപ്പാടനുസരിച്ച് ഈ സാധാരണലോകത്തിനുമപ്പുറം സ്വർഗീയവും മഹത്വപൂർണ്ണവുമായ ഒരു ജീവിതമുണ്ടെന്ന കാഴ്ചപ്പാടിലാണ് നാം ആഴപ്പെടേണ്ടതും വളരേണ്ടതും.

രണ്ടാമതായി, സ്വർഗത്തിൽ എത്തിച്ചേരുകയാണ് ഓരോ ക്രിസ്തുശിഷ്യന്റെയും ജിവിതലക്ഷ്യം. ഈശോ പറഞ്ഞു: “ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?” (മത്താ 16:26). ഈശോ വീണ്ടും പറഞ്ഞു: “എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങളുണ്ട്. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും” (യോഹ 14: 2-3). യേശുവിന്റെ സ്വർഗത്തിലേക്കുള്ള കടന്നുപോകലാണ് സ്വർഗാ രോഹണ സംഭവം. ഇതൊരോർമ്മപ്പെടുത്തലാണ്. സ്വർഗം പിതാവായ ദൈവത്തിന്റെ ഭവനവും വാസസ്ഥല വുമായാണ് യേശു അവതരിപ്പിക്കുന്നത്. സ്വർഗീയ പിതാവിന്റെ ഭവനമായ സ്വർഗത്തിലെത്തിച്ചേരുകയാണ് നമ്മുടെ ഓരോരുത്തരുടേയും ജീവിതലക്ഷ്യം. അതേ ലക്ഷ്യത്തെക്കുറിച്ച് കൂടുതൽ ബോധ്യപ്പെടാനും ആഴപ്പെടാനും ഈ തിരുനാൾ നമ്മെ സഹായിക്കണം.

മൂന്നാമതായി, നമ്മുടെ ജീവിതലക്ഷ്യമായ സ്വർഗത്തിലെത്തിച്ചേരാനുള്ള മാർഗ്ഗത്തെക്കുറിച്ചാണ്. ഈശോ പറയുന്നു: “ഞാനാണ് വഴിയും സത്യവും ജീവനും; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല” (യോഹ 14:6). അതിനാൽ ഈശോയാണ് സ്വർഗത്തിലേക്കുള്ള വഴി. ആ ഭവനത്തിലേക്ക് ക്രിസ്തുശിഷ്യരായ നമ്മെ ഓരോരുത്തരേയും കൂട്ടിക്കൊണ്ടുപോകാൻ ഈശോ വരുമെന്ന വാഗ്ദാനവും അവൻ നമുക്ക് നല്കിയിട്ടുണ്ട്. നമ്മുടെ മരണത്തിലൂടെയാണ് നമ്മളോരോരുത്തരും സ്വർഗത്തിലേക്ക് കടക്കുന്നത്. പിതാവിന്റെ ഭവനമായ സ്വർഗത്തിലേക്ക് ആരോഹിതനായ ഈശോയുടെ സ്വർഗാരോഹണത്തിരുനാൾ ആചരിക്കുന്ന ഈ ദിവസം ഈ ലോകജീവിതത്തിനപ്പുറം ഉന്നതവും മഹത്വപൂർണ്ണവുമായ ജീവിതമുണ്ടെന്നും ആ ലക്ഷ്യത്തിലെത്തിച്ചേരാൻ യേശു കാണിച്ചുതന്ന വഴിയേ നടക്കണമെന്നും ഈ ദിനം നമ്മെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തീയജീവിതം സ്വർഗോന്മുഖമായ ജീവിതമാണെന്ന ഓർമ്മയും നമ്മിൽ ഉണർത്തണം.

*വചനഭാഗം: യോഹ 2: 1-12*

# *വിരുന്നനുഭവങ്ങളിലെ ദൈവസാന്നിധ്യം*

**ഫാ. ആന്റണി അറക്കൽ**

അടയാളങ്ങളുടെ പുസ്തകം എന്നാണല്ലോ യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്തെ വിശേഷിപ്പിക്കുന്നത്. അതിൽ വിവരിച്ചിരിക്കുന്ന ഏഴ് അടയാളങ്ങളിൽ ആദ്യത്തേതാണ് കാനായിലെ വിവാഹവിരുന്നിൽ സംഭവിക്കുന്നത്. യേശുവിന്റെ തേജസ്സ് വെളിപ്പെടുത്താൻ പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണിതെന്ന് സുവിശേഷകൻ തന്നെ അറിയിക്കുന്നു.
മണവാളന്റെ സ്നേഹിതന്മാർ മണവാട്ടിയെ മണവാളന്റെ ഭവനത്തിലേക്ക് കൊണ്ടുവരികയും മണിയറയിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരു പ്രദക്ഷിണമാണ് യഹൂദരുടെ വിവാഹത്തിലെ സുപ്രധാന കർമ്മം. അതു കഴിഞ്ഞാണ് കല്യാണവിരുന്ന് അഥവാ കല്യാണാത്താഴം. യേശുവിന്റെ കാലയളവിൽ വിവാഹവിരുന്ന് ഏഴ് ദിവസങ്ങളോളം നീളുന്ന ആഘോഷമായിരുന്നു.
യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു എന്ന് നാം വായിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ രണ്ട് പ്രാവശ്യമാണ് മറിയത്തിന്റെ രംഗപ്രവേശം. ഒന്ന്, കാനായിലെ കല്യാണവിരുന്നിലും, രണ്ട്, കുരിശിൻ ചുവട്ടിലും പരസ്യജീവിതത്തിന്റെ ആരംഭത്തിലും അവസാനത്തിലും മറിയം പ്രത്യക്ഷപ്പെടുന്നത് പ്രധാനപ്പെട്ട കാര്യമാണ്. യേശുവിനെ പരസ്യജീവിതത്തിലേക്ക് നയിക്കുന്നതും സ്വർഗ്ഗീയ ദൗത്യത്തിലേക്ക് നയിക്കുന്നതും മറിയമാണ്.
"സ്ത്രീയേ" എന്ന യേശുവിന്റെ അഭിസംബോധന അമ്മയായ മറിയത്തെ വെറുതെ സ്ത്രീയേ എന്നു വിളിക്കുകയായിരുന്നില്ല. ബൈബിളിന്റെ ആദ്യപുസ്തകമായ ഉല്പത്തി പുസ്തകത്തിൽ നാം കാണുന്ന ഹവ്വ എന്ന സ്ത്രീയും അവസാനത്തെ പുസ്തകമായ വെളിപാടിന്റെ പുസ്തകത്തിലെ സർപ്പത്തിന്റെ തലതകർക്കുന്ന സ്ത്രീയും ഉണ്ട്. അങ്ങനെ രക്ഷാകരചരിത്രത്തിലെ ആരംഭം മുതൽ അവസാനംവരെ നിറഞ്ഞുനിൽക്കുന്ന "വേദഗ്രന്ഥത്തിലെ സ്ത്രീത്വ" ത്തെ മറിയത്തിൽ കണ്ട് അത് നമുക്കുമുന്നിൽ അവതരിപ്പിക്കുകയാണ് യേശു.
'എന്റെ സമയം ഇനിയും ആഗതമായിട്ടില്ല' എന്ന യേശുവചനം ദൈവമഹത്വത്തിന്റെ സമയമായ തന്റെ കുരിശുമരണത്തിന്റെ രക്ഷാകരമായ തിരുമണിക്കൂറിനെ സൂചിപ്പിക്കുന്നു. കുരിശിലെ ഈ തേജസ്സ്വീകരണത്തിന്റെ വെളിച്ചത്തിൽ മാത്രമേ മറിയം ആവശ്യപ്പെട്ട കാര്യത്തിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. യേശു ചെയ്യുന്ന "അടയാളത്തിൽ" മഹത്വവത്കരണത്തിന്റെ ആ മണിക്കൂർ നിഴലിക്കുന്നുണ്ട്.
യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു എന്ന് നാം വായിക്കുന്നു. നമ്മുടെ വിവാഹങ്ങൾക്കും വിരുന്നാഘോഷങ്ങൾക്കും യേശുവിനെ നാം ക്ഷണിക്കാറുണ്ടോ? അഥവാ മറ്റൊരു വാക്കിൽ പറഞ്ഞാൽ നമ്മുടെ ആഘോഷാവസരങ്ങളിൽ ദൈവത്തെ നാം കൂടെച്ചേർക്കുമോ അതോ ഒഴിവാക്കുമോ? വിവാഹം, ആദ്യകുർബാന സ്വീകരണം, തിരുനാളാഘോഷങ്ങൾ തുടങ്ങിയ നമ്മുടെ വിവിധ ആഘോഷാവസരങ്ങളിൽ നമ്മുടെ ഒരുക്കവും ശ്രദ്ധയും ഏതു കാര്യങ്ങളിലാണ്. കൂദാശാ സ്വീകരണത്തിന്റെ യഥാർത്ഥ ആത്മീയ ഒരുക്കത്തിനാണോ ഭൗതികാഘോഷങ്ങളുടെ ഒരുക്കത്തിലാണോ നമുക്ക് പ്രാധാന്യം. സ്വർണ്ണം, വസ്ത്രങ്ങൾ, വർണ്ണാലങ്കാരങ്ങൾ, നൃത്താഘോഷങ്ങൾ, ലഹരിപാനീയങ്ങൾ ഇവയിലൊക്കെ അത്രയ്ക്ക് ശ്രദ്ധിക്കുന്ന നമുക്ക് ആഘോഷങ്ങളിൽ ദൈവസാന്നിധ്യം എത്രമാത്രമുണ്ടെന്ന് ചിന്തിക്കാൻ സമയം കിട്ടുന്നുണ്ടോ? ദൈവം മുഖ്യസ്ഥാനത്ത് കൂടെയുണ്ടെങ്കിലേ കുറവുകൾ നിറവുകളാകൂ എന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ടോ?

*ചർച്ചയ്ക്ക്*

1. ക്രൈസ്തവാഘോഷങ്ങൾക്കിടയിൽ കടന്നു കൂടിയിട്ടുള്ള പുതിയ ട്രെൻഡുകൾ ഏവ? അവയിലെ നന്മയും തിന്മയും ഏതൊക്കെയാണ്?

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകളുടെയും പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004